# താമരമൊട്ടുകൾ

വാല്യം 27 | മാർച്ച് 2025 | ലക്കം 03 | Price ₹20



താമരശ്ശേരി രൂപതാ ബുള്ളറ്റിൻ

# Bishop's Programme

## March 2025

| | | |
|---|---|---|
| 01 | 06.30 | Kulathuvayal |
| | 10.00 | Thamarassery |
| 02 | | Malaparambu |
| 04 | 10.00 | Thamarassery |
| 05 | 09.00 | Karuvarakundu |
| 06 | 09.00 | Perinthalmanna |
| 07 | 06.30 | PMOC |
| 08 | 10.00 | Thamarassery |
| 09 | | East Hill |
| 10 | 10.00 | Kodanchery |
| | 16.00 | Thamarassery |
| 11 | 09.30 | Thamarassery |
| | 16.00 | Koodathai |
| 12 | 09.00 | Malapuram |
| 13 - 14 | | Paropady |
| 15 | 06.30 | Ambayathode |
| | 10.30 | Thamarassery |
| 16 | | Chathankottunada |
| 17 | 09.00 | Thottumukkam |
| 18 | 09.00 | Kodanchery |
| 19 | 09.00 | Koomamkulam |
| | 18.30 | Kozhikode |
| 20 - 21 | | Thiruvambady |
| 22 | | Office Day |
| 23 | | Karingad |
| | 16.00 | Manjakunnu |
| 24 | 09.00 | Koorachundu |
| 25 | 09.00 | Maruthomkara |
| 26 | 09.00 | Vilangad |
| 27 | 08.00 | Thamarassery |
| 28 | 17.00 | Chappenthottam |
| 29 - 30 | | Vettilappara |
| 31 | 10.00 | Thamarassery |

വാല്യം 27 താമരമൊട്ടുകൾ മാർച്ച് 2025 ലക്കം 03

# താമരമൊട്ടുകൾ


(താമരശ്ശേരി രൂപതാ ബുള്ളറ്റിൻ)



"നീ ഗർഭം ധരിച്ച് ഒരു പുത്രനെ പ്രസവിക്കും. '

(ലൂക്ക 1:33)

# അഭിനന്ദനങ്ങൾ.... ആശംസകൾ....



**MSFS സന്യാസ സമൂഹത്തിന്റെ സുപ്പീരിയർ ജനറലായി തെരഞ്ഞെടുക്കപ്പെട്ട, താമരശ്ശേരി രൂപത, വേനപ്പാറ ഇടവകാംഗമായ വെരി. റവ. ഫാ. ജോൺസൺ കല്ലിടുക്കലിന് താമരശ്ശേരി രൂപതയുടെ**

**പ്രാർത്ഥനാശംസകൾ!**

# ഇതളുകൾ വിരിയുമ്പോൾ


| | | |
|---|---|---|
| 1. | ആശംസകൾ | 147 |
| 2. | പ്രോഗ്രാം മാർച്ച് 2025 | 149 |
| 3. | ഇടയലേഖനം 01/2025 | 150 |
| 4. | സർക്കുലർ 03/2025 | 157 |
| 5. | മദ്യ-ലഹരിവിരുദ്ധ ഞായർ | 161 |
| 6. | രോഗീദിനസന്ദേശം | 164 |
| 7. | സർക്കുലർ 02/2025 | 168 |
| 8. | കച്ചേരിക്കാര്യം | 170 |
| 9. | നാല്പതുമണി ആരാധന | 174 |
| 10. | ആദരാഞ്ജലികൾ | 175 |
| 11. | വിശ്വാസപരിശീലനം | 176 |
| 12. | മദ്ബഹ ശുശ്രൂഷ സംഘം | 180 |
| 13. | വൊക്കേഷൻബ്യൂറോ | 181 |
| 14. | സെമിനാരി വാർത്തകൾ | 182 |
| 15. | ചെറുപുഷ്പ മിഷൻലീഗ് | 183 |
| 16. | വിദ്യഭ്യാസരംഗം | 192 |
| 17. | സ്റ്റാർട്ട് | 188 |
| 18. | അൽഫോൻസ കോളേജ് | 192 |
| 19. | പോപ്പ് ജോൺ പോൾ II ഇൻസ്റ്റിറ്റ്യൂട്ട് | 193 |
| 20. | കെ.സി.വൈ.എം - എസ്.എം.വൈ.എം | 194 |
| 21. | കത്തോലിക്കാ കോൺഗ്രസ് | 195 |
| 22. | കരുണാഭവൻ | 198 |
| 23. | മരിയൻ പ്രോ-ലൈഫ് മൂവ്മെന്റ് | 198 |
| 24. | ഇൻഫാം | 199 |
| 25. | ബഥാനിയ ധ്യാനകേന്ദ്രം | 200 |
| 26. | ലീഡർഷിപ്പ് ഡെവലപ്പിംഗ് സൊസൈറ്റി | 202 |
| 27. | വികസനവേദി | 204 |
| 28. | യേശുനിധി | 207 |
| 29. | അജപാലനക്കുറിപ്പുകൾ | 208 |

# BIRTH DAY Greetings

Rev. Fathers

| | | |
|---|---|---|
| Karottuzhunnalil Jose | March | 1 |
| Panachickal Alex | | 3 |
| Panachipuram Mathew | | 3 |
| Thekkumcherikunnel Mathew | | 3 |
| Oliakattil Joseph | | 4 |
| Purayidathil George | | 5 |
| Thoomkuzhy Dominic | | 6 |
| Nandalath Johnson | | 6 |
| Kunnath Joseph | | 7 |
| Munjanattu Mathew | | 10 |
| Narivelil George | | 10 |
| Thuruthiyil Joseph | | 10 |
| Kothanickal Chacko | | 11 |
| Cheeramattathil Sebastian | | 12 |
| Puthettupadavil Joseph | | 12 |
| Purayidathil Antony | | 13 |
| Njezhukumkattil Mathew | | 14 |
| Cheruvelil Mathew | | 15 |
| Chempukandathil Sebastian | | 16 |
| Mannoor Joseph | | 19 |
| Elamthuruthil Joseph | | 21 |
| Pattaniyil Augustine | | 27 |
| Vadakkedom Jose | | 29 |
| Kalathoor Varghese | | 29 |
| Chemplani Kuriakose | | 31 |

**Mar Remigiose Inchananiyil**

# Feast Day Greetings

## March 19



Rev. Fathers

Alappattukottayil Joseph
Antheenadu Joseph
Aranjaniolickal Joseph (Sr.)
Aranjaniolickal Joseph (Jr.)
Chirakandathil Jose
Chundayil Joseph
Chirathalackal Joseph
Elamthuruthil Joseph
Ezhanikatt Joseph
Edakkattil Joseph
Kalappurackal Joseph
Kalarickal Joseph
Kalathil Joseph
Karottuzhunnalil Jose
Keelath Joseph
Koonanickal Joseph
Kottarathil Joseph
Kunnath Joseph
Kuzhikattumyalil Joseph
Maliyeckal Joseph
Manjakazhakunnel Joseph
Mannancheril Joseph
Mannoor Joseph
Mukaleparambil Joseph
Njavallil Jose
Oliakattil Joseph
Palakattu Joseph
Panthaladickal Joseph
Panthaplackal Joseph
Palliyodil Joseph Christie
Pamplaniyil Joseph
Pennaparambil Jose
Poothakuzhy Joseph
Puthettupadvil Joseph
Puthanpurakkal Joseph
Pulichamakkal Joseph
Thandaparmbil Joseph
Thekkumkattil Joseph
Thuruthiyil Joseph
Vadakkedom Jose
Vadakkel Joseph
Vetukallel Joseph
Vilangupara Joseph

**Mar Remigiose Inchananiyil**

## പ്രോഗ്രാം മാർച്ച് 2025

| | | |
|---|---|---|
| 02 | ഞായർ | അമ്പതുനോമ്പാരംഭം |
| 03 | തിങ്കൾ | വിഭൂതിദിനം |
| 19 | ബുധൻ | വി. യൗസേപ്പിതാവിന്റെ മരണത്തിരുനാൾ |
| 24 | ഞായർ | **ചരമദിനം: ഫാ. ജോർജ്ജ് പരുത്തപ്പാറ (2011)** |
| 25 | ചൊവ്വ | മംഗളവാർത്തത്തിരുനാൾ |
| 26 | ബുധൻ | പാതിനോമ്പ് |
| | | **ചരമദിനം: ഫാ. ജോൺ പനയ്ക്കപ്പിള്ളി (2020)** |
| 29 | ശനി | **ചരമദിനം : ഫാ. സെബാസ്റ്റ്യൻ കാഞ്ഞിരക്കാട്ടുകുന്നേൽ (2018)** |

*ഇടയലേഖനം 01/2025*

# ഇടയലേഖനം
# നോമ്പുകാലം

*കർത്താവിന്റെ ദാസനും ദൈവനിയോഗത്താൽ താമരശ്ശേരി രൂപതയുടെ മെത്രാനുമായ റെമീജിയോസ് ഇഞ്ചനാനിയിൽ തന്റെ രൂപതയിലെ വൈദികർക്കും, സന്യാസിനീ സന്യാസികൾക്കും ദൈവജനത്തിനുമായി എഴുതുന്നത്.*

മിശിഹായിൽ സ്നേഹമുള്ള വൈദികരേ, സമർപ്പിതരേ, പ്രിയപ്പെട്ട സഹോദരി സഹോദരന്മാരേ, വാത്സല്യമുള്ള കുഞ്ഞുമക്കളേ,

അവനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കുന്നതിന് വേണ്ടി തന്റെ ഏകജാതനെ നല്കാൻ തക്കവിധം ഈ ലോകത്തെ അത്രമാത്രം സ്നേഹിച്ച പിതാവായ ദൈവത്തിന്റെ സ്നേഹത്തേയും കരുണയേയും ധ്യാനിക്കുന്ന നോമ്പുകാലത്തിലേക്ക് നാം പ്രവേശിക്കുകയാണ്. കാൽവരിയിലെ ബലിയിലൂടെ മിശിഹാ നമുക്കു നേടിത്തന്ന രക്ഷ ഓരോ വിശ്വാസിയും അനുഭവമാക്കാൻ സഹായിക്കുന്ന അനുതാപത്തിന്റെയും പ്രായശ്ചിത്തത്തിന്റെയും പ്രാർത്ഥനയുടെയും ഉപവാസത്തിന്റെയും അമ്പതു ദിനങ്ങളാണ് സഭാമാതാവ് നമുക്കു നല്കുന്നത്. ഈശോയാകുന്ന പെസഹാരഹസ്യം നമുക്കു പൂർണ മായും വെളിപ്പെടുത്തിതരുന്ന അവിടുത്തെ ഉത്ഥാനം തിരുനാളായി ആഘോഷിക്കുന്നതിനുള്ള ഒരുക്കത്തിന്റെ കാലമാണ് വലിയ നോമ്പ് എന്നറിയപ്പെടുന്ന അമ്പതു നോമ്പുകാലം. ദൈവത്തോടും സഹോദരനോടും തന്നോടുതന്നെയും അനുരഞ്ജനപ്പെട്ടുകൊണ്ട് ഉത്ഥാനാനുഭവത്തിലേക്ക് കടന്നുവരാൻ ഇക്കാലത്ത് സഭ വിശ്വാസികളെ ആഹ്വാനം ചെയ്യുന്നു.

ഈ വർഷത്തെ നോമ്പുകാലം വളരെ പ്രത്യേകതയുള്ളതാണ്. പാരമ്പര്യമനുസരിച്ച് എല്ലാ 25 വർഷങ്ങളിലും മാർപാപ്പ പ്രഖ്യാപിക്കുന്ന മനുഷ്യാവതാരത്തിന്റെ ജൂബിലി ആചരണത്തിലാണ് നാം. വിശുദ്ധ പൗലോസ് അപ്പസ്തോലൻ റോമാക്കാർക്ക് എഴുതിയ ലേഖനത്തിലെ 'പ്രത്യാശ നമ്മെ നിരാശരാക്കുന്നില്ല' എന്ന വചനം (റോമ 5, 5) ആധാരമാക്കി ഓരോ വിശ്വാസിയും പ്രത്യാശയുടെ തീർഥാടകരാകണം എന്ന് മാർപാപ്പ ഉദ്ബോധിപ്പിക്കുന്നു. പ്രത്യാശ ദൈവസ്നേഹത്തിൽ നിന്നാണ്

ഉത്തേവിക്കു ന്നത്. തകർച്ചയുടെ അത്യഗാധത്തിൽ ആയിരുന്ന ധൂർത്തപുത്രനെ തിരികെ ജീവിതത്തിലേക്ക് കൊണ്ടുവരുന്ന പിതാവായ ദൈവത്തിന്റെ കാരുണ്യമാണ് പ്രത്യാശയുടെ അടിസ്ഥാനം. നമ്മുടെ ജീവിതത്തിൽ വെളിച്ചം കൊണ്ടുവരാനും നമ്മെ കൈപിടിച്ചുയർത്താനും കരുണ കൊണ്ട് നിറയ്ക്കാനും മിശിഹാ നമുക്കുവേണ്ടി കാത്തിരിക്കുന്നു എന്ന് ഉദ്ബോധിപ്പിച്ചുകൊണ്ട് പ്രത്യാശയുടെ സന്ദേശം നൽകുന്ന ഈ ജൂബിലി വർഷത്തിൽ 'അവിടുന്ന് നമ്മെ സ്നേഹിച്ചു' എന്ന മനോഹരമായ തലക്കെട്ടോടെ ഒരു ചാക്രികലേഖനം കഴിഞ്ഞ ഒക്ടോബർ മാസത്തിൽ ഫ്രാൻസിസ് മാർപാപ്പ പ്രസിദ്ധീകരിച്ചിട്ടുണ്ട്. "ഞാൻ നിങ്ങളെ അനാഥരായി വിടുകയില്ല, ഞാൻ നിങ്ങളുടെ അടുത്തേക്ക് വരും" (യോഹ 14,18) എന്ന് മരണത്തിനു മുമ്പ് അവിടുന്ന് ശിഷ്യർക്ക് നൽകിയ ഉറപ്പും നമ്മുടെ ജീവിതത്തിൽ സന്നിഹിതനായിരിക്കുവാൻ അവിടുന്ന് എപ്പോഴും ഒരു വഴി കണ്ടെത്തുമെന്നുമുള്ള വിശ്വാസവും അതിന് ഈശോ സഹായിക്കുമെന്നുമുള്ള പ്രത്യാശയുമാണ് നമ്മുടെ ജീവിതത്തെ നയിക്കേണ്ടതെന്ന്, തിരുഹൃദയ ഭക്തി ശക്തിപ്പെടുത്താൻ ലക്ഷ്യം വെച്ചുകൊണ്ടുള്ള ചാക്രികലേഖനത്തിൽ പരി. പിതാവ് പഠിപ്പിക്കുന്നു.

പ്രത്യാശ നാം ദർശിക്കുന്നത് അടയാളങ്ങളിലൂടെയാണ്. ഒന്നാമത്തെ അടയാളം ദൈവ കാരുണ്യാനുഭവമാണ്. ദൈവത്തിന്റെ കരുണ ക്രിസ്തുവിലൂടെയാണ് സവിശേഷമാംവിധം ദൃശ്യമായി തീരുന്നത്. "ദൈവത്തെ ആരും ഒരിക്കലും കണ്ടിട്ടില്ല. പിതാവുമായി ഗാഢബന്ധം പുലർത്തുന്ന ദൈവം തന്നെയായ ഏകജാതനാണ് അവിടുത്തെ വെളിപ്പെടുത്തിയത്" (യോഹ 1,18). ക്രിസ്തുവിന്റെ ശരീരമായ സഭയിലൂടെ, അതായത് നമ്മിൽ ഓരോരുത്തരിലൂടെയും, പിതാവിന്റെ കാരുണ്യം ദൃശ്യമായി തീരുന്നു. എന്നാൽ ശാസ്ത്രത്തിന്റെയും സാങ്കേതിക വിദ്യകളുടെയും അതിവിപുലമായ വികാസം കാരുണ്യമെന്ന പദം ഹൃദയത്തിൽ നിന്ന് അപ്രത്യക്ഷമാകാൻ കാരണമായേക്കാം. 'കരുണയും പിതാവായ ദൈവം എന്ന രഹസ്യവും അമൂർത്തമായ രീതിയിൽ ധ്യാനിച്ചാൽ മാത്രം പോരാ, ആ കരുണയുമായി ഒന്നായി ചേർന്ന് അതിൽ അഭയം പ്രാപിക്കണം എന്ന് വി. ജോൺ പോൾ രണ്ടാമൻ മാർപാപ്പ പഠിപ്പിക്കുന്നു. (DS2) "കരുണയുള്ളവർ ഭാഗ്യവാന്മാർ അവർക്ക് കരുണ ലഭിക്കും" (മത്താ 5,7) എന്ന ഗിരിപ്രഭാഷണത്തിലെമെസയാനിക് സന്ദേശത്തിന്റെ കാതൽ ഉൾക്കൊള്ളാനും ഈനോമ്പുകാലം നമ്മെ ക്ഷണിക്കുന്നു.

പിതാവിൽ നിന്ന് ലഭിക്കേണ്ട സ്വത്ത് ചോദിച്ച് വാങ്ങി അന്യരാജ്യത്തേക്ക് പോയി ധൂർത്തടിച്ച മകൻ ഒരർത്ഥത്തിൽ നാമോരോരുത്തരുടെയും പ്രതീകമാകാം. പൈതൃകമായി കിട്ടിയ വിശ്വാസവും കൃപാവരവും, വീണ്ടുവിചാരമില്ലാതെ ആർഭാടങ്ങൾക്കായി നഷ്ടപ്പെടുത്തിയിട്ടുണ്ടാകാം. ജൂബിലി ആഘോഷത്തിന്റെ മൗലികമായ ഘടകമാണ് തീർത്ഥാടനം. ജീവിതത്തിന്റെ നഷ്ടപ്പെ ട്ടുപോയ മൂല്യങ്ങളിലേക്ക് തിരിച്ചു നടക്കുകയാണ് ധൂർത്തപുത്രൻ. 'ഞാൻ എഴുന്നേറ്റ് എന്റെ പിതാവിന്റെ അടുത്തേക്ക് പോകും'. തന്റെ മൗഢ്യം കൊണ്ട്, പാപം കൊണ്ട്, എത്തിച്ചേർന്ന സങ്കീർണമായ ഭൗതിക സാഹചര്യം, അവന് നഷ്ടപ്പെട്ട മഹത്വത്തെക്കുറിച്ചുള്ളബോധം വീണ്ടെടുക്കാനും ഭവനത്തിലേക്ക് തിരിച്ചു പോകാനും പുത്രൻ എന്ന് അവകാശം ഉപേക്ഷിച്ച് ദാസനെപ്പോലെ സ്വീകരിക്കണമെന്ന് അപേക്ഷിക്കാനും അവനെ നിർബന്ധിക്കുന്നു. അവനുറപ്പുണ്ട് സ്നേഹസമ്പന്നനായ പിതാവിന്റെ കാരുണ്യം തന്നെ കാത്തിരിക്കുന്നുണ്ടെന്ന്. നമുക്കു നഷ്ടപ്പെട്ട പ്രസാദവരം തിരികെ ലഭിക്കാൻ ഈ നോമ്പുകാലത്ത് സഭയോടൊത്ത് നമുക്ക് തീർത്ഥയാത്ര ആരംഭിക്കാം.

പ്രത്യാശയുടെ രണ്ടാമത്തെ അടയാളം സമാധാനത്തി നായുള്ള ദാഹമാണ്. തന്റെ പിതാവും കുടുംബാംഗങ്ങളുമായി യുദ്ധം പ്രഖ്യാപിച്ച് വീട് വിട്ടിറങ്ങിയ ധൂർത്തപുത്രൻ സമാധാനത്തിന്റെ സന്ദേശവുമായി തിരികെയെത്തുന്നു. സമാധാനം സ്ഥാപിക്കുന്നവർ 'ദൈവപുത്രരെന്ന്' വിളിക്കപ്പെടുമെന്ന (മത്താ 5,9) ഈശോയുടെ വചനങ്ങൾ നമുക്ക് ഓർക്കാം. അക്രമത്തിനുംപൈശാചികതയ്ക്കും കീഴടങ്ങുന്നവർ പ്രത്യാഘാതങ്ങളുടെ ആഴം മുമ്പിൽ കാണാതെ വ്യക്തിപരമായ ജീവിതത്തിലും കുടുംബത്തിലും ഇടവകയിലും പ്രാദേശിക തലങ്ങളിലും സംഘർഷങ്ങൾ സൃഷ്ടിച്ചുകൊണ്ട് മൂത്തപുത്രനെ പോലെ ഇരകളെ സൃഷ്ടിക്കും. എന്നാൽ സമാധാനത്തിനുള്ള പരിശ്രമങ്ങൾ വെല്ലുവിളിയായി കണ്ടു പ്രതിസന്ധികൾ ലഘൂകരിക്കാൻ കൂട്ടായ പരിശ്രമം ആവശ്യമാണ്. ധൂർത്തപുത്രൻ തിരികെയെത്തിയപ്പോൾ സമാധാനമാണ് കുടുംബത്തിൽ തിരികെ എത്തുന്നത്.

മൂന്നാമതായി, മാമ്മോദീസ സ്വീകരിച്ച എല്ലാവരും പ്രത്യാ ശയുടെ തീർത്ഥാടകരാകണം എന്ന് ജൂബിലി വർഷത്തിൽ ഫ്രാൻ സിസ് പാപ്പ ഉദ്ബോധിപ്പിക്കുന്നു. എല്ലാത്തരം ദുരിതങ്ങളും അനുഭവിക്കുന്ന സഹോദരി സഹോദരന്മാർക്ക് പ്രത്യാശയുടെ സ്പഷ്ടമായ അടയാളങ്ങൾ നൽകാനായി

നാം വിശുദ്ധ വർഷത്തിൽ വിളിക്കപ്പെട്ടിരിക്കുന്നു (SNC 10). "അൻപതാം വർഷത്തെ നീ വിശുദ്ധീകരിക്കണം. ദേശവാസികൾക്കെല്ലാം സ്വാതന്ത്ര്യം പ്രഖ്യാപിക്കണം" (ലേവ്യ 25,10). ഹൃദയം തകർന്നവരെ ആശ്വസിപ്പിക്കാനും തടവുകാർക്ക് മോചനവും ബന്ധിതർക്ക് സ്വാതന്ത്ര്യം പ്രഖ്യാപിക്കാനും സമാശ്വാസം നൽകാനും, കർത്താവിന് സ്വീകാര്യമായി വത്സരം പ്രഖ്യാപിക്കാനും എന്നെ അയച്ചിരിക്കുന്നു എന്ന ഏശയ്യാ യുടെ വചനങ്ങൾ (ഏശ 61, 1-2) ഈ നോമ്പുകാലത്ത് നമ്മുടെ ജീവിതത്തിൽ പ്രാവർത്തികമാക്കാം. ദരിദ്രനായിത്തീർന്ന ഇളയ മകനെ ഇല്ലാതാക്കാൻ പരിശ്രമിക്കുന്ന മൂത്തപുത്രനെപ്പോലെയല്ല കാരുണ്യവാനായ പിതാവിനെ പോലെയാണ് നാം വർത്തിക്കേണ്ടത്. വസ്ത്രം ധരിപ്പിച്ചും, കയ്യിൽ മോതിരവും കാലിൽ ചെരിപ്പ് അണിയിച്ചും, വിരുന്നൊരുക്കി ആഹ്ലാദിക്കാൻ പ്രചോദിപ്പിച്ചുകൊണ്ടും ദരിദ്രരുടെയും ആശയറ്റവരുടെയും പക്ഷം ചേരാം (ലൂക്ക 15, 22). 41-ാം സങ്കീർത്തനം നമ്മെ പഠിപ്പിക്കുന്നു, 'ദരിദ്രരോട് ദയ കാണി ക്കുന്നവൻ ഭാഗ്യവാൻ. കഷ്ടതയുടെ നാളുകളിൽ അവനെ കർത്താവ് രക്ഷിക്കും, പരിപാലിക്കും, ജീവൻ സംരക്ഷിക്കും. അവൻ ഭൂമിയിൽ അനുഗ്രഹീതനാകും, ശത്രുക്കൾക്ക് അവനെ വിട്ടുകൊടുക്കുകയില്ല, രോഗശയ്യയിൽ ആശ്വാസം പകർന്ന്, രോഗശാന്തി നൽകും'. ഈ നോമ്പുകാലത്ത് ദരിദ്രരോടും രോഗികളോടും ഭിന്നശേഷിക്കാരോടും സ്വീകാര്യതയുടെ സാമീപ്യം നൽകിക്കൊണ്ട് ദുർബലരായവരുടെ അവകാശങ്ങൾക്കായി നമ്മുടെ വാതിലുകൾ വിശാലമായി തുറക്കാം. വിശ്വാസവും വിജ്ഞാനവും സമ്പത്തും നമുക്കു കൈമാറി നൽകിയ, വിശ്രമജീവിതം നയി ക്കുന്ന മാതാപിതാക്കളെ ഹൃദയത്തോട് ചേർത്ത് നിർത്തുന്നത് കടമയായും മാതൃകയായും കണ്ട് അവർക്ക് ആവശ്യമായ പിന്തുണ നൽകാം.

പ്രത്യാശയുടെ നാലാമത്തെ അടയാളം പ്രാർത്ഥനയാണ്. നിന്നെ ഞാൻ അനുഗ്രഹിക്കുകയും വർദ്ധിപ്പിക്കുകയും ചെയ്യു മെന്ന ദൈവത്തിന്റെ വാഗ്ദാനത്തിൽ വിശ്വസിച്ച് അവിടുന്ന് കാണിച്ചുകൊടുത്ത നാട്ടിൽ എത്തിയവനാണ് അബ്രാഹം. പ്രായമേറെ ചെന്നിട്ടും സന്താനമില്ലല്ലോ എന്ന ദുഃഖത്തിലും, പ്രതീക്ഷ കൈവിടാതെ ദൈവത്തിന് അസാധ്യമായി യാതൊന്നുമില്ലായെന്ന വിശ്വാസത്തിൽ അടിയുറച്ച് നിരന്തരം പ്രാർത്ഥനാനിരതനായിരുന്ന, വിശ്വാസികളുടെ പിതാവായ അബ്രാഹം നമുക്ക് മാതൃകയാണ്. വിശ്വസ്തനും കോപിക്കുന്നതിൽ വിമുഖനും സ്നേഹത്തിൽ അത്യുദാരനുമായ ദൈവത്തിൽ ആശ്രയിച്ചുകൊണ്ട് യുദ്ധമുഖത്ത് ദിവസം മുഴുവനും തളരാതെ

കൈകൾ ഉയർത്തി പ്രാർത്ഥിക്കുന്ന മോശയും ഈ നോമ്പുകാലത്ത് നമുക്ക് പ്രചോദനമാകണം. തന്റെ പീഡാ സഹനത്തിന്റെ മണിക്കൂർ സമാഗതമായപ്പോൾ ഗത്സമൻ തോട്ടത്തിൽ ഈശോ നടത്തിയ ഏറ്റവും ദീർഘമായ പ്രാർത്ഥന, തകർച്ചകളുടെ നടുവിലും പ്രത്യാശയോടെ പൂർണമായും ദൈവത്തിൽ ആശ്രയിക്കാൻ നമുക്ക് മാതൃകയാണ്. നമ്മുടെ ആത്മീയ-ജഡിക സമരങ്ങളിൽ, ആത്മീയ മാന്ദ്യങ്ങളിൽ, പ്രാർത്ഥന ശ്രവിക്കപ്പെടുന്നില്ല എന്ന പരീക്ഷണത്തിൽ, ഈശോയെപ്പോലെ നിരന്തരം പ്രാർത്ഥിക്കാം (മത്താ 26,36 -46) എന്ന അപ്പസ്തോലന്റെ വാക്കുകൾ ഈ നോമ്പുകാലത്ത് പ്രത്യാശയിൽ നിറയാനുള്ള ചാലകശക്തിയാക്കാം. നാം എപ്രകാരമാണ്ദൈവത്തെ പ്രസാദിപ്പിക്കേണ്ടതെന്ന് വിശുദ്ധ കുർബാനയുടെ പ്രാർത്ഥനയിലുണ്ട്: "അവിടുത്തെ സന്നിധിയിൽ നിങ്ങളുടെ ഹൃദയങ്ങൾ തുറക്കുവിൻ, ഉപവാസവും പ്രാർത്ഥനയും അനുതാപവും വഴി മിശിഹായെയും അവിടുത്തെ പിതാവിനെയും പരിശുദ്ധാത്മാവിനെയും നമുക്കു പ്രസാദിപ്പിക്കാം". ഈ നോമ്പുകാലത്ത്, കഴിയുന്ന ദിവസങ്ങളിലെല്ലാം  ദിവ്യബലിയിൽ പങ്കെടുക്കണം. മക്കൾക്കും ഇതിനുള്ള പരിശീലനം നൽകണം. വ്യക്തിപരമായി 15 മിനിറ്റെങ്കിലും ദൈവവചനം വായിക്കുകയോ എഴുതുകയോ ചെയ്യണം. സാധിച്ചാൽ എല്ലാ ദിവസവും കുരിശിന്റെ  വഴി, ഹ്രസ്വമായെങ്കിലും ചൊല്ലണം. വൈകുന്നേരം കുടുംബ പ്രാർത്ഥന കുടുംബാംഗങ്ങൾ ഒന്നുചേർന്ന് തീക്ഷ്ണതയോടെ സമർപ്പിക്കണം. അനുതാപത്തിന്റെ കൃപ ലഭിക്കുന്നതിനായി എല്ലാ ദിവസവും കുടുംബങ്ങൾ ഒരുമിച്ച് 51-ാം സങ്കീർത്തനം ആലപിക്കണം. ഈ സങ്കീർത്തനം നാം നോമ്പുകാലത്ത് മനഃപ്പാഠമാക്കണം. മത്സ്യമാംസാദികൾ ഉപേക്ഷിക്കുന്നത് നോമ്പുകാലത്ത് ഏതൊരു വിശ്വാസിയുടെയും കടമയാണെന്ന് ഓർമിപ്പിക്കേണ്ടതില്ലല്ലോ. "ജഡിക താത്പര്യങ്ങളിൽ മുഴുകി ഇരിക്കുന്ന മനസ്സ് ദൈവത്തിന്റെ ശത്രുവാണ്" (റോമാ 8, 7). നമ്മിലുള്ള ആത്മാവിന്റെ നിയന്ത്രണങ്ങൾക്കതീതമായ എല്ലാത്തിനെയും കീഴടക്കാനുള്ള പരിശീലനം നോമ്പുകാലത്ത് ആർജിച്ചെടുക്കണം. സാമൂഹ്യ മാധ്യമങ്ങളുടെ അമിത ഉപയോഗം, ലഹരി വസ്തുക്കളോടുള്ള ആസക്തി മുതലായവ നമുക്ക് ദൈവസ്നേഹത്തെപ്രതി പൂർണമായും വർജ്ജിക്കാം. ജൂബിലി വർഷത്തിൽ മാർപാപ്പ നിർദേശിച്ച ഏതെങ്കിലുമൊരു തീർഥാടന കേന്ദ്രം സന്ദർശിച്ച് ദണ്ഡവിമോചനം പ്രാപിക്കണമെന്ന നിർദ്ദേശം ഈ നോമ്പുകാലത്ത് കുടുംബാംഗങ്ങളോടൊപ്പം പ്രാവർത്തികമാക്കണം. ഇത് എല്ലാ വിശ്വാസികളെയും ഒന്നിപ്പിക്കുന്ന പ്രത്യാശയുടെ പ്രതീകമാണ്.

'അവിടുന്ന് നമ്മെ സ്നേഹിച്ചു' എന്ന ചാക്രിക ലേഖനത്തിൽ

ഫ്രാൻസിസ് മാർപാപ്പ പഠിപ്പിക്കുന്നു; 'ക്രിസ്തുവിനോട് സ്നേഹമുണ്ടെങ്കിൽ നാം അവിടുത്തെ ആശ്വസിപ്പിക്കും. നമ്മുടെ ദുശീലങ്ങൾ, നിർബന്ധങ്ങൾ, കൂട്ടുകെട്ടുകൾ, നിബന്ധനകൾ, ദുർബലമായ വിശ്വാസം, വ്യർഥമായ ലക്ഷ്യങ്ങൾ, നമ്മുടെ യഥാർഥ പാപങ്ങൾ, നമ്മുടെ ജീവിതത്തെക്കുറിച്ചുള്ള ദൈവിക പദ്ധതിയോട് പ്രത്യുത്തരിക്കുന്നതിൽ വന്ന പരാജയം, എന്നിവ തിരിച്ചറിഞ്ഞ് ഏറ്റുപറയുമ്പോൾ ഈശോയെ നാം ആശ്വസിപ്പിക്കുകയാണ്'. (DN 158). 'ചെറുതും നിസ്സാരവുമായ കാര്യങ്ങൾ ശ്രദ്ധിച്ചു ചെയ്താൽ നമുക്ക് ഈശോയെ ആശ്വസിപ്പിക്കാം' എന്ന് വേദപാരംഗതനായ വിശുദ്ധ ഫ്രാൻസിസ് സാലസ് ഉപദേശിക്കുന്നു: 'ഉദാഹരണമായി മറ്റുള്ളവരെപറ്റിയുള്ള സംശയങ്ങൾ, തലവേദന, പല്ലുവേദന, കടുത്ത പനി, ഭാര്യയുടെയോ ഭർത്താവിന്റെയോ തളർത്തുന്ന കാര്യങ്ങൾ, ഗ്ലാസ് പൊട്ടിയത്, മോതിരമോ തൂവാലയോ കളഞ്ഞുപോയത്, അയൽക്കാരന്റെ നീരസം, പ്രാർത്ഥനയ്ക്കും ദിവ്യബ ലിക്കും പോകാൻ വേണ്ടി അതിരാവിലെ ഉണരേണ്ടത്, ദൈവിക കാര്യങ്ങൾ പരസ്യമായി പ്രഘോഷിക്കാനുള്ള ലജ്ജ, ഇങ്ങനെ യുള്ള സഹനങ്ങൾ അവ എത്ര ചെറുതാണെങ്കിലും ഈശോയുടെ കുരിശിലെ പോരായ്മകൾ പരിഹരിച്ച് അവിടുത്തെ സന്തോഷിപ്പിക്കുകയാണെന്ന് ഉറപ്പിച്ചുകൊള്ളുക' (ഭക്തമാർഗ്ഗ പ്രവേശിക Part III xxxv). 37-ാം സങ്കീർത്തനം ഏതു തകർച്ചയിലും നമുക്കു പ്രത്യാശ നൽകട്ടെ: 'ദൈവത്തിൽ വിശ്വാസമർപ്പിച്ച് നന്മ ചെയ്യാം. കർത്താവിൽ ആനന്ദിക്കുക, അവിടുന്ന് നിന്റെ ആഗ്രഹങ്ങൾ സാധിച്ചു തരും. നിന്റെ ജീവിതം കർത്താവിനെ ഭരമേൽപ്പിക്കുക, കർത്താവിൽ വിശ്വാസമർപ്പിക്കുക അവിടുന്ന് നോക്കിക്കൊള്ളും. കർത്താവിന്റെ മുമ്പിൽ സ്വസ്ഥനായിരിക്കുക, ക്ഷമാപൂർവ്വം അവിടുത്തെ കാത്തിരിക്കുക, കോപത്തിൽ നിന്ന് അകലുക, ക്രോധം വെടിയുക, പരിഭ്രമിക്കാതിരിക്കുക, അപ്പോൾ ഭൂമിയിൽ നീ സുരക്ഷിതനായി വസിക്കും'.

ഏതു പ്രതിസന്ധിയിലും മനസ്സ് തളരാതെ, പ്രത്യാശ ഒരിക്കലും നഷ്ടപ്പെടാതെ, ആത്മാവിന്റെ സുസ്ഥിരവും സുരക്ഷി തവുമായ നങ്കൂരമായി, ഏറ്റവും വലിയ പുണ്യമായി, ജൂബിലി വർഷത്തിലെ നോമ്പുകാലം മാറട്ടെ. സുവിശേഷത്തിലെ ധൂർത്ത പുത്രനെപ്പോലെ ദൈവത്തിന്റെ കരുണയിൽ പൂർണ്ണമായും ആശ്രയിക്കാം. ഏഴ് എഴുപതു പ്രാവശ്യം ക്ഷമിച്ചുകൊണ്ട് സമാധാ നത്തിന്റെ സുവിശേഷമായി നമുക്കോരോരുത്തർക്കും രൂപാന്തരപ്പെടാം. യേശുവിന്റെ മരുഭൂമിയിലെ നാല്പതുദിവസത്തെ ഉപവാസത്തെ ധ്യാനിച്ചുകൊണ്ട് നോമ്പുകാലം വിശുദ്ധീകരണ ത്തിന്റെ ദിനങ്ങളാക്കി മാറ്റാം. എന്റെ ഏറ്റവും എളിയ ഈ സഹോദരന്മാരിൽ ഒരുവന് നിങ്ങൾ ഇതു ചെയ്തുകൊടുത്തപ്പോൾ എനിക്കു തന്നെയാണ് ചെയ്തുതന്നത് എന്ന കർത്താവിന്റെ വചനങ്ങൾ അനുസ്മരിച്ച് സഹായമർഹിക്കുന്നവരോട് കരുണ യോടെ വർത്തിക്കാം. 'ഇതാ കർത്താവിന്റെ ദാസി' എന്ന് പറഞ്ഞു

കൊണ്ട് പൂർണമായി ദൈവ കരങ്ങളിൽ സമർപ്പിച്ച പ്രത്യാശയുടെ അടയാള മാണ് പരിശുദ്ധ അമ്മ. പ്രത്യാശയുടെ പരമോന്നത സാക്ഷ്യം ദൈവമാതാവിൽ ദർശിക്കാൻ സാധിക്കും. വിശ്വാസത്തിന്റെ ലാളിത്യത്തിൽ എളിയതും ദരിദ്രവു മായ ജീവിതം നയിച്ച അമ്മയെ മാതൃകയാക്കിയ വേദപാരംഗതയായ വിശുദ്ധ കൊച്ചുത്രേ സ്യായുടെ പ്രാർത്ഥന നമുക്കും കന്യകാമറിയത്തിന്റെ കരങ്ങളി ൽ സമർപ്പിക്കാം. *"കൃപ നിറഞ്ഞ മാതാവേ, എനിക്കറിയാം, നസ്ര ത്തിൽ നീ ദാരിദ്ര്യത്തിലാണ് ജീവിച്ചത്. കൂടുതലൊന്നും ആഗ്രഹിച്ചില്ല, ആനന്ദമോ അത്ഭുതമോ പരമാനന്ദമോ ഒന്നും നിന്റെ ജീവി തത്തെ നിറക്കുന്നില്ല. ഓ തിരഞ്ഞെടുക്കപ്പെട്ടവരുടെ രാജ്ഞി.... ഭൂമിയിലെ നിന്റെ മക്കൾക്ക് വിറയലില്ലാതെ നിന്റെ നേരെ കണ്ണുകൾ ഉയർത്താൻ കഴിയും. സാധാരണ പാതയിലാണ് സമാനതകളി ല്ലാത്ത അമ്മേ, നീ അവരെ സ്വർഗ്ഗത്തിലേക്ക് നയിക്കാനായി അവരോടൊപ്പം നടക്കാൻ ആഗ്രഹിക്കുന്നത്".*

ഈ നോമ്പുകാലം പ്രത്യാശയുടേതാകണം, പ്രത്യാശ യുടെ തീർഥാടകരായി പീഠത്തിൽ തെളിച്ചു വച്ച ദീപം പോലെ എല്ലാവർക്കും വേണ്ടി പ്രകാശിക്കാൻ സാധിക്കട്ടെ എന്ന് ആശംസി ക്കുന്നു, പ്രാർത്ഥിക്കുന്നു. പ്രിയപ്പെട്ട കുഞ്ഞുങ്ങളേ, പഠനപുരോഗതി വിലയിരുത്തുന്ന കാലം കൂടിയാണല്ലോ ഇത്. ഈ പരീക്ഷാ കാലഘട്ടത്തിൽ ഈശോയുടെ പക്കൽ ഞാൻ പ്രത്യേകം നിങ്ങൾ ക്കുവേണ്ടി പ്രാർത്ഥിച്ചുകൊള്ളാം. പരിശുദ്ധ ക ന്യകാമറിയത്തിന്റെയും വിശുദ്ധ യൗസേപ്പിതാവിന്റെയും നമ്മുടെ രൂപത മധ്യസ്ഥ യായ വി. അൽഫോൻസാമ്മയുടെയും സഹായവും പ്രാർഥനയും ഏവർക്കും ആശംസിച്ചുകൊണ്ട്,

നമ്മുടെ കർത്താവീശോമിശിഹായുടെ കൃപയും പിതാവായ ദൈവ ത്തിന്റെ സ്നേഹവും പരിശുദ്ധാത്മാവിന്റെ സഹവാസവും നിങ്ങളെല്ലാവ രോടുകൂടെ ഉണ്ടായിരിക്കട്ടെ ഇപ്പോഴും ✠ എപ്പോഴും ✠ എന്നേയ്ക്കും ✠ ആമ്മേൻ.

ഈശോയിൽ സ്നേഹപൂർവ്വം,



**✠ റെമീജിയോസ് ഇഞ്ചനാനിയിൽ**

താമരശ്ശേരി രൂപതയുടെ മെത്രാൻ

---

ഈ ഇടയലേഖനം മാർച്ച് 2-ാം തീയതി ഞായറാഴ്ച രൂപതയിലെ എല്ലാ പള്ളികളിലും വി. കുർബാന അർപ്പിക്കപ്പെടുന്ന സ്ഥാപനങ്ങളിലും വി. കുർബാന മധ്യേ വായിക്കേണ്ടതാണ്.

*സർക്കുലർ 03/2025*

# ദൈവവിളി

മിശിഹായിൽ പ്രിയ സഹോദരി സഹോദരന്മാരേ കുഞ്ഞുങ്ങളേ,

2024-25 അധ്യയന വർഷത്തിന്റെ സമാപന ദിവസങ്ങളിലേക്ക് കടക്കുന്ന സമയമാണല്ലോ ഇത്. ഒരു വർഷത്തെ തങ്ങളുടെ അധ്വാനത്തിന്റെ ഫലം കൊയ്യാൻ തയ്യാറെടുക്കുന്ന പരീക്ഷാ ദിവസങ്ങളിലേക്ക് കുട്ടികൾ പ്രവേശിച്ചിരിക്കുകയാണ്. നന്നായി പഠിച്ച് ഉയർന്ന വിജയം സ്വന്തമാക്കാൻ എല്ലാ വിദ്യാർഥികൾക്കും കഴിയട്ടെ എന്ന് പ്രാർത്ഥിക്കുകയും ആശംസിക്കുകയും ചെയ്യുന്നു.

S.S.L.C യോ +2 വോ മറ്റ് ഉന്നത പഠനങ്ങളോ കഴിഞ്ഞവർ തങ്ങളുടെ ജീവിതത്തെക്കുറിച്ച് ഗൗരവമായി തീരുമാനങ്ങൾ എടുക്കുന്ന സമയം കൂടിയാണല്ലോ ഇത്. നന്നായി പ്രാർത്ഥിച്ചും ചിന്തിച്ചും ജീവിതത്തെ കുറിച്ചുള്ള തീരുമാനങ്ങൾ എടുക്കാൻ എല്ലാവരെയും ഈശോ അനുഗ്രഹിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു. ജീവിതത്തെക്കുറിച്ചുള്ള നല്ല തീരുമാനങ്ങൾ എടുക്കുമ്പോൾ പൗരോഹിത്യ സന്യസ്ത ജീവിതത്തെക്കുറിച്ച് ആഴത്തിൽ ചിന്തിക്കുന്നത് നല്ലതാണ്. ദൈവം വിളിച്ച് ഒരു വ്യക്തിയെ പ്രചോദിപ്പിച്ച് വേർതിരിച്ച് മാറ്റി ഒരു ദൗത്യം ഏൽപ്പിക്കുന്നതാണ് പൗരോഹിത്യ സന്യസ്ത ദൈവവിളി. ദൈവത്തിന്റെ തെരഞ്ഞെടുപ്പ് അത് ദൈവത്തിന്റെ മാത്രം തീരുമാനമാണ് എന്ന തിരിച്ചറിവിലാണ് ഓരോ യുവാവും യുവതിയും ഈ പ്രത്യേക ജീവിതത്തിന് തങ്ങളെ തന്നെ സമർപ്പിക്കുന്നത്.

വിശുദ്ധ ഗ്രന്ഥത്തിൽ പഴയനിയമത്തിലും പുതിയ നിയമത്തിലും ദൈവം അനേകരെ തനിക്കായി തിരഞ്ഞെടുക്കുന്നതും അഭിഷേകം ചെയ്യുന്നതും കാണുന്നുണ്ട്. അവിടുത്തെ വിളി കേട്ടവരെല്ലാം ആത്മസമർപ്പണത്തോടെ പരീക്ഷണഘട്ടങ്ങളിൽപോലും കർത്താവിനെ അനുഗമിച്ചു. പഴയ നിയമത്തിൽ മോശയുടെയും ഗിദയോന്റെയും ദാവീദിന്റെയും വിളികൾ ഇതിനുദാഹരണമാണ്. സംസാരപാടവമില്ലാത്ത തന്റെ അയോഗ്യത ചൂണ്ടിക്കാണിക്കുമ്പോൾ നിറവുള്ളവനായി മാറ്റുന്ന മോശയെയും, മനാസ്സെയുടെ ഗോത്രത്തിൽ ഏറ്റവും ദുർബലമായ വംശം തന്റേതാണെന്നും ഇസ്രായേലിനെ രക്ഷിക്കാൻ തനിക്ക് എങ്ങനെ കഴിയുമെന്നും ദൈവത്തോട് വിലപിച്ചപ്പോൾ ശക്തി നൽകി ഗിദയോനെയും ദൈവം തിരഞ്ഞെടുത്തു. സാവൂൾ രാജാവിനു പകരം രാജാവിനെ തേടിയെത്തിയ പ്രവാചകൻ

സാമുവേലിനോട് ജെസ്സെയുടെ മക്കളിലൊരാളെ അഭിഷേകം ചെയ്യാൻ ആവശ്യ പ്പെട്ടു. 'ആകാരവടിവോ സാമർഥ്യമോ നോക്കണ്ട. മനുഷ്യൻ ബാഹ്യരൂപത്തിൽ ശ്രദ്ധിക്കുന്നു, കർത്താവാകട്ടെ ഹൃദയഭാ വത്തിലും' എന്നു പറഞ്ഞുകൊണ്ട് ആടുമേയ്ക്കാൻ പോയ ഇളയവനായ ദാവീദിനെ അവിടെ നിന്നു വിളിച്ചുവരുത്തി രാജാവാ ക്കുന്ന ശൈലിയാണ് ദൈവത്തിന്റേത്. വളരെ ശക്തനായ ഗോലി യാത്തിനെ നിസ്സാരനായികണ്ട് ദൈവത്തിനുവേണ്ടി ഇസ്രായേൽ ക്കാരെ നേടിയെടുത്ത ദാവീദും ദൈവവിളികൾക്ക് ഉചിതമായ പ്രത്യുത്തരം നൽകിയവരാണ്.

പുതിയ നിയമത്തിൽ ദൈവത്തിന്റെ സഭയെ പീഡിപ്പിക്കാ നിറങ്ങിയ പൗലോസ് ശ്ലീഹ, ദൈവവിളിയെ തിരിച്ചറിഞ്ഞപ്പോൾ ഒത്തിരിയേറെ തീഷ്ണതയോടെയാണ് തിരിച്ചറിഞ്ഞ ദൈവത്തിനു വേണ്ടി ജീവിതാ വസാനംവരെ പ്രഘോഷണം നടത്തിയത്. "മാതാവിന്റ ഉദരത്തിൽ നിനക്ക് രൂപം നൽകുന്നതിനു മുമ്പേ ഞാൻ നിന്നെ അറിഞ്ഞു, ജനിക്കുന്നതിനു മുമ്പേ ഞാൻ നിന്നെ വിശുദ്ധീകരിച്ചു. ജനതകൾക്ക് പ്രവാചകനായി ഞാൻ നിന്നെ നിയോഗിച്ചു" (ജെറമിയ 1, 5) എന്ന ജെറമിയ പ്രവാചകന്റെ വചനം നമ്മുടെ ജീവിതങ്ങളെ ദൈവം മുൻകൂട്ടി കരുതിവെച്ചിട്ടുണ്ടെ ന്നുള്ള ഓർമ്മപ്പെടുത്തലാണ്.

എല്ലാ കാലങ്ങളിലും ദൈവം തന്റെ ശുശ്രൂഷയ്ക്കായി ആളുകളെ വിളിക്കുന്നത് നമ്മെഅത്ഭുതപ്പെടുത്തും. സൈറസ് ഹബീബിന്റെ ജീവിതം ഉദാഹരണമാണ്. ഇറാനിൽ നിന്നും അമേരിക്കയിലേക്ക് കുടിയേറിയ ദമ്പതികളുടെ മകനായി അമേരിക്കയിലെ ബാൽട്ടിമോർ, മേരിലാന്റിൽ 1981 ലാണ് സൈറസ് ഹബീബ് ജനിക്കുന്നത്. എട്ടാമത്തെ വയസ്സിൽ ക്യാൻസർ പിടിപെട്ട് പൂർണമായി കാഴ്ച്ച നഷ്ടപ്പെട്ട അദ്ദേഹം, പരിമിതികൾക്കിടയിലും പിന്നീട് ഉന്നത വിജയത്തോടെ യൂണിവേഴ്സിറ്റി പഠനം പൂർത്തിയാക്കി. 2012ൽ അദ്ദേഹം വാഷിംഗടണിലെ പ്രതിനിധി സഭയിലേക്കും 2016 ൽ വാഷിംഗ്ടൺ സംസ്ഥാനത്ത് ഗവർണ റായും തെരഞ്ഞെടുക്കപ്പെട്ടു. വളരെ മനോഹരമായി നല്ല ഭരണം അദ്ദേഹം കാഴ്ചവെച്ചു. രണ്ടാമത്തെ തിരഞ്ഞെടുപ്പിന് ഒരുക്കം നടക്കുന്ന അവസരത്തിൽ 2020 മാർച്ച് 19ന് എല്ലാവരേയും അമ്പരപ്പി ച്ചുകൊണ്ട് "ഞാൻ എന്റെ രാഷ്ട്രീയ ജീവിതം അവസാ നിപ്പിച്ച് ഒരു പുരോഹിതനാകാൻ ആഗ്രഹിക്കുന്നു" എന്ന് പ്രഖ്യാ പിച്ച് വൈദിക പരിശീലനത്തിൽ പ്രവേശിച്ചു. ദൈവം വിളിച്ചാൽ ആ വിളിക്ക് പ്രത്യുത്തരം നൽകാതിരിക്കാനാവില്ല എന്നും ഏതുമേഖലയിലുള്ളവരേയും ദൈവം വിളിക്കുമെന്നും സൈറസിന്റെ ജീവിതം നമ്മെ പഠിപ്പിക്കുന്നു. കാരണം ദൈവം തിരഞ്ഞെടുക്കുന്നത് ദൈവത്തിന് ഇഷ്ടമുള്ളതുകൊണ്ടും

ദൈവത്തിന്റെ ഉപകരണമാകാനും ആണ്. ഈ ദൈവവിളിയാണ് നിങ്ങൾ തിരിച്ചറിയേണ്ടത്. ഈ ലോകത്ത് ദൈവത്തിന്റെ ഉപകരണമായി ദൈവത്തിനും ദൈവജനത്തിനും വേണ്ടി ശുശ്രൂഷ ചെയ്യാനാണ് ദൈവം ഓരോരുത്തരേയും തിരഞ്ഞെടുക്കുന്നത്.

ദൈവത്തോട് ചേർന്ന് നിന്ന് തിന്മയുടെ ശക്തിക്കെതിരെപോരാടി നന്മ ഈ ലോകത്ത് പ്രസരിപ്പിക്കാനും അനേകരെ ആ നന്മയിലേക്ക് ചേർത്ത് നിർത്താനുള്ള വിളിയാണ് പൗരോഹിത്യ സന്യസ്ത ദൈവവിളി. സുവിശേഷ ത്തിന്റെ ആനന്ദം ലോകത്തിൽ പ്രസരിപ്പിക്കുക എന്നതാണ് പൗരോഹിത്യ വും സന്യാസവും ചെയ്യുന്നത്. ഈ ആനന്ദമാണ് വിളിയുടെ സൗന്ദര്യം. മിശി ഹായുമായുള്ള നമ്മുടെ ബന്ധത്തെ പരിപോഷിപ്പിക്കുന്ന ഇന്ധനമാണ് വൈദികരോടും സന്യസ്തരോടും ഉള്ള സ്നേഹം എന്ന് ഫ്രാൻസിസ് മാർ പാപ്പ തന്റെ പുതിയ ചാക്രിക ലേഖനത്തിൽ (Dilexit Nos) പറയുന്നുണ്ട്.

കുടുംബങ്ങളിൽ ആരംഭിക്കേണ്ടതും രൂപപ്പെടേണ്ടതും വളർത്തപ്പെ ടേണ്ടതും അവിടെനിന്ന് ദൈവത്തിനായും സഭയ്ക്കായും നൽകപ്പെടേണ്ട തുമായ വിളിയാണ് പൗരോഹിത്യ സന്യസ്ത വിളി എന്ന സത്യം തിരിച്ചറി യണം നാം. ഒരു കുടുംബത്തിൽ നിന്ന് വൈദിക സന്യസ്ത ജീവിതാന്തസ്സിലേക്ക് വിളിയുണ്ടാകുക എന്നത് ആ കുടുംബത്തിന്റെ ഏറ്റവും വലിയ ഭാഗ്യമാണ്. നമ്മുടെ ഇടവകയിലേക്ക് നോക്കുക, വളരെ അപൂർവം കുടുംബങ്ങളിൽ നിന്നുമാത്രമല്ലേ വൈദിക സന്യസ്ത ദൈവ വിളിയുണ്ടായിട്ടുള്ളു. അത് ഭാഗ്യമായി കരുതണം. ദൈവവിളിയെ പ്രോത്സാഹിപ്പി ക്കുവാൻ മാതാപിതാക്കൾ ശ്രദ്ധിക്കണം, കൂടുതൽ പ്രാർത്ഥിക്കു കയും വേണം.

പഠിപ്പിക്കേണ്ട പാഠം ക്രിസ്തുവാണ്, നടക്കേണ്ട വഴി ക്രിസ് തുവാണ്, തെളിയിക്കേണ്ട വെളിച്ചം ക്രിസ്തുവാണ്, ജീവിക്കേണ്ട ജീവിതം ക്രിസ്തു വാണ്, സ്നേഹിക്കേണ്ട സ്നേഹം ക്രിസ്തു ആണ്. എല്ലാം ക്രിസ്തുമയ മാണ്, കാരണം നമ്മൾ ഈ ലോക ത്തിൽ ക്രിസ്തുവിനെ പ്രതിനിധീകരി ക്കുന്നു എന്നാണ് വി. മദർ തെരേസ പഠിപ്പിക്കുന്നത്.

ദൈവവിളി സ്വീകരിച്ച് മാറ്റിനിർത്തപ്പെടുന്ന ഓരോരുത്തരും ക്രിസ്തു വിന്റെ പ്രതിനിധികളാകുന്നു, അതായത് പുരോഹിതരും സന്യസ്തരും ക്രി സ്തുവിന്റെ ഇഷ്ടങ്ങളെ പ്രതിനിധീകരിക്കുന്നവരാണ്. 'ക്രിസ്തുവിന് പക രം ഞാൻ നിങ്ങളോട് പറയുന്നത്' എന്നാണ് വിശുദ്ധ പൗലോസ് പറയു ന്നത്. നമ്മോട് തന്നെ ചോദിക്കാം, ക്രിസ്തുവിന് പകരക്കാരനാകാൻ എനി ക്ക് പറ്റുമോ? ക്രിസ്തുവിനുവേണ്ടി സംസാരിക്കാൻ എനിക്ക് സാധിക്കുമോ? ഇതൊരു വെല്ലുവിളിയാണ്. ഈ വെല്ലുവിളി ഏറ്റെടുക്കാൻ ഞാൻ യുവാ

ക്കളെ ക്ഷണിക്കുകയാണ്. “എനിക്ക് ഇഷ്ടപ്പെട്ട ഇടയൻമാരെ ഞാൻ നിങ്ങൾക്കു തരും; അവർ ജ്ഞാനത്തോടും വിവേകത്തോടും കൂടെ നിങ്ങളെ പാലിക്കും’’ (ജെറെമിയ 3,15) എന്ന വചനം ദൈവ ത്തിന്റെ നല്ല തിരഞ്ഞെടുപ്പുകളെ സൂചിപ്പിക്കുന്നു. പഠനമേഖല കളിൽ പരീക്ഷകളുടെ കാലമാണിത്. അതിനുശേഷം വിവിധ ജീവിതാന്തസ്സുകളെക്കുറിച്ച് ചിന്തിക്കുകയും ധ്യാനിക്കുകയും ചെയ്യുന്ന അവസരത്തിൽ ദൈവത്തിന്റെ ശബ്ദത്തിനായി കാതോർ ക്കുന്നതിന് എല്ലാവരും പ്രാർത്ഥിക്കുകയും ആ ശബ്ദം കേൾക്കു കയും ചെയ്യണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

ഈശോ നൽകുന്ന ഈ വിളിയെ തിരിച്ചറിയാനും ഉചിതമായ തീരുമാനം എടുക്കാനുമായി നമ്മുടെ രൂപതയിൽ ഏപ്രിൽ 1, 2, 3 തീയതികളിൽ ആൺകുട്ടികൾക്കായി അൽഫോൻസ മൈനർ സെമിനാരിയിൽ ക്യാമ്പ് നടത്തുകയാണ്. ഈ ക്യാമ്പിലേക്ക് പൗരോഹിത്യ വിളിയോട് താൽപര്യമുള്ള എല്ലാ കുട്ടികളെയും ക്ഷണിക്കുകയാണ്. നമ്മുടെ രൂപതയിൽ നടക്കുന്ന ക്യാമ്പിൽ പങ്കെടുത്താൽ മാത്രമേ മറ്റുള്ള സന്യാസ സഭയിലേക്കും വൈദിക പരിശീലനത്തിനായി പ്രവേശിക്കാൻ നിങ്ങൾക്ക് സാധിക്കുകയുള്ളൂ എന്ന കാര്യം കൂടി ഓർമ്മപ്പെടുത്തട്ടെ. യഥാർത്ഥ സന്തോഷം നൽകാത്ത തെരഞ്ഞെടുപ്പുകളുടെയും വികാരങ്ങളുടെ ലോകത്തിൽ അവിടുത്തെ സഹോദരീ സഹോദരങ്ങളെ വിശ്വസ്തതയോടെ സേവിക്കുക എന്നത് വളരെ ശക്തമായ സാക്ഷ്യമാണെന്ന് 2021 ലെ ദൈവവിളി ദിനത്തിൽ ഫ്രാൻസിസ് മാർപാപ്പ യുവജനങ്ങളെ ഉദ്ബോധിപ്പിക്കുന്നു. ദൈവവിളിയുടെ സംരക്ഷകനായ വി. യൗസേപ്പിതാവ് ഈ വെല്ലുവിളി ഏറ്റെടുക്കാൻ നിങ്ങളെ സഹായിക്കട്ടെ. ദൈവവിളിയെ പ്രോത്സാഹിപ്പിക്കാൻ എല്ലാവർക്കും കടമയുണ്ട്. ആഴമായ വിശ്വാസവും ദൈവസ്നേഹവും ഉണ്ടെ ങ്കിലേ അതിനു സാധിക്കൂ. ദൈവവിളിയുണ്ട് എന്ന് സൂചന നൽ കുന്ന മക്കളെ, മാതാപിതാക്കളും മുതിർന്നവരും നിരുത്സാഹ പ്പെടുത്താതെ ക്രിസ്തുവിന്റെ സ്വരം ശ്രവിച്ച് പ്രത്യുത്തരം നൽകാൻ അവരെ ശക്തിപ്പെടുത്തണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

ഈശോയിൽ സ്നേഹപൂർവം,



✠**മാർ റെമീജിയോസ് ഇഞ്ചനാനിയിൽ**
താമരശ്ശേരി രൂപതയുടെ മെത്രാൻ

ഈ സർക്കുലർ 23-ാം തീയതി ഞായറാഴ്ച എല്ലാ പള്ളികളിലും വി. കുർബാന മധ്യേ വായിക്കേണ്ടതാണ്.

# മദ്യ-ലഹരിവിരുദ്ധ ഞായർ
# 2025 മാർച്ച് 23

## മദ്യ-ലഹരി വിരുദ്ധ ഞായർ ആചരണത്തിന്റെ ഭാഗമായി കെ.സി.ബി.സി. മദ്യവിരുദ്ധ കമ്മീഷൻ നല്കുന്ന സർക്കുലർ

വന്ദ്യ വൈദികരെ, സന്യസ്തരെ, മിശിഹായിൽ പ്രിയരേ,

കേരള കത്തോലിക്കാ സഭ മാർച്ച് 23-ാം തീയതി മദ്യ- ലഹരിവിരുദ്ധ ഞായറാഴ്ചയായി ആചരിക്കുകയാണ്. സമൂഹ ത്തിൽ ഗുരുതരമായ പ്രശ്നങ്ങൾ സൃഷ്ടിക്കുന്ന മദ്യ-രാസലഹ രിയെ ക്കുറിച്ച് സഭയായി ചർച്ച ചെയ്യുന്നതിനും ഈ മഹാവിപ ത്തിനെ ഫലപ്രദമായി നേരിടുന്നതിനും തരണം ചെയ്യുന്നതി നുമുള്ള മാർഗങ്ങൾ കണ്ടെത്തുകയുമാണ് മദ്യ-ലഹരിവിരുദ്ധ ഞായർ എന്നതുകൊണ്ട് ലക്ഷ്യം വയ്ക്കുന്നത്. 'മദ്യ-ലഹരിവിരുദ്ധ സഭയും സമൂഹവും' എന്ന ആപ്തവാക്യം സ്വീകരിച്ചുകൊണ്ട് കഴിഞ്ഞ 27 വർഷമായി കെ.സി.ബി.സി. മദ്യ-ലഹരിവിരുദ്ധ സമിതി പ്രവർത്തിച്ചുവരുന്നു.

മാരകമായ രാസ ലഹരിയുടെയും മദ്യത്തിന്റെയും നീരാളി പിടുത്തത്തിലാണ് ഇന്ന് നമ്മുടെ കേരളം. എവിടെയും മദ്യവും മയക്കുമരുന്നുകളും സുലഭം. ഇവയ്ക്ക് അടിമപ്പെടുന്നവരുടെ സംഖ്യ ക്രമാതീതമായി വർദ്ധിക്കുന്നു. മദ്യത്തിന്റെയും രാസലഹരിയുടെയും ഉപയോഗംവഴി മനുഷ്യർ ക്രൂരരും അക്രമാസക്തരും അപഹാസ്യരുമാകുന്നു. അതോടൊപ്പം, കുടുംബങ്ങളിൽ സമാധാനം ഇല്ലാതാകുന്നു. അധ്വാനഫലം ചോർന്നുപോകുന്നു. സമ്പാദ്യങ്ങൾ നശിക്കുന്നു. അനുഗ്രഹം അന്യമാകുന്നു. കുടുംബങ്ങൾ അനാഥമാകുന്നു. ബന്ധങ്ങൾ തകരുന്നു. ആത്മഹത്യകൾ വർദ്ധിക്കുന്നു. ധാർമികതയ്ക്ക് വിലയില്ലാ താകുന്നു. സ്വന്തം ഭവനത്തിൽ പോലും സ്വന്ത പ്പെട്ടവർക്ക് പേടിച്ച് കഴിയേണ്ട അവസ്ഥ. ചുരുക്കത്തിൽ, സമൂഹത്തെ മുഴുവൻ ബാധിച്ചിരിക്കുന്ന സാമൂഹ്യ തിന്മയായി മദ്യ-രാസലഹരി ഉപയോഗം മാറിക്കഴിഞ്ഞിരി ക്കുന്നു.

തുടർഭരണം നേടി വരുന്ന സർക്കാരുകൾ പണം കണ്ടെ ത്തുന്ന കുറുക്കുവഴിയാണ് മദ്യ വില്പനയും മദ്യ നിർമ്മാണവും. ബാറിന്റെയും ബിവറേജ് ഔട്ട്ലെറ്റുകളുടെയും എണ്ണം വർദ്ധിപ്പിച്ചും, ഐ.ടി. പാർക്കുകളിൽ ബാറും പബ്ബും ആരംഭിച്ചു കൊണ്ടും അവസാനമായി പാലക്കാട് എലിപ്പുള്ളിയിൽ സ്വകാര്യ കമ്പനിക്ക് ബ്രൂവെറിക്ക് അനുമതി നൽകിയും നമ്മുടെ നാടിനെ മദ്യലഹരിയിൽ മുക്കിക്കൊല്ലാനുള്ള അണിയറ ഒരുക്കങ്ങൾ നടക്കുന്നു. മറുവശത്ത്, പൊതുജനം ശാരീരികമായും മാനസികമായും

തകർന്നുകൊണ്ടിരിക്കുന്നു. സർക്കാരിന്റെ തന്നെ പദ്ധതിയായ “അമൃതം ആരോഗ്യം” എന്നതിലൂടെ പത്തു ലക്ഷ ത്തിലധികം പേരാണ് പുകയില ഉപയോഗം വഴിയുണ്ടായിട്ടുള്ള രോഗങ്ങൾക്ക് ചികിത്സയ്ക്കായി രജിസ്റ്റർ ചെയ്തിരിക്കുന്നത്. ഇതിന്റെ രണ്ടാംഘട്ടത്തിൽ 23 ലക്ഷം പേർക്കാണ് ചികിത്സ നൽകാൻ ലക്ഷ്യമിട്ടിരിക്കുന്നത്. കേരളം ഇപ്പോൾ എവിടെ എത്തി നിൽക്കുന്നു എന്നതിന്റെ നേർക്കാഴ്ചയാണ് ഇവിടെ നാം കാണുന്നത്. നമ്മുടെ നാടിന്റെ എല്ലാ മുക്കിലും മൂലയിലും ലഹരി മാഫിയാകൾ സ്ഥാനമുറപ്പിച്ചു കഴിഞ്ഞു. കേവലം, 18 വയസ്സിന് താഴെ പ്രായമുള്ളവരുടെ ‘കുട്ടിഗുണ്ടാ സംഘങ്ങൾ’ ലഹരിക്കടി മപ്പെട്ട് ചേരിതിരിഞ്ഞുള്ള ആക്രമണങ്ങൾ ഇവിടെ നടമാടുമ്പോഴും അധികാരികളുടെ കണ്ണുകൾ അടഞ്ഞു തന്നെ.

കേരളത്തിൽ അതിവേഗം വളർന്നുവരുന്ന മദ്യ-രാസലഹരി മാഫിയായെ അമർച്ച ചെയ്യുവാൻ എല്ലാവർക്കും ബാധ്യതയുണ്ട്. സർക്കാർ വിവിധ പദ്ധതികൾ നടപ്പിലാക്കാൻ ശ്രമിക്കുന്നു വെങ്കിലും ഒന്നും ഫലം കാണുന്നില്ല. ഒന്നാമതായി, രാസ ലഹരിയുടെ ദോഷഫലങ്ങൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തണം. അഞ്ചാം ക്ലാസ് മുതൽ കോളേജ് തലംവരെയുള്ള ക്ലാസു കളിൽ മദ്യ-രാസ ലഹരിയുടെ തിക്തഫലങ്ങൾ വിശദമായി പഠിപ്പിക്കണം. സംസ്ഥാന അതിർത്തികളിലും റെയിൽവേ സ്റ്റേഷനുകളിലും ബസ് സ്റ്റാൻഡുകളിലും നിരീക്ഷണം ശക്തമാക്കണം. കേരളത്തി ലേക്ക് തൊഴിൽ തേടി പുറത്തു നിന്നുവരുന്നവരെ സമ്പൂർണ്ണ പരിശോധനയ്ക്ക് വിധേയമാക്കണം. നമ്മുടെ മതബോധന ക്ലാസുകളിൽ ഈ വിഷയം ഗൗരവമായി പഠിപ്പിക്കണം. കേരള ഹൈക്കോടതിയുടെ അഭിപ്രായത്തിൽ, യുവതലമുറയെയും പൊതുജനങ്ങളുടെ ആരോഗ്യത്തെയും തകർക്കുന്ന ആഗോള പകർച്ചവ്യാധിയാണ് മദ്യവും രാസലഹരികളും. നാടിന്റെ സാമ്പത്തിക സ്ഥിരതയെയും അതിന്റെ ബഹുവിധ സംവിധാന ങ്ങളെയും ഇത് നശിപ്പിക്കുന്നു. മദ്യ-ലഹരിയുടെ വിപണന ത്തിനും ഉപയോഗത്തിനും ശാശ്വത പരിഹാരം കാണുവാൻ സഭയ്ക്കും സഭയിലെ എല്ലാ വിശ്വാസികൾക്കും കടമയുണ്ട്. മാരകമായ ഈ വിപത്ത് സംബന്ധിച്ച് വിശ്വാസികൾ ബോധ്യ മുള്ളവരാകണം. കൂട്ടായപ്രാർത്ഥനകളും, ബോധവൽ ക്കരണവും, മദ്യവിരുദ്ധ പ്രവർത്തനങ്ങളും ഇടവകകളിലും കുടുംബ ങ്ങളിലും നടത്തണം.

“ലഹരിയുടെ ഉപയോഗം വ്യക്തിയുടെ ആരോഗ്യവും ജീവിതവും നശിപ്പിക്കുന്നു” (YOUCAT- 389). രാസ ലഹരിയുടെ വിനാശകരമായ പാർശ്വഫലങ്ങൾ വ്യക്തമാക്കിക്കൊണ്ട് വിശുദ്ധ ജോൺപോൾ രണ്ടാമൻ മാർപാപ്പ ഇപ്രകാരം പറഞ്ഞു: മയക്കുമരുന്ന് കച്ചവടക്കാർ മരണ സംസ്കാരത്തിന്റെ വ്യാപാരി കളാണ്. ചുരുക്കത്തിൽ, മയക്കുമരുന്നിന്റെ

ഉപയോഗത്തെ എതിർക്കുകയും സമൂഹത്തിൽ നിന്ന് അത് ഇല്ലാതാക്കുകയും ചെയ്യുകയെന്നത് ഓരോ ക്രൈസ്തവന്റെയും ധർമ്മമാണ്. ഈ വിഷയത്തിൽ സഭയും സമൂഹവും അനുഭവിക്കുന്ന വെല്ലുവിളി കളെ നേരിടാനും ഫലപ്രദമായി പരിഹാരം കണ്ടെത്തുവാനുമായി കെ.സി.ബി.സിയുടെ വിവിധ കമ്മീഷനുകൾ എല്ലാ സഹകരണ ങ്ങളും വാഗ്ദാനം ചെയ്തിട്ടുണ്ട്. കേരള സഭയിലെ എല്ലാ അല്മായ പ്രസ്ഥാനങ്ങളും സംഘടനകളും ലഹരിക്കെതിരെയുള്ള പോരാട്ടത്തിൽ പങ്കാളികളാകണം. മദ്യ-ലഹരിവിരുദ്ധ ഞായർ ആചരിക്കുന്ന ഈ അവസരത്തിൽ സഭയുടെ പ്രേഷിത ദൗത്യ ത്തെക്കുറിച്ച് ചിന്തിക്കുകയും മദ്യ-രാസ ലഹരിയിൽ സഭാമക്കൾ ഉൾപ്പെടാതിരി ക്കുകയും വേണം. മദ്യത്തിന്റെ ലഭ്യത കുറയ്ക്കുക, മദ്യ-രാസ ലഹരിക്ക് അടിമപ്പെടുന്നവരെ ചികിത്സിക്കുക, ബോധ വൽക്കരണ പ്രവർത്തനങ്ങൾ ശക്തമാക്കുക എന്നീ ത്രിമാന പരിപാടികളിലൂടെ സമ്പൂർണ്ണ വിമോചനം നേടിയെടുക്കുവാനും, ഈ സാമൂഹ്യ വിപത്തിനെതിരെയുള്ള പോരാട്ടങ്ങൾ ശക്തമാക്കു വാനും ഈ മദ്യ-ലഹരിവിരുദ്ധ ഞായർ ആചരണം സഹായക മാകട്ടെ എന്ന് ആശംസിക്കുന്നു! ഈ ലക്ഷ്യം നേടിയെടുക്കാൻ കൂട്ടായി പ്രവർത്തിക്കാം. മാർച്ച് 23-ാം തീയതി ഞായറാഴ്ചയിലെ സ്തോത്രകാഴ്ച മദ്യ-ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ നടത്തു വാൻ രൂപതാ കേന്ദ്രത്തിൽ നൽകണമെന്ന് സ്നേഹത്തോടെ അഭ്യർത്ഥിക്കുന്നു.

മിശിഹായിൽ സ്നേഹപൂർവ്വം,

**ബിഷപ്പ് യൂഹാനോൻ മാർ തെയഡോഷ്യസ്**
(ചെയർമാൻ, കെ.സി.ബി.സി മദ്യ-ലഹരിവിരുദ്ധ സിമിതി)
**ബിഷപ്പ് ആർ. ക്രിസ്തുദാസ്**
(വൈസ് ചെയർമാൻ)
**ബിഷപ്പ് സെബാസ്റ്റ്യൻ വാണിയപുരയ്ക്കൽ**
(വൈസ് ചെയർമാൻ)

N.B: *ഈ സർക്കുലർ 2025 മാർച്ച് 23-ാം തീയതി ഞായറാഴ്ച കേരളത്തിലെ സീറോ മലബാർ, ലത്തീൻ, സീറോ മലങ്കര കത്തോലിക്കാ സഭകളിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കണം.*

# 33-ാമത് ലോക രോഗീദിനത്തിൽ പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പാ നൽകുന്ന സന്ദേശം

**(ഫെബ്രുവരി 11, 2025)**

**"പ്രത്യാശ നമ്മെ നിരാശരാക്കുന്നില്ല" (റോമാ 5:5), മറിച്ച് പരീക്ഷണകാലത്ത് അത് നമ്മെ ബലപ്പെടുത്തുന്നു.**

പ്രിയ സഹോദരീസഹോദരന്മാരേ,

ഈ ജൂബിലി വർഷം 2025-ൽ നാം 33-ാമത് ലോക രോഗീദിനം ആചരിക്കുന്നു. ജൂബിലി വർഷത്തിൽ "പ്രത്യാശയുടെ തീർത്ഥാടകർ" ആകാൻ സഭ നമ്മെ ക്ഷണിക്കുന്ന വേളയിലാണ് ഈ ദിനം നാം ആചരിക്കുന്നത്. ഈ പശ്ചാത്തലത്തിൽ ദൈവവചനം നമ്മെ അനുഗമനം ചെയ്യുകയും വിശുദ്ധ പൗലോസിന്റെ വാക്കുകളിൽ നമുക്കു പ്രോത്സാഹജനകമായ ഒരു സന്ദേശം നൽകുകയും ചെയ്യുന്നു: "പ്രത്യാശ നമ്മെ നിരാശരാക്കുന്നില്ല'' (റോമാ 5:5); യഥാർത്ഥത്തിൽ, അത് പരീക്ഷണകാലത്ത് നമ്മെ ബലപ്പെടുത്തുന്നു.

ഈ വാക്കുകൾ ആശ്വാസദായകമാണ്; അതേസമയം അവ പരിഭ്രമജനകവും ആകാം, ഏറെ പ്രത്യേകിച്ച്, സഹനത്തിൽ ആയിരിക്കുന്നവർക്ക്. ഉദാഹരണത്തിന്, ശരീരത്തെ ദുർബലപ്പെടുത്തുന്ന രോഗങ്ങൾക്ക് വിധേയമായിരിക്കുമ്പോൾ നമുക്ക് എങ്ങനെ യാണ് ബലമുള്ളവർ ആയിരിക്കാൻ സാധിക്കുന്നത്? വിശേഷിച്ച്, അതിന്റെ ചികിത്സയ്ക്കായുള്ള ചിലവ് ഭാരിച്ചതായിരിക്കുമ്പോൾ! മാത്രമല്ല, നമ്മുടെ സഹനത്തോടൊപ്പം തന്നെ, നമ്മെ പിന്താങ്ങുന്നവർക്കും സ്നേഹിക്കുന്നവർക്കും നമ്മെ സഹായിക്കാൻ കഴിയാതെ വരുന്നതു കാണുമ്പോൾ നമുക്ക് എങ്ങനെ ശക്തരായിരിക്കാൻ സാധിക്കും? ഇതുപോലുള്ള സാഹചര്യങ്ങളിൽ, നമുക്കുള്ളതിലും അധികമായി ശക്തി നമുക്ക് ആവശ്യമായി വരുന്നു. നമുക്ക് ദൈവത്തിന്റെ സഹായം ആവശ്യമാണെന്ന് നാം മനസ്സിലാക്കുന്നു; അവിടത്തെ ആത്മാവിന്റെ ദാനമായ കൃപയും പരിപാലനയും ബലവും നമുക്ക് ആവശ്യമാണ് (*കത്തോലിക്കാ സഭയുടെ മതബോധന ഗ്രന്ഥം*, 1808 കാണുക).

സഹനത്തിൽ ആയിരിക്കുന്നവർക്ക് ദൈവം എപ്രകാരം സമീപസ്ഥൻ ആണെന്നു നമുക്ക് ഒരു വിചിന്തനം ചെയ്യാം, അതും മൂന്നു വിധത്തിൽ: കണ്ടുമുട്ടലിൽ, വരദാനമായി, പങ്കുവയ്ക്കലിൽ.

1. കണ്ടുമുട്ടൽ: യേശു തന്റെ 72 ശിഷ്യരെ ദൗത്യവുമായി പറഞ്ഞയച്ചപ്പോൾ (ലൂക്കാ 10:1-9 കാണുക), രോഗികളോടു "ദൈവരാജ്യം നിങ്ങളുടെ അടുക്കലേക്ക് എത്തിയിരിക്കുന്നു" (10:9) എന്നു പറയാൻ ആവശ്യപ്പെട്ടു. മറ്റു വാക്കുകളിൽ പറഞ്ഞാൽ, തങ്ങളുടെ രോഗം, വേദനാപൂരിതവും അഗ്രാഹ്യവുമാണെങ്കിൽ പ്പോലും കർത്താവിനെ കണ്ടുമുട്ടാനുള്ള ഒരവസരം ആണെന്നു കാണാൻ രോഗികളെ സഹായിക്കാൻ അവിടന്ന് അവരോടു നിർദേശിക്കുകയായിരുന്നു. രോഗങ്ങളുടെ നേരത്ത് നാം ശാരീരികവും മാനസികവും ആത്മീയവുമായ തലങ്ങളിൽ നമ്മുടെ മാനുഷിക ബലഹീനത തിരിച്ചറിയുന്നു. അതേ സമയംതന്നെ, ദൈവത്തിന്റെ സാമീപ്യവും അനുകമ്പയും നാം അനുഭവിക്കുകയും ചെയ്യുന്നു; എന്തെന്നാൽ, യേശുവിലൂടെ ദൈവം നമ്മുടെ മാനുഷിക സഹന ത്തിൽ പങ്കുചേരുകയുണ്ടായി. ദൈവം നമ്മെ ഉപേക്ഷിക്കാറില്ല; പലപ്പോഴും ഒരിക്കലും പ്രതീക്ഷിക്കാത്തതും സ്വന്തമായി നാം കണ്ടെത്താൻ സാധ്യത യില്ലാതിരുന്നതുമായ ശക്തി നമുക്കു പകർന്നു തന്നുകൊണ്ട് ദൈവം നമ്മെ ആശ്ചര്യപ്പെടുത്താറുണ്ട്.

അതിനാൽ, രോഗം രൂപാന്തരപ്പെടുത്തുന്ന കണ്ടുമുട്ടലിന്റെ അവസരമായി ഭവിക്കുന്നു; അതായത്, ജീവിതത്തിന്റെ കൊടുങ്കാറ്റുകളുടെ മധ്യേ നമുക്ക് അഭയംപ്രാപിക്കാവുന്ന ബലമുള്ള ശില; വലിയ വില കൊടുത്താണെങ്കിലും നമ്മെ കൂടുതൽ ശക്തരാക്കുന്ന ഒരനുഭവം; കാരണം, നാം ഒറ്റയ്ക്കല്ല എന്ന് അത് നമ്മെ പഠിപ്പിക്കുന്നു. സഹനം എപ്പോഴും ദുർഗ്രാഹ്യമാംവിധം രക്ഷയുടെ ഒരു വാഗ്ദാനം അതിൽതന്നെ പകർന്നുതരുന്നു; എന്തെന്നാൽ, ദൈവത്തിന്റെ സാമിപ്യവും അവിടത്തെ ആശ്വാസദായകമായ സാന്നിധ്യവും അത് നമുക്ക് അനുഭവവേദ്യമാക്കുന്നു. അങ്ങനെ, "സുവിശേഷത്തിന്റെ പൂർണത, അതിന്റെ വാഗ്ദാനത്തിനും ജീവനുമോടൊപ്പം" മനസ്സിലാ ക്കാൻ നമുക്ക് കഴിയുന്നു (വിശുദ്ധ ജോൺ പോൾ രണ്ടാമൻ, യുവജനങ്ങളോടുള്ള പ്രഭാഷണം, New Orleans, 12 September 1987).

2. സഹനത്തിൽ ആയിരിക്കുന്നവർക്ക് ദൈവം എങ്ങനെയാണ് സമീപസ്ഥനായിരിക്കുന്നത് എന്ന രണ്ടാമത്തെ ചിന്തയിലേക്ക് ഇത് നമ്മെ നയിക്കുന്നു: വരദാനമായി. മറ്റെന്തിനേക്കാളുമുപരിയായി, കർത്താവിൽ നിന്നാണ് പ്രത്യാശ വരുന്നതെന്ന് സഹനം നമ്മെ ബോധ്യപ്പെടുത്തുന്നു. അതിനാൽ, പ്രഥമവും പ്രധാനവുമായി സഹനം സ്വീകരിക്കപ്പെടേണ്ടതും ഉൾക്കൊള്ളേ ണ്ടതുമായ ഒരു വരദാനമാണ്; മദ്ലേൻ ഡെൽബ്രേൽ സൂചിപ്പിക്കുന്നതനുസരിച്ച്, അപ്രകാരം ചെയ്യുന്നത്, "ദൈവത്തിന്റെ വിശ്വസ്തതയോടു വിശ്വസ്തമായിരിക്ക ന്നതുവഴിയാണ്" (cf. *La speranza è una luce nella notte*, [രാത്രിയിലെ ഒരു വിളക്കാണ് പ്രത്യാശ] Vatican City 2024, Preface).

യഥാർത്ഥത്തിൽ, ക്രിസ്തുവിന്റെ ഉയർപ്പിൽ മാത്രമാണ് നമ്മുടെ തന്നെ ജീവിതവും ഭാഗധേയവും നിത്യതയുടെ അനന്തചക്രവാ ളത്തിൽ അതിന്റെ സ്ഥാനം കണ്ടെത്തുന്നത്. "മരണത്തിനോ ജീവനോ ദൂതന്മാർക്കോ അധികാരങ്ങൾക്കോ ഇപ്പോഴുള്ളവയയ്ക്കോ വരാനിരിക്കുന്നവയ്ക്കോ ശക്തികൾക്കോ ഉയരത്തിനോ ആഴത്തിനോ മറ്റേതെങ്കിലും സൃഷ്ടിക്കോ നമ്മുടെ കർത്താവായ ക്രിസ്തു യേശു വിലൂടെയുള്ള ദൈവസ്നേഹത്തിൽനിന്ന് നമ്മെ വേർപെടുത്താൻ കഴിയില്ല" (റോമാ 8:38-39) എന്ന ഉറപ്പ് നമുക്ക് ലഭ്യമാകുന്നത് യേശുവിന്റെ പെസഹാരഹസ്യത്തിൽ മാത്രമാണ്. ഈ "വലിയ പ്രത്യാശ" ആണ് ജീവിതത്തിന്റെ പരീക്ഷണങ്ങളിലും പ്രതിസന്ധിക ളിലും വഴി കണ്ടെത്തി മുന്നോട്ടുപോകാൻ നമ്മെ സഹായിക്കുന്ന എല്ലാ ചെറിയ മങ്ങിയ വെളിച്ചങ്ങളുടെയും ഉറവിടമായിരിക്കുന്നത് (ബെനഡിക്ട് XVI, പ്രത്യാശയിൽ രക്ഷ, 27, 31 കാണുക). എമ്മാവൂസി ലേക്കുള്ള വഴിയിൽ ശിഷ്യരോടൊപ്പം എന്നപോലെ, ഉത്ഥിതനായ കർത്താവ് നമ്മുടെ ചാരെ സഹയാത്രികനായി നമ്മെ അനുഗമനം ചെയ്യുന്നു (ലൂക്കാ 24:13-53 കാണുക). അവരെപ്പോലെ നമുക്കും നമ്മുടെ ഉത്കണ്ഠകളും താല്പര്യങ്ങളും ആശാഭംഗങ്ങളും അവനോടു പങ്കുവയ്ക്കുകയും നമ്മെ പ്രകാശിപ്പിക്കുകയും നമ്മുടെ ഹൃദയത്തെ ഉന്മേഷഭരിതമാക്കുകയും ചെയ്യുന്ന അവന്റെ വചനം ശ്രവിക്കുകയും ചെയ്യാം. അവരെപ്പോലെതന്നെ അപ്പം മുറിക്കലിൽ അവന്റെ സാന്നിധ്യം നമുക്ക് തിരിച്ചറിയാം; അങ്ങനെ ഇപ്പോഴും നമ്മുടെ സമീപത്തേക്കു വരുകയും നമ്മുടെ ധൈര്യവും ആത്മവിശ്വാ സവും വീണ്ടെടുത്തുനൽകുകയും ചെയ്യുന്ന ആ "വലിയ യാഥാർഥ്യം" നമുക്കു തിരിച്ചറിയുകയും ചെയ്യാം.

3. ദൈവം നമുക്ക് സമീപസ്ഥം ആയിരിക്കുന്ന മൂന്നാമത്തെ വഴിയിലേക്ക് നമുക്ക് തിരിയാം: പങ്കുവയ്ക്കൽ വഴിയായി. സഹന ത്തിന്റെ വേദികൾ പലപ്പോഴും പങ്കുവയ്ക്കലിന്റെയും പരസ്പരം സമ്പന്നമാക്കുന്ന തിന്റെയും വേദികളാണ്. രോഗികളുടെ കിടക്കകൾക്കരികിൽ എത്രയോ പ്രാവശ്യമാണ് നാം പ്രത്യാശിക്കാൻ പഠിച്ചി ട്ടുള്ളത്? സഹനത്തിൽ ആയിരിക്കുന്നവരുടെ സമീപത്തായിരുന്നു കൊണ്ട് എത്രയോ പ്രാവശ്യമാണ് നാം വിശ്വസിക്കാൻ പഠിച്ചിട്ടുള്ളത്? എത്രയോ പ്രാവശ്യമാണ് ആവശ്യങ്ങളിൽ ഇരിക്കുന്നവരെ ശുശ്രൂഷിച്ചുകൊണ്ട് നാം സ്നേഹം കണ്ടെത്തിയിട്ടുള്ളത്? നാം പ്രത്യാശയുടെ "മാലാഖമാരും" പരസ്പരം ദൈവത്തിന്റെ സന്ദേശ വാഹകരും ആണെന്നു നമുക്ക് ബോധ്യപ്പെടുന്നു; നമ്മളെല്ലാവരും ഒരുമിച്ചാണ് അപ്രകാരം ആയിരിക്കുന്നത്: രോഗികളോ വൈദ്യന്മാരോ നേഴ്സുമാരോ കുടുംബാംഗങ്ങളോ സുഹൃത്തുക്കളോ വൈദികരോ സന്യാസീ സന്യാസിനികളോ ഒക്കെയായി; നാം എവിടെയായാലും - കുടുംബത്തിലോ,

ആശുപത്രികളിലോ ആതുരാല യങ്ങളിലോ വൈദ്യശാലകളിലോ ചികിത്സാകേന്ദ്രങ്ങളിലോ ഒക്കെയായാലും, അപ്രകാരമാകാം.

കൃപനിറഞ്ഞ പ്രസ്തുത കണ്ടുമുട്ടലുകളുടെ സൗന്ദര്യവും പ്രാധാന്യവും എങ്ങനെ വിലമതിക്കാൻ ആകുമെന്നു നാം പഠിക്കേണ്ടിയിരിക്കുന്നു. ഒരു നേഴ്സിന്റെ ആർദ്രമായ പുഞ്ചിരിയും, ഒരു രോഗിയുടെ കൃതജ്ഞതയും പ്രതീക്ഷയും, ഒരു ഭിഷഗ്വരന്റെയോ സന്നദ്ധസേവകന്റെയോ ശ്രദ്ധയാർന്ന മുഖവും, ഒരു ദമ്പതിയുടെയോ ഒരു കുട്ടിയുടെയോ പേരക്കുട്ടിയുടെയോ പ്രിയപ്പെട്ട സ്നേഹിതന്റെയോ ഉത്ക്കൺഠാജനകവും അതേസമയം പ്രത്യാശാജനകവു മായ നോട്ടവും ഒക്കെ വിലപ്പെട്ടതായി കരുതാൻ നാം പഠിക്കേണ്ടിയിരിക്കുന്നു. ഇവയെല്ലാംതന്നെ സൂക്ഷിക്കപ്പെടേണ്ട പ്രകാശകിരണങ്ങളാണ്; വിപത്തിന്റെ ഇരുണ്ട രാത്രിയിൽപ്പോലും അവർ നമുക്ക് ശക്തി പകരുന്നു; അതോടൊപ്പംതന്നെ ജീവിതത്തിന്റെയും സ്നേഹത്തിന്റെയും സാമിപ്യത്തിന്റെയും ആഴമാർന്ന അർഥം നമ്മെ പഠിപ്പിക്കുക യും ചെയ്യുന്നു (ലൂക്കാ 10:25-37 കാണുക). രോഗികളായവരോ സഹനത്തി ലായിരിക്കുന്നവരെ പരിചരിക്കുന്നവരോ ആയ സഹോദരീസഹോദരന്മാർ ഈ ജൂബിലി വർഷത്തിൽ വളരെ പ്രധാനപ്പെട്ട ഒരു പ്രവൃത്തി നിർവഹിക്കുന്നവരാണ്. പ്രിയപ്പെട്ടവരേ, നിങ്ങളുടെ ഒരുമിച്ചുള്ള യാത്ര എല്ലാവർക്കും ഒരു അടയാളമാണ്: "മനുഷ്യമഹാ ത്മ്യത്തിന് ഒരു ഗീതം, പ്രത്യാശയുടെ ഒരു പാട്ട്" (*പ്രത്യാശ നമ്മെ നിരാശരാക്കുന്നില്ല*, 11). അതിന്റെ രാഗങ്ങൾ ആരോഗ്യപരിപാലന കേന്ദ്രങ്ങളുടെ മുറികളുടെയും കിടക്കുകളുടെയും അപ്പുറത്ത് പോകുന്നതാണ്; അവ ഉപവിയിൽ "ഒരു സമൂഹത്തിന്റെ മുഴുവൻ സംഘഗാനപരമായ പങ്കാളിത്തം" (*പ്രത്യാശ നമ്മെ നിരാശരാക്കു ന്നില്ല*, 11) പുറത്തെടുക്കാൻ സഹായകമാകും; അപ്രകാരമുള്ള ഒരു സ്വരച്ചേർച്ചയിൽ എത്തിച്ചേരുന്നത് പലപ്പോഴും ബുദ്ധിമുട്ടുള്ള കാര്യമാണ്; ഇക്കാരണത്താൽതന്നെ അത് ഏറെ ആശ്വാസദായകവും ശക്തവും ആണ്; ഏറ്റവും ആവശ്യമുള്ളിടത്തെല്ലാം പ്രകാശവും ഊഷ്മളതയും പകരാൻ അതിനു കഴിയും.

ഇക്കാര്യത്തിൽ, സഭ മുഴുവൻ നിങ്ങൾക്കു നന്ദി പറയുന്നു. ഞാൻതന്നെയും അപ്രകാരം ചെയ്യുകയും എന്റെ പ്രാർഥനയിൽ നിങ്ങളെ എപ്പോഴും ഓർക്കുകയും ചെയ്യുന്നു. രോഗികളുടെ ആരോഗ്യമായ കന്യകമറിയത്തിനു നിങ്ങളെ ഞാൻ ഭരമേൽപ്പിക്കുന്നു.നമ്മുടെ വളരെയേറെ സഹോദരീസഹോദരന്മാർ തങ്ങളുടെ ആവശ്യ നേരത്ത് അവളോടു നടത്തിയ പ്രാർഥനാവരികൾ ഞാൻ ഉപയോഗ പ്പെടുത്തുന്നു:

പരിശുദ്ധ ദൈവമാതാവേ, അങ്ങയുടെ സംരക്ഷണത്തിനായി ഞങ്ങൾ ഓടിയണയുന്നു.
ഞങ്ങളുടെ ആവശ്യനേരത്ത് ഞങ്ങളുടെ അപേക്ഷകൾ ഉപേക്ഷി ക്കരുതേ. മഹത്വപൂർണയും അനുഗ്രഹീതയുമായ കന്യകേ,
എല്ലാ ആപത്തുകളിൽനിന്നും ഞങ്ങളെ എപ്പോഴും കാത്തുകൊള്ള ണമേ.
നിങ്ങളെയും നിങ്ങളുടെ കുടുംബങ്ങളെയും നിങ്ങളുടെ പ്രിയപ്പെട്ടവരെയും ഞാൻ ആശീർവദിക്കുന്നു. ദയവായി എനിക്കു വേണ്ടികൂടെ പ്രാർഥിക്കാൻ വിസ്മരിക്കരുതേ.

റോമിലെ ജോൺ ലാറ്ററൻ ദേവാലയത്തിൽനിന്ന് 2025 ജനുവരി 14-ാം തീയതി നൽകിയത്.

**ഫ്രാൻസിസ് പാപ്പാ**

*സർക്കുലർ 02/2025*

# വിലങ്ങാട് പുനരധിവാസം

മിശിഹായിൽ പ്രിയ സഹോദരീ സഹോദരന്മാരേ,

2024 ജൂലൈ 30ന് ചൂരൽമലയിലും വിലങ്ങാടും ഉണ്ടായ ഉരുൾപൊട്ടൽ ദുരന്തത്തിൽ ജീവനോപാദികൾ നഷ്ടപ്പെട്ടവരുടെ പുനരധിവാസം സംബന്ധിച്ച് നിങ്ങളെ അറിയിക്കുന്നതിനാണ് ഞാനീ കത്തെഴുതുന്നത്.

ഈ പ്രകൃതി ദുരന്തത്തിൽ ഒട്ടേറെ പേർക്ക് ജീവനും വീടും സ്ഥലവും നഷ്ടപ്പെട്ടു. മുഖ്യധാര മാധ്യമങ്ങളുടെയും സർക്കാർ സംവിധാനങ്ങളുടെയും ശ്രദ്ധ മുഴുവൻ വയനാട്ടിലുണ്ടായ അതിഭീകര ദുരന്തത്തോടൊപ്പമായിരുന്നതിനാൽ വിലങ്ങാടുണ്ടായ ദുരന്തം പൊതുസമൂഹത്തിന്റെ മുമ്പിൽ വേണ്ടത്ര ശ്രദ്ധ നേടാതെ പോയിരുന്നു. ഈ അവസരത്തിൽ സഹായ ഹസ്തവുമായി ആദ്യം ഓടിയെത്തിയത് വിലങ്ങാട് പ്രദേശത്തുള്ള വൈദികരോടും ദൈവജനത്തോടുമൊപ്പം നമ്മുടെ രൂപത സംവിധാനങ്ങളായ സി.ഒ.ഡി.യും യുവജന പ്രസ്ഥാനവും തദ്ദേശവാസികളായ സന്നദ്ധ പ്രവർത്തകരുമായിരുന്നു.

ദുരിതബാധിതർക്ക് അടിയന്തിരമായി ആവശ്യമായിരുന്ന സാമ്പത്തിക സഹായവും ഭക്ഷണ സാധനങ്ങളും മറ്റും ഉടൻതന്നെ അവിടെ എത്തിച്ചു

കൊടുക്കാൻ സാധിച്ചു. 11 വീടുകൾ പൂർണമായും 30 ൽ അധികം വീടുകൾ ഭാഗികമായും തകർന്നിരുന്നു. വളരെപ്പേരുടെ കൃഷിയിടങ്ങൾ പൂർണമായി ഒലിച്ചുപോയി. ഭവനവും കൃഷിയിടങ്ങളും നഷ്ടപ്പെട്ടവരുടെ പുനരധിവാസ മായിരുന്നു നമ്മുടെ ഏക ലക്ഷ്യം. ഇക്കാര്യം ഞാൻ നിങ്ങൾക്കും മറ്റ് അഭ്യുദയ കാംക്ഷികൾക്കും എഴുതിയപ്പോൾ എല്ലാവരുടെയും നിർല്ലോഭമായ സഹകരണം നമുക്കു ലഭിച്ചു.

നമ്മുടെ രൂപതയിലെ ഇടവകകളിൽ നിന്നും മറ്റുള്ളവരിൽ നിന്നുമായി നമുക്ക് ലഭിച്ചത് ഒരു കോടി തൊണ്ണൂറ്റിയഞ്ച് ലക്ഷത്തി എഴുപത്തി ആറായിരത്തി മൂന്ന് രൂപയാണ് (1,95,76,003). ഇതിൽ ഒരു കോടി മുപ്പത്തിരണ്ട് ലക്ഷത്തി തൊണ്ണൂറ്റിനാലായിരത്തി തൊള്ളാ യിരത്തി മൂന്ന് രൂപ (1,32,94,903) നമ്മുടെ 111 ഇടവകകളിൽ നിന്നും ലഭിച്ചതാണ്. 41 വീടുകളാണ് നമുക്ക് നിർമ്മിച്ചു നൽകേണ്ടത്. മഞ്ഞക്കുന്ന് 30, വിലങ്ങാട് 9, പാലൂർ 2 എന്ന ക്രമത്തിലാണ് ഭവനങ്ങൾ നിർമ്മിക്കേണ്ടത്.

വിലങ്ങാട് പുനരധിവാസ നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിച്ചു കഴിഞ്ഞു. ഇതിന്റെ ഉദ്ഘാടനം 2024 ഡിസംബർ 20ന് കെ.സി.ബി.സി. പ്രസിഡന്റ് മാർ ബസേലിയോസ് കാർഡിനൽ ക്ലീമീസ് നിർവ്വഹിച്ചു. 3 കിടപ്പുമുറികളുള്ള 1000 ചതുരശ്ര അടി വിസ്തൃതിയുള്ള വീടുകളാണ് നിർമിച്ചു നല്കുന്നത്. സ്ഥലത്തിന് പുറമെ, വീടൊന്നിന് 15 ലക്ഷം രൂപയാണ് ചിലവ് വരിക. ഏകദേശം 8 കോടി 20 ലക്ഷം രൂപയാണ് നിർമാണപ്രവർത്തനങ്ങൾക്ക് വേണ്ടി വരുന്നത്. കെ.സി.ബി.സി., സമർപ്പിത സമൂഹങ്ങൾ, മറ്റ് സന്നദ്ധ സംഘടനകൾ, രൂപതകൾ, ഇടവകകൾ, വ്യക്തികൾ എന്നിവരുടെ സഹായം ഈ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഉണ്ടാകുമെന്ന് നമുക്ക് ഉറപ്പ് ലഭിച്ചിട്ടുണ്ട്. സ്ഥലത്തിന്റെ ലഭ്യത അനുസരിച്ചാണ് പണികൾ പുരോഗമിക്കുന്നത്. നിർമ്മാണ പ്രവർത്തനങ്ങളുടെ പുരോഗതി നിങ്ങളെ അറിയിച്ചുകൊള്ളാം.

വിലങ്ങാട് ദുരന്തത്തിൽ ജീവനോപാധികൾ നഷ്ടപ്പെട്ടവരുടെ പുനരധിവാസത്തിനായി സഹായിക്കുകയും സഹകരിക്കുകയും ചെയ്യുന്ന നിങ്ങളുടെ സന്മനസ്സിനും സഹകരണത്തിനും നന്ദി,

ഈശോയിൽ സ്നേഹപൂർവം,



✠റെമീജിയോസ് ഇഞ്ചനാനിയിൽ

**താമരശ്ശേരി രൂപതയുടെ മെത്രാൻ**

# കച്ചേരിക്കാര്യം

## 1. New appointments

Rev. Fathers

| | | |
|---|---|---|
| Murkkanattukaran Antony CMI | : | Vicar, Vettathur |
| Kozhaliparambil Lonappen CMI | : | Relieved, Vettathur |
| Anikkattu Joseph CMI | : | Asst. Vicar, Kodanchery |

### SMART Mekhala Directors

Rev. Fathers

| | | |
|---|---|---|
| Neelamparambil Michael | : | Koorachund |
| Kumpuckal George | : | Thamarassery |
| Kadukakanmakkel Geo | : | Kodenchey |
| Thittayil Jacob | : | Thiruvambady |

### CML Mekahala Directors

Rev. Fathers

| | | |
|---|---|---|
| Joseph Panthaplackal | : | Thiruvambady |
| Joseph Vettukallel | : | Kodanchery |
| Michael Neelamparambil | : | Koorachundu |

## 2. പ്രസ്ബിറ്ററൽ കൗൺസിൽ – മാർച്ച് 4

12-ാമത് പ്രസ്ബിറ്ററൽ കൗൺസിലിന്റെ 5-ാമത് സമ്മേളനം മാർച്ച് 4-ാം തീയതി ചൊവ്വാഴ്ച രാവിലെ 10 മണിക്ക് രൂപതാഭവനിൽ വച്ച് ചേരുന്നതാണ്. അംഗങ്ങൾ എല്ലാവരും പങ്കെടുക്കണമെന്ന് ഓർമിപ്പിക്കുന്നു.

## 3. പാരീഷ് സെക്രട്ടറിമാരുടെ യോഗം – മാർച്ച് 8

രൂപതയിലെ എല്ലാ പാരീഷ് സെക്രട്ടറിമാരുടെ മീറ്റിംഗ് മാർച്ച് 8-ാം തീയതി ശനിയാഴ്ച രാവിലെ 10.30 ന് രൂപതാഭവനിൽ വച്ച് ചേരുന്നതാണ്.

## 4. ഇടവകകളിലെ കണക്കുകൾ – Online Submit

ഇടവകകളിലെ കണക്കുകൾ ഓൺലൈൻ ആയി Submit ചെയ്യേണ്ടതാണ്. ഇതുവരെയും Submit ചെയ്യാത്ത ഇടവകകൾ എത്രയുംവേഗം Submit ചെയ്യേണ്ടതാണ്.

**5. രൂപതാവിഹിതം (7.5%), പൊതുപിരിവുകൾ**

രൂപതാനിയമാവലിയിൽ പറഞ്ഞിരിക്കുന്നതുപോലെ ഇടവകയുടെ വാർഷിക വരുമാനത്തിന്റെ 7.5% രൂപതാവിഹിതമായി നൽകേണ്ടതാണ്. വാർഷിക തിരട്ട് പാസാക്കുന്നതിനും പുതുതായി തെരഞ്ഞെടുക്കപ്പെടുന്ന കൈക്കാരന്മാരുടെ പേരുകൾ അംഗീകാരത്തിനായി സമർപ്പിക്കുന്നതിനും മുമ്പ് രൂപതാവിഹിതം അടച്ചു തീർക്കണമെന്ന് അറിയിക്കുന്നു.

രൂപതാവിഹിതം ഈ വർഷം ഫൊറോനകേന്ദ്രങ്ങളിൽവച്ച് സ്വീകരിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾ ഫൊറോന വികാരി യച്ചന്മാർ വഴി അറിയിക്കുന്നതാണ്.

2024-25 സാമ്പത്തിക വർഷത്തെ പൊതുപിരിവുകൾ ഇനിയും അടച്ചു തീർക്കാനുള്ള ഇടവകകൾ എത്രയുംവേഗം അത് രൂപതാകേന്ദ്രത്തിൽ എത്തിക്കണമെന്ന് അറിയിക്കുന്നു.

**6. യേശുനിധി - 2025**

നമ്മുടെ ജീവികാരുണ്യ പ്രവർത്തനഫണ്ടായ യേശുനിധിയിലേക്കുള്ള സംഭാവനകൾ പതിവനുസരിച്ച് ഓശാനഞായറാഴ്ച വി. കുർബാനമദ്ധ്യേ സമർപിക്കേണ്ടതാണ്. അതിനുവേണ്ടിയുള്ള കവറുകൾ ഫൊറോനകേന്ദ്രങ്ങളിൽ എത്തിക്കുന്നതാണ്. ഈ കവറുകൾ യഥാസമയം ഭവനങ്ങളിൽ എത്തിക്കുവാൻ ബഹു. വികാരിയച്ചന്മാർ ശ്രദ്ധിക്കുമല്ലോ.

**7. വി. യൗസേപ്പിതാവിന്റെ വണക്കമാസം**

മാർച്ച് മാസം യൗസേപ്പിതാവിന് പ്രത്യേകമായി സമർപിക്കപ്പെട്ട താണല്ലോ. ദൈവാലയങ്ങളിൽ നൊവേനയും പ്രാർഥനകളും ചൊല്ലി വി. യൗസേപ്പിതാവിന്റെ മാദ്ധ്യസ്ഥ്യം യാചിക്കുന്നതിനും, മാർച്ച് 19 ന് വി. യൗസേപ്പിതാവിന്റെ മരണത്തിരുനാൾ സമുചിതമായി ആചരിക്കുന്നതിനും കുടുംബങ്ങളിൽ വണക്കമാസം ചൊല്ലുന്നതിനും ദൈവ ജനത്തെ പ്രോത്സാഹിപ്പിക്കുമല്ലോ.

**8. ദൈവവിളി ക്യാമ്പ്**

ഈ വർഷത്തെ ദൈവവിളി ക്യാമ്പ് 2025 ഏപ്രിൽ 1-ാം തീയതി ചൊവ്വാഴ്ച രാവിലെ 10.00 ന് ആരംഭിച്ച് 3-ാം തീയതി വ്യാഴാഴ്ച ഉച്ചയ്ക്ക് 2 മണിക്ക് സമാപിക്കുന്നതാണ്. ആൺകുട്ടികൾക്ക് അൽഫോൻസ മൈനർ സെമിനാരിയിലാണ് ക്യാമ്പുകൾ ക്രമീകരിച്ചിരിക്കുന്നത്.

**9. സ്വാഗതം, നന്ദി**

താമരശ്ശേരി രൂപതയുടെ അജപാലന ശുശ്രൂഷ മേഖലയിലേക്ക് പുതിയതായി കടന്നുവരുന്ന സി.എം.ഐ. സന്ന്യാസസമൂഹാംഗങ്ങളായ **ബഹു. മൂർക്കനാട്ടു**

**കാരൻ ആന്റണി CMI, ബഹു. ആനിക്കാട്ട് ജോസഫ് CMI** എന്നീ വൈദികർക്ക് രൂപതയുടെ വൈദിക കൂട്ടായ്മയിലേക്ക് ഹൃദ്യമായ സ്വാഗതം.

വെട്ടത്തൂർ ഇടവകയിലെ സ്തുത്യർഹമായ സേവനങ്ങൾക്കു ശേഷം പുതിയ മേഖലയിലേക്ക് സ്ഥലം മാറിപോകുന്ന **ബഹു. കൊഴലിപറമ്പിൽ ലോനപ്പൻ CMI** അച്ചന് നന്ദിയും പ്രാർത്ഥനാശംസകളും നേരുന്നു


### 10. ആദരാഞ്ജലികൾ

ബഹു. അഗസ്റ്റിൻ വാമറ്റത്തിൽ അച്ചന്റെ പ്രിയ മാതാവ് **അന്നക്കുട്ടി വാമറ്റത്തിൽ (86)** 2025 ജനുവരി 25 ന് നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. 27-ാം തീയതി തോട്ടുമുക്കം സെന്റ് തോമസ് ഫൊറോന ദൈവാലയത്തിൽ മൃതസംസ്കാര ശുശ്രൂഷകൾക്ക് അഭിവന്ദ്യ മാർ റെമീജിയോസ് ഇഞ്ചനാനായിൽ പിതാവ് കാർമികത്വം വഹിച്ചു. സന്തപ്ത കുടുംബാംഗങ്ങളോടും പ്രത്യേകിച്ച് ബഹു. അഗസ്റ്റിനച്ചനോടും രൂപതാകുടുംബത്തിന്റെ അനുശോചനം അറിയിക്കുന്നു. പരേതയുടെ ആത്മശാന്തിക്കുവേണ്ടി പ്രാർഥിക്കുകയും ചെയ്യുന്നു.

### 11. സ്മരണാഞ്ജലി

13-03-1987 – റവ. ഫാ. വർഗ്ഗീസ് സി.എം.ഐ.
17-03-1991 – റവ. ഫാ. ജോസഫ് കൊട്ടുകാപ്പള്ളി
**24-03-2011 – റവ. ഫാ ജോർജ് പരുത്തപ്പാറ**
**26-03-2020 – റവ. ഫാ ജോൺ പനയ്ക്കപ്പിള്ളി**
**29-03-2018 – റവ. ഫാ. സെബാസ്റ്റ്യൻ കാഞ്ഞിരക്കാട്ടുകുന്നേൽ**

**പ്രോട്ടോസിഞ്ചെല്ലൂസ്**



# സ്നേഹസ്മരണയ്ക്ക്



റവ. ഫാ ജോർജ്
പരുത്തപ്പാറ
24-03-2011



റവ. ഫാ ജോൺ
പനയ്ക്കപ്പിള്ളി
26-03-2020



റവ. ഫാ. സെബാസ്റ്റ്യൻ
കാഞ്ഞിരക്കാട്ടുകുന്നേൽ
29-03-2018

# നാല്പതു മണി ആരാധന

**നിർദ്ദേശങ്ങൾ**

● ഒരു ഫൊറോനയിലെ ഓരോ ഇടവകയ് ക്കും 4 ദിവസങ്ങളാണ് നൽകിയിരിക്കുന്നത്. ഈ നാല് ദിവസങ്ങളിൽ സൗകര്യപ്രദമായ സമയം തിരഞ്ഞെടുത്ത് 40 മണി ആരാധന പൂർത്തിയാക്കാവുന്നതാണ്. അതായത്, രണ്ടു ദിവസങ്ങളിൽ അടുപ്പിച്ചോ നാലു ദിവസങ്ങളിൽ നിശ്ചിതമണിക്കൂറുകൾ തിരഞ്ഞെടുത്തോ 40 മണി ആരാധന പൂർത്തിയാക്കാവുന്നതാണ്.

● ഞായറാഴ്ചകളും പ്രധാനപ്പെട്ട തിരുനാൾ ദിനങ്ങളും ഒഴിവാക്കിയിട്ടുണ്ട്.

● ഓരോ ഇടവകയ്ക്കും തന്നിരിക്കുന്ന തീയതികളിൽ 40 മണി ആരാധന നടത്താൻ ഏതെങ്കിലും ഇടവകയ്ക്ക് ബുദ്ധിമുട്ടുണ്ടെങ്കിൽ ആ ഇടവക ഉൾപ്പെടുന്ന ഫൊറോനയ്ക്ക് നൽകിയിട്ടുള്ള മറ്റ് തീയതികളിലെ സൗകര്യപ്രദമായ ദിവസങ്ങൾ തിരഞ്ഞെടുത്ത് നാല്പതു മണി ആരാധന നടത്താവുന്നതാണ്.

**നാല്പതുമണി ആരാധന ഫെബ്രുവരി 18 മുതൽ മാർച്ച് 31 വരെ മലപ്പുറം ഫൊറോനയിൽ**

| | | |
|---|---|---|
| മലപ്പുറം | – | ഫെബ്രുവരി 18, 19, 20, 21 |
| കൊണ്ടോട്ടി | – | ഫെബ്രുവരി 22, 24, 25, 26 |
| കൂമൻകുളം | – | ഫെബ്രുവരി 27, 28, മാർച്ച് 1, 3 |
| കോട്ടക്കൽ | – | മാർച്ച് 4, 5, 6,7 |
| മഞ്ചേരി | – | മാർച്ച് 8, 10, 11, 12 |
| ഊരകം | – | മാർച്ച് 13, 14, 15, 17 |
| പന്തല്ലൂർ | – | മാർച്ച് 18, 19, 20, 21 |
| പയ്യനാട് | – | മാർച്ച് 22, 24, 25, 26 |
| തിരൂർ | – | മാർച്ച് 27, 28, 29, 31. |

# ആദരാഞ്ജലികൾ




തിരുഹൃദയ സന്യാസിനീ സമൂഹം താമരശ്ശേരി സാന്തോം പ്രോവിൻസ് അംഗമായ സി. മേരി തെക്കേൽ എസ് എച്ച് (78) 2025 ജനുവരി 29 ന് നിത്യ സമ്മാനത്തിനായി വിളിക്കപ്പെട്ടു.

അവിഭക്ത തലശ്ശേരി രൂപതയിലെ തലയാട് ഇടവക തെക്കേൽ മത്തായി-അന്ന ദമ്പതികളുടെ നാലുമക്കളിൽ മൂന്നാമത്തെ പുത്രിയായി T M മേരി എന്ന സിസ്റ്റർ മേരി തെക്കേൽ 1946 ജൂലൈ 14 തീയതി ജനിച്ചു. 1964 ജൂലൈ മാസത്തിൽ പേരാവൂർ മഠത്തിൽ അർഥിനി ആയി ചേർന്നു. 1966 മെയ് ഏഴാം തീയതി ആദ്യവ്രതവാഗ്ദാ നവും, 1971 മെയ് 20 ന് നിത്യവ്രതവാഗ്ദാനവും നടത്തി ഈശോയുടെ തിരുഹൃദയത്തിനു സമ്പൂർണമായി സമർപ്പിച്ചു.

ജനറൽ കൗൺസിലർ, പ്രൊവിൻഷ്യൽ സുപ്പീരിയർ, പ്രൊവിൻഷ്യൽ കൗൺസിലർ (തലശ്ശേരി, താമരശ്ശേരി പ്രൊവിൻസു കളിൽ), അസ്പിരൻസ്, പോസ്റ്റുലൻസ്, നോവിസ് ഡിറക്ടറസ്, കട്ടിപ്പാറ ഭവനത്തിന്റെ മദർ സുപ്പീരിയർ, തൊണ്ടിയിൽ, തൊക്കില ങ്ങാടി, കൂരാച്ചുണ്ട്, അശോകപുരം, മേരിക്കുന്ന്, തിരൂർ നിർമ്മല എന്നീ കോൺവെന്റുകളിൽ സേവനമനുഷ്ഠിക്കുകയും ചെയ്തിട്ടുണ്ട്.

മൃതസംസ്കാരകർമങ്ങൾ ജനുവരി 30 ന് രാവിലെ 10 മണിക്ക് അഭിവന്ദ്യ മാർ ജോർജ് വലിയമറ്റം പിതാവിന്റെ മുഖ്യകാർമികത്വ ത്തിൽ കുളത്തുവയൽ സെന്റ് ജോർജ് തീർത്ഥാടന ദൈവാലയത്തിൽ വച്ച് നടത്തപ്പെട്ടു. തന്റെ 78 വർഷത്തെ ഐഹിക ജീവിതത്തിൽ 61 വർഷവും സന്യാസ ജീവിതത്തിന്റെ മാധുര്യവും മനോഹാരിതയും അനുഭവിച്ച് സ്വർഗീയ ഗേഹത്തിലേക്ക് യാത്രയായ പ്രിയപ്പെട്ട മേരിയമ്മയുടെ ദീപ്ത സ്മരണയ്ക്ക് മുൻപിൽ പ്രാർത്ഥനാപൂർവ്വം ആദരാഞ്ജലികൾ.



# വിശ്വാസപരിശീലനം

## Faith @ Home മഞ്ഞക്കുന്ന്

ഫെബ്രുവരി 10 തിങ്കളാഴ്ച്ച മഞ്ഞക്കുന്ന് ഇടവകയിൽ മാതാപിതാക്കൾക്കായുള്ള Parental Catechesis പ്രോഗ്രാം നടന്നു. 75 മാതാപിതാക്കൾ പ്രോഗ്രാമിൽ പങ്കെടുത്തു. രൂപത ടീം ക്ലാസ്സുകൾ നയിച്ചു.

## Faith @ Home തോട്ടുമുക്കം

കുടുംബവിശ്വാസ പരിശീലനത്തിന്റെ ഭാഗമായി നടക്കുന്ന Faith @ Home പ്രോഗ്രാം ഫെബ്രുവരി 15 ശനിയാഴ്ച്ച തോട്ടുമുക്കം ഇടവകയിൽ നടന്നു. 120 മാതാപിതാക്കൾ പ്രോഗ്രാമിൽ പങ്കെടുത്തു. രൂപത ടീം ക്ലാസ്സുകൾ നയിച്ചു.

## Sunday School Visit

ഫെബ്രുവരി 16 ഞായറാഴ്ച്ച താമരശ്ശേരി കത്തീഡ്രൽ ഇടവകയിൽ രൂപത മതബോധന ഡയറക്ടർ ഫാ. ജോൺ പള്ളിക്കാവയലിൽ സന്ദർശനം നടത്തുകയും. വി. ബലിയർപ്പിച്ച് പ്രാർത്ഥിക്കുകയും, കുട്ടികൾക്ക് സന്ദേശം നല്കുകയും, മതാധ്യാപകരെ കണ്ട് മതബോധന പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തു.

## Faith @ Home തെയ്യപ്പാറ

ഫെബ്രുവരി 18 ചൊവ്വാഴ്ച്ച തെയ്യപ്പാറ ഇടവകയിൽ മാതാപിതാക്കൾക്കായുള്ള Parental Catechesis പ്രോഗ്രാം നടന്നു. 30 മാതാപിതാക്കൾ പ്രോഗ്രാമിൽ പങ്കെടുത്തു.

## Faith @ Home കണ്ണോത്ത്

വിശ്വാസം പരിശീലിക്കുന്ന കുട്ടികളുടെ മാതാപിതാക്കൾക്കായി ഒരുക്കിയ Faith @ Home കണ്ണോത്ത് ഇടവകയിൽ നടന്നു.100 മാതാപിതാക്കൾ പങ്കെടുത്തു. പ്രോഗ്രാം ഫലപ്രദമായിരുന്നു എന്ന് മാതാപിതാക്കൾ സാക്ഷ്യപ്പെടുത്തി.

## മതാധ്യാപക തുടർപരിശീലന പരീക്ഷ (ASPCT Exam)

സീറോമലബാർസഭയുടെ ആരാധനാക്രമവിശ്വാസപരിശീലനം എന്ന പുസ്തകത്തെ ആസ്പദമാക്കി മതാധ്യാപകർക്കായി നടത്തുന്ന തുടർപരിശീലന പരീക്ഷ മാർച്ച് 2 ഞായറാഴ്ച നടന്നു. പരീക്ഷയിൽ രൂപതയിലെ മുഴുവൻ അധ്യാപകരും പങ്കെടുത്തു. രണ്ടാം റൗണ്ട് രൂപതാതല ഓൺലൈൻ പരീക്ഷ 2025 മാർച്ച് 23 ഞായറാഴ്ച്ച 2 മുതൽ 2.15 വരെ നടക്കുന്നതാണ്. ഇടവകാതല പരീക്ഷയിൽ ഒന്നും രണ്ടും റാങ്കുകൾ കിട്ടിയ അധ്യാപകരാണ് രണ്ടാം റൗണ്ട് പരീക്ഷയിൽ പങ്കെടുക്കേണ്ടത്

## 2024-25 HCC പരീക്ഷ റിസൾറ്റ്

HCC യൂണിവേഴ്സിറ്റി പരീക്ഷയുടെ മാർക്ക് ലിസ്റ്റ് ഫെബ്രുവരി 11 ന് ഓരോ ഇടവകയിലേക്കും അയച്ചുനൽകി.

## HCC Say Exam

ഫെബ്രുവരി 23 ഞായറാഴ്ച 11 am മുതൽ 1 pm വരെ വിവിധ മേഖല കേന്ദ്രങ്ങളിൽ HCC Say Exam നടന്നു.

## HCC യൂണിവേഴ്സിറ്റി പരീക്ഷയിൽ റാങ്കുകൾ നേടിയവർ

### HCC I

First Rank : Roselin K M Kureekattil - Chamal
Second Rank : Ann Maria Jino Kattunilathil - Chundathumpoil
Third Rank : Susanna Sabu Kanjirathingal - East Hill

### HCC II

First Rank : Ann Mariya Shiju Thengumpallil - Pullurampara

Second Rank : Ardra Ann Saji Mezhukanal - St. Alphonsa School (Kannoth)

Third Rank : Annet Treesa Sinish Arukakkal - Kuppayakkode

എല്ലാവർക്കും അഭിനന്ദനങ്ങൾ..●●

## വിശ്വാസോത്സവം : 2025 രൂപതാ, മേഖലാ തല പഠനശിബിരങ്ങൾ

ഈ വർഷത്തെ വിശ്വാസോത്സവം 2025 ഏപ്രിൽ 1, 2, 3, 4 (ചൊവ്വ, ബുധൻ, വ്യാഴം, വെള്ളി) തിയ്യതികളിൽ ആണ്. വിശ്വാസോത്സവത്തിന് ഒരുക്കമായി രണ്ട് പഠനശിബിരങ്ങൾ നടന്നു.

### രൂപതാ തലം

രൂപതാ തല പഠനശിബിരം മാർച്ച് 1 ശനിയാഴ്ച്ച രാവിലെ 9:30 am മുതൽ 1:00 pm വരെ ബിഷപ്പ് ഹൗസ് ഓഡിറ്റോറിയത്തിൽ നടന്നു. രൂപതാതല പഠന ശിബിരത്തിൽ ഓരോ മേഖലയിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട 5 പേരാണ് പങ്കെടുത്തു.

ഓരോ മേഖലയിൽ നിന്നും തിരഞ്ഞെടുക്കുന്ന 5 അധ്യാപകർക്ക് വിശ്വാസോത്സവ രൂപതാതല പഠനശിബിരത്തിൽ പ്രത്യേകമായി പരിശീലനം നൽകി.

രൂപതാതല പഠന ശിബിരത്തിന് നേതൃത്വം നൽകിയത് തലശ്ശേരി അതിരൂപതയിലെ റിസ്സോർസ് ടീം ആണ്.

## മേഖലാതലം

മേഖലാതല പഠനശിബിരം മാർച്ച് 15 ശനിയാഴ്ച്ച രാവിലെയോ ഉച്ചക ഴിഞ്ഞോ മേഖല കേന്ദ്രങ്ങളിൽ നടന്നു. മേഖലാതല പഠന ശിബിരത്തിന്റെ എല്ലാ കാര്യങ്ങളും മേഖല കമ്മിറ്റി ക്രമീകരിച്ചു. 3 മണിക്കൂർ പഠനശിബിര ത്തിന് ലഭിക്കത്തക്കവിധം സമയ ക്രമീകരണം നടത്തി. മേഖലയിലുള്ള എല്ലാ സൺഡേ സ്കൂളിലെയും മുഴുവൻ അധ്യാപകരും മേഖലാതല പഠന ശിബിര ത്തിൽ പങ്കെടുത്തു.

മേഖലാതല പഠന ശിബിരത്തിന്റെ ആരംഭത്തിൽ ഓരോ മേഖലയിലേക്കും വരുന്ന റിസോഴ്സ് ടീമിന്റെ ലീഡർ വിശ്വാസോത്സവ ത്തെക്കുറിച്ചും ഈ വർ ഷത്തെ പ്രമേയത്തെക്കുറിച്ചും അധ്യാപകർക്ക് പൊതുവായി ക്ലാസ് നൽകുന്ന താണ്.

അതിനുശേഷം 5 ഗ്രൂപ്പുകൾ ആയി തിരിഞ്ഞ് ഗ്രൂപ്പുകളിൽ ഓരോ മേഖല യിലേക്കും വരുന്ന റിസോഴ്സ് ടീം അംഗങ്ങൾ വർക്ക് ബുക്കുകൾ വിശദമായി പഠിപ്പിച്ചു.

രൂപതാ തല പഠനത്തിൽ പരിശീലനം ലഭിച്ച, പാഠങ്ങളും, ഗെയിമുകളും, പ്രവർത്തനങ്ങളും പാട്ടുകളും, മേഖലാതലത്തിൽ അധ്യാപകരെ പരിശീലിപ്പിച്ചു.

Group : 1 ബൈബിൾ നഴ്സറി, STD 1

Group : 2 - STD II, III, IV.

Group : 3 - STD V, VI

Group : 4 - STD VII, VIII.

Group : 5 - STD IX, X

## ACC 13,14,15 Online Class

ACC 13 : 'മരണാനന്തര ജീവിതം' എന്ന വിഷയത്തെകുറിച്ച് ഫാ. ചെറി യാൻ പൊങ്ങൻപാറ, 'സ്വർഗ്ഗവും നരഗവും' എന്ന വിഷയത്തെക്കുറിച്ച് ജോൺസൺ പൂവത്തിങ്കൽ എന്നിവർ ക്ലാസ്സ് എടുത്തു.

ACC 14 : എന്താണ് പ്രാർഥന – 'കർതൃ പ്രാർത്ഥന' എന്ന വിഷയത്തെക്കു റിച്ച് മി. ടോമി പെരുവിലങ്ങാട്ട്, 'വിശ്വാസവിരുദ്ധ പ്രസ്ഥാനങ്ങളും അവർക്കുള്ള മറുപടിയും' എന്ന വിഷയത്തെക്കുറിച്ച് ഫാ. കുര്യാക്കോസ് പാലക്കീൽ എന്നിവർ ക്ലാസ്സ് എടുത്തു.

ACC 15 : 'ഇതരമതങ്ങളിലെ രക്ഷ ചില ചോദ്യങ്ങൾ', 'മാനസാന്തരവും

നിരന്തരമായ വിശുദ്ധീകരണവും' എന്ന വിഷയങ്ങളെക്കുറിച്ച് ജോൺസൺ പൂവത്തിങ്കൽ ക്ലാസ്സ് എടുത്തു.

## Media Catechesis

Faith @ Home പ്രോഗ്രാം ശ്രദ്ധിക്കപ്പെട്ടു. താമരശ്ശേരി രൂപതയിൽ മതബോധന കുട്ടികളുടെ മാതാപിതാക്കൾക്കായി നടത്തുന്ന Faith @ Home പ്രോഗ്രാം സീറോമലബാർ തലത്തിൽ ശ്രദ്ധിക്കപ്പെട്ടു. വാർത്തകൾ നല്കി ഷെക്കെയ്ന ചാനൽ പ്രോഗ്രാമിനെ പ്രശംസിച്ചു.

## വീഡിയോകൾ

ACC 13,14,15 ന്റെ Online ക്ലാസ്സുകൾ, Sunday School Visit, Faith @ Home, എന്നിവയുടെ വീഡിയോകൾ കാറ്റക്കിസം ചാനലിൽ സംപ്രേക്ഷണം ചെയ്തു.

## മാർച്ച് 2025

01. 03. 25 ശനി - വിശ്വാസോത്സവ അധ്യാപക പഠനശിബിരം (രൂപതാതലം)

02. 03. 25 ഞായർ - നോമ്പുകാലം 1-ാം ഞായർ
ASPCT ഇടവകതല എഴുത്തു പരീക്ഷ (പഠനപുസ്തകം: വിശ്വാസപരിശീലകരുടെ രൂപവത്കരണം)

03. 04. 25 തിങ്കൾ - വിഭൂതി (ഉപവാസദിനം)

09. 03. 25 ഞായർ - നോമ്പുകാലം 2-ാം ഞായർ

15. 03. 25 ശനി - വിശ്വാസോത്സവ അധ്യാപക പഠനശിബിരം (മേഖലാതലം)

16. 03. 25 ഞായർ - നോമ്പുകാലം 3-ാം ഞായർ

19. 03. 25 ബുധൻ - വി. യൗസേപ്പിതാവ്

23. 03. 25 ഞായർ - നോമ്പുകാലം 4-ാം ഞായർ

30. 03. 25 ഞായർ - നോമ്പുകാലം 5-ാം ഞായർ
ACC 13, 14, 15 ഇടവക സംഗമം

സ്നേഹപൂർവ്വം,

**ഫാ. ജോൺ പള്ളിക്കാവയലിൽ**
ഡയറക്ടർ, വിശ്വാസപരിശീലനം

# മദ്ബഹ ശുശ്രൂഷ സംഘം (SMART)

## അനുദിന വചനം

കുട്ടികളെ വചനം പഠിപ്പിക്കുക എന്ന ലക്ഷ്യത്തോടെ സ്മാർട്ടിന്റെ എല്ലം വെച്ച് അനുദിന വചന പോസ്റ്റർ തയ്യാറാക്കി അൾത്താര ബാലിക - ബാലന്മാരുടെ ഗ്രൂപ്പുകളിലേക്ക് അയച്ചു നൽകുന്നു.

## ഓൺലൈൻ ഇംഗ്ലീഷ് കോഴ്സ്

അൾത്താര സംഘത്തിലെ കുട്ടികൾക്കായി ഓൺലൈൻ ഇംഗ്ലീഷ് കോഴ്സ്, രൂപതയുടെ ഉന്നത വിദ്യാഭ്യാസ സ്ഥാപനമായ സ്റ്റാർട്ടിന്റെ സഹകരണത്തോടെ നടന്നുകൊണ്ടിരിക്കുന്നു. എല്ലാ ശനിയാഴ്ചകളിലും വൈകുന്നേരം 7.30 മുതൽ 8.30 വരെയാണ് കോഴ്സിന്റെ സമയം.

## അനുദിനവചന വീഡിയോ

മദ്ബഹാ ശുശ്രൂഷകർക്കായി എല്ലാ ദിവസവും വീഡിയോ സന്ദേശമായി നല്കുന്നു.

## അൾത്താരയിലെ മാലാഖാമാർ

മദ്ബഹാ ശുശ്രൂഷകർക്കായി എല്ലാ മാസത്തിന്റെയും ആദ്യ ഞായറാഴ്ചകളിൽ 'അൾത്താരയിലെ മാലാഖാമാർ' എന്ന് പേരിൽ ഓൺലൈൻ ക്ലാസ്സ് നല്കുന്നു. മദ്ബഹാ ശുശ്രൂഷകർക്ക് ഒരു ചലഞ്ച് എന്ന ശീർഷകത്തിലായിരുന്നു ഈ മാസത്തെ ക്ലാസ്സ്. അൾത്താരയിലെ മാലാഖാമാർ എന്ന് പഠനപരമ്പരയിലെ നാലാമത്തെ ക്ലാസ്സാണ് ഇത്. ബഹു. ചാക്കോ മുണ്ടക്കൽ അച്ചനാണ് ക്ലാസ്സ് നയിക്കുന്നത്.

## നന്ദി, സ്വാഗതം

മദ്ബഹാ ശുശ്രൂഷക സംഘത്തിന്റെ ഫൊറോന ഡയറക്ടർ മാരായിരുന്ന ബഹു. ഫാ. ജോർജ്ജ് കുമ്പുക്കൽ (കൂരാച്ചുണ്ട്), ബഹു. ഫാ. ജോർജ്ജ് നരിവേലിൽ (താമരശ്ശേരി), ബഹു. ഫാ. തോമസ് മേലേട്ട് HGN (കോടഞ്ചേരി), ബഹു. ഫാ. ജോസഫ് വിലങ്ങുപാറ (തിരുവമ്പാടി) എന്നിവർക്ക് സ്നേഹപൂർവ്വം നന്ദി പറയുന്നതോടൊപ്പം അവരുടെ അക്ഷീണ പ്രവർത്തനങ്ങൾക്ക് ദൈവാനുഗ്രഹം പ്രാർത്ഥിക്കുകയും ചെയ്യുന്നു.

മദ്ബഹാ ശുശ്രൂഷക സംഘത്തിന്റെ പുതിയ ഫൊറോന ഡയറക്ടർമാരായി നിയമിതരായിരിക്കുന്ന ബഹു. ഫാ. മൈക്കിൾ നീലംപറമ്പിൽ (കൂരാച്ചുണ്ട്), ബഹു. ഫാ. ജോർജ്ജ് കുമ്പുക്കൽ (താമരശ്ശേരി), ബഹു. ഫാ. ജിയോ

കടുകന്മാക്കൽ (കോടഞ്ചേരി), ബഹു. ഫാ. ജേക്കബ് തിട്ടയിൽ (തിരുവമ്പാടി) എന്നിവർക്ക് പുതിയ പ്രവർത്തന മേഖലകളിൽ എല്ലാവിധ ആശംസകളും പ്രാർത്ഥനകളും നേരുന്നു.

**ഫാ. ജോർജ്ജ് പുരയിടത്തിൽ**
ഡയറക്ടർ, SMART

# വൊക്കേഷൻബ്യൂറോ

## ദൈവവിളി ക്യാമ്പ് (01 ഏപ്രിൽ 2025– 03 ഏപ്രിൽ 2025)

തിയതി : 2025 ഏപ്രിൽ 1–ാം തീയതി ചൊവ്വാഴ്ച രാവിലെ 10.00 മുതൽ 3–ാം തീയതി ഉച്ചക്ക് 2.00 വരെ (ചൊവ്വ, ബുധൻ, വ്യാഴം).

ആൺകുട്ടികൾക്കുള്ള ക്യാമ്പ് താമരശ്ശേരി അൽഫോൻസ മൈനർ സെമിനാരിയിൽ നടത്തപ്പെടുന്നു.

### ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

1. ക്യാമ്പിനു വരുന്നവർ ബൈബിൾ, നോട്ടുബുക്ക്, പേന, ബെഡ്ഷീറ്റ്, ടോയ്ലറ്റ് സാധനങ്ങൾ മുതലായവ കൊണ്ടുവരേണ്ടതാണ്.
2. ക്യാമ്പിൽ പങ്കെടുക്കുന്നവർ ബഹു. വികാരിയച്ചന്റെ കത്ത് നിർന്ധമായും കൊണ്ടുവരേണ്ടതാണ്.
3. ക്യാമ്പ് ഫീസ് 500 രൂപ ആയിരിക്കും. ഫീസിൽ ഇളവ് ആഗ്രഹിക്കുന്നവർ ഇക്കാര്യം സൂചിപ്പിക്കുന്ന വികാരിയച്ചന്റെ കത്ത്കൊണ്ടുവരേണ്ടതാണ്.
4. മറ്റ് രൂപതകളിലോ സന്യാസ സമൂഹങ്ങളിലോ ചേരുവാൻ ആഗ്രഹിക്കുന്നവർ നിർബന്ധമായും രൂപത ദൈവവിളി ക്യാമ്പിൽ പങ്കെടുക്കേണ്ടതാണ്.
5. രൂപതയുടെ പുറത്തുള്ള സെമിനാരികളിൽ ചേരാൻ ആഗ്രഹിക്കുന്ന കുട്ടികൾ രൂപതയിൽ നിന്നും നിർബന്ധമായും എൻ.ഒ.സി. വാങ്ങേണ്ടതാണ്.
6. ബഹുമാനപ്പെട്ട വികാരിയച്ചന്മാർ നമ്മുടെ രൂപത സെമിനാരിയിൽ ചേരുവാൻ ആഗ്രഹിക്കുന്ന കുട്ടികളുടെ പേരുവിവരങ്ങൾ അറിയിക്കുമല്ലോ.

### ഇടവക സന്ദർശനം

രൂപതയിലെ ദൈവവിളി പ്രോത്സാഹനം ലക്ഷ്യമാക്കി രൂപത യിലെ വിവിധ

ഇടവകകൾ സന്ദർശിച്ച് വരുന്നു. ഫെബ്രുവരി 2-ാം തിയ്യതി കുളത്തുവയൽ ഇടവകയും ഫെബ്രുവരി 9-ാം തിയ്യതി തേക്കുംകുറ്റി ഇടവകയും, ഫെബ്രുവരി 16-ാം തിയ്യതി വെറ്റിലപ്പാറ ഇടവകയും, ഫെബ്രുവരി 23-ാം തിയ്യതി കക്കാടംപൊയിൽ ഇടവകയും സന്ദർശിച്ചു. ഈ ഇടവകകളിൽ വി. കുർബ്ബാന അർപ്പിക്കുകയും കുട്ടികളെ ഒരുമിച്ചുകൂട്ടി ദൈവവിളിയെക്കുറിച്ച് ക്ലാസ്സെടുക്കുകയും അവരെ പ്രോത്സാഹിപ്പിക്കുകയും ചെയ്തു.

**ഫാ. ജോർജ്ജ് പുരയിടത്തിൽ**
ഡയറക്ടർ, വൊക്കേഷൻബ്യൂറോ

# സെമിനാരി വാർത്തകൾ

## തലശ്ശേരി മൈനർ സെമിനാരി സന്ദർശനം

ജനുവരി 29 ബുധനാഴ്ച തലശ്ശേരി അതിരൂപത സെന്റ് ജോസഫ് മൈനർ സെമിനാരി സംഘടിപ്പിച്ച ഇന്റർ സെമിനാരി മാർ വള്ളോപ്പിള്ളി പ്രസംഗ മത്സരത്തിനും ബാസ്ക്കറ്റ്ബോൾ ടൂർണമെന്റിനും താമരശ്ശേരി രൂപതയെ പ്രതിനിധീകരിച്ച് മൈനർ സെമിനാരി വിദ്യാർത്ഥികൾ പങ്കെടുത്തു. നമ്മുടെ വൈദിക വിദ്യാർത്ഥികൾക്ക് വൈദിക പരിശീലനത്തിന്റെ ഭാഗമായി മറ്റു സെമിനാരികളിലെ വിദ്യാർത്ഥികളുമായി സൗഹൃദം പങ്കിടാൻ ലഭിച്ച ഈ അവസരം  പുതിയ അനുഭവം ആയിരുന്നു.

## മേജർ സെമിനാരി പ്രവേശന പരീക്ഷ

വിവിധ മേജർ സെമിനാരികളിലക്കുള്ള എൻട്രൻസ് പരീക്ഷഫെബ്രുവരി എട്ടാം തീയതി നടന്നു. എട്ട് വൈദിക വിദ്യാർഥികൾ പങ്കെടുത്തു.

## ഗോവയിലേക്ക് തീർഥാടനം

വിശുദ്ധ ഫ്രാൻസിസ് സേവ്യറുടെ പാദമുദ്ര പതിഞ്ഞ ഗോവയിലേക്ക് വൈദിക വിദ്യാർഥികൾ തീർഥയാത്ര നടത്തി. അതിപുരാതനമായ ദേവാലയങ്ങളും വിശുദ്ധ ഫ്രാൻസിസ് സേവ്യറുടെ കബറിടവും സന്ദർശിച്ചു. അവിടെയുള്ള വിനോദസഞ്ചാര കേന്ദ്രങ്ങൾ കൂടി സന്ദർശിച്ച് രണ്ടുദിവസം നീണ്ടയാത്ര അവസാനിപ്പിച്ചു.

## പ്ലസ് വൺ പ്ലസ് ടൂ പരീക്ഷ

മാർച്ച് മൂന്നാം തീയതി മുതൽ പ്ലസ് വൺ പ്ലസ് ടു വിദ്യാർത്ഥികളുടെ പരീക്ഷകൾ നടക്കുകയാണ്. പ്രാർത്ഥനയിൽ ഓർക്കുമല്ലോ.

### ദൈവവിളി ക്യാമ്പ്

ഈ വർഷത്തെ ദൈവവിളി ക്യാമ്പ് ഏപ്രിൽ 1, 2, 3 തീയതികളിലായി മൈനർ സെമിനാരിയിൽ വച്ചാണ് നടക്കുന്നത് യോഗ്യരായ വിദ്യാർഥികളെ പ്രസ്തുത ക്യാമ്പിലേക്ക് ബഹു. വികാരിയച്ചന്മാർ പറഞ്ഞയക്കണമെന്ന് അഭ്യർത്ഥിക്കുന്നു. വിശദവിവരങ്ങൾ വൊക്കേഷൻ ബ്യൂറോ വഴി അറിയിക്കുന്നതാണ്.

**ഫാ. കുര്യൻ താന്നിക്കൽ**
റെക്ടർ

## ചെറുപുഷ്പ മിഷൻലീഗ്

### ഡയറക്ടർമാർക്ക് പ്രാർത്ഥനാശംസകൾ

2024-25 പ്രവർത്തന വർഷം കൂരാച്ചുണ്ട്, കോടഞ്ചേരി തിരുവമ്പാടി എന്നീ മേഖലകളിൽ ഡയറക്ടർ അച്ചന്മാരായി സേവനമനുഷ്ഠിച്ച ബഹുമാനപ്പെട്ട ഫാ. ജോർജ് കുമ്പുക്കൽ, ഫാ. മാത്യു തിട്ടയിൽ, ഫാ. ജോസഫ് വെട്ടുകല്ലേൽ എന്നിവർക്ക് നന്ദിയും ആശംസകളും.

പുതിയതായി ചാർജ് എടുത്ത മേഖല ഡയറക്ടർ അച്ചന്മാരായ ഫാ. മൈക്കിൾ നീലം പറമ്പിൽ, ഫാ. ജോസഫ് വെട്ടുകല്ലേൽ, ഫാ. ജോസഫ് പന്തപ്ലാക്കൽ എന്നീ വൈദീകർക്ക് ആശംസകളും പ്രാർത്ഥനകളും.

### മിസ്സിയോ മേഖല മീറ്റ് 2k25

പാറോപ്പടി,കൂരാച്ചുണ്ട്, മലപ്പുറം, കരുവാരകുണ്ട് എന്നീ മേഖലകളുടെ സംഗമം ഫെബ്രുവരി 8, 9,16,26 എന്നീ തീയതികളിൽ വിവിധ മേഖലകളിൽ വെച്ച് നടത്തപ്പെട്ടു.ശാഖകളിലെ പ്രസിഡന്റ്, സെക്രട്ടറി, വൈസ് ഡയറക്ടർ, ഓർഗനൈസർ ,മേഖല ഭാരവാഹികൾ, എന്നിവർക്കു വേണ്ടി നടത്തിയ വിവിധ സെമിനാറുകളിൽ ഭാരവാഹികൾ പങ്കെടുത്തു.

### കരുണയുടെ മാലാഖാമാർ - രോഗീ സന്ദർശനദിനം

ഫെബ്രുവരി 11 ലൂർദ് മാതാവിന്റെ തിരുനാൾ ദിനം രോഗി സന്ദർശനദിനമായി ആചരിക്കുകയും ഓരോ ശാഖയിലേയും അംഗങ്ങൾ ശാഖയിലെ കിടപ്പുരോഗികളെ സന്ദർശിച്ച് പ്രാർത്ഥിക്കുകയും ചെയ്തു.

### പ്രേഷിത കൂടാരം

ഫെബ്രുവരി മാസത്തിൽ കട്ടിപ്പാറ, കരികണ്ടൻപാറ, പന്തല്ലൂർ എന്നീ ശാഖകളിൽ പ്രേക്ഷിത കൂടാരം പരിപാടി നടത്തി.

## അറിയിപ്പ്

- മിസ്സിയോ മേഖല മീറ്റ് 2K25
- തോട്ടുമുക്കം 01/03/2025 2.30 pm
- തിരുവമ്പാടി 02/03/2025 3 pm
- വിലങ്ങാട് 9032025 3 pm
- മരുതോങ്കര 16/03/2025 3 pm
- താമരശ്ശേരി 23/03/2025
- പെരിന്തൽമണ്ണ 30/03/2025 3 pm
- കോടഞ്ചേരി 31/03/2025 2.30 pm

## ഗ്രാന്റ് മാസ്റ്റേഴ്സ് ക്യാമ്പ്

2025 ഏപ്രിൽ 28, 29, 30 തീയതികളിൽ 6 മുതൽ 10 വരെ ക്ലാസുകളിലെ കുട്ടികൾക്ക് വേണ്ടി ഗ്രാൻഡ് മാസ്റ്റേഴ്സ് ക്യാമ്പ് നടത്തപ്പെടുന്നു. 1300 രൂപയാണ് ക്യാമ്പ് ഫീസ്. പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ 2025 മാർച്ച് 15ന് മുൻപായി പേര് രജിസ്റ്റർ ചെയ്യുക.

## റൂഹ 2k25 പരീക്ഷ ഒരുക്ക പ്രാർത്ഥന

ഈ വർഷം എസ്എസ്എൽസി, പ്ലസ് ടു പരീക്ഷകൾ എഴുതുന്ന കുട്ടികൾക്ക് വേണ്ടി 2025 മാർച്ച് 2 ഞായറാഴ്ച ശാഖതലത്തിൽ പരീക്ഷ ഒരുക്ക ആരാധന നടത്തുന്നു.

**ഫാ. ജോർജ്ജ് വെള്ളാരംകാലായിൽ**
ഡയറക്ടർ, ചെറുപുഷ്പ മിഷൻലീഗ്

# വിദ്യാഭ്യാസരംഗം

## വിദ്യാഭ്യാസ പ്രവർത്തക സംഗമവും യാത്രയയപ്പു സമ്മേളനവും

താമരശ്ശേരി രൂപത കോർപ്പറേറ്റ് എഡ്യുക്കേഷണൽ ഏജൻസിയുടെ ആഭിമുഖ്യത്തിൽ വിദ്യാഭ്യാസ പ്രവർത്തകസംഗമവും ഈ വർഷം സേവനത്തിൽനിന്നും വിരമിക്കുന്ന ജീവനക്കാർക്കുള്ള യാത്രയയപ്പ് സമ്മേളനവും ബഥാനിയ നവീകരണകേന്ദ്രത്തിൽവെച്ച് 2025 ഫെബ്രുവരി 8 ശനിയാഴ്ച നടത്തി. അഭിവന്ദ്യ രൂപതാദ്ധ്യക്ഷൻ മാർ റെമിജീയോസ് ഇഞ്ചനാനിയിൽ പിതാവ് യാത്രയയപ്പ് സമ്മേളനം ഉദ്ഘാടനം ചെയ്യുകയും സർവ്വീസിൽനിന്നും വിരമിക്കുന്ന അധ്യാപക-അനധ്യാപക ജീവനക്കാർക്കുള്ള ഉപഹാരങ്ങൾ നൽകുകയും ചെയ്തു. കോർപ്പറേറ്റ് മാനേജർ ഫാ. ജോസഫ് പാലക്കാട്ട് അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ ബഥാനിയ ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ പുളിക്കൽ, മാത്യു പി.എം., നിധി ജോൺ, സുസ്മി മേരി ജോസ്, കെ.ജെ.ആന്റണി, ആൻസി സി., ജെസി കെ.യു., ബെന്നി കെ.കെ., ജോളി ജോസഫ്, സിബി കുര്യാക്കോസ് എന്നിവർ പ്രസംഗിച്ചു. വിപിൻ എം.സെബാസ്റ്റ്യൻ സ്വാഗതവും റോഷിൻ മാത്യു കൃതജ്ഞതയും അർപ്പിച്ചു. രാവിലെ നടന്ന വിദ്യാഭ്യാസ സെമിനാറിൽ 'സമകാലിക വിദ്യാഭ്യാസ മേഖലയിൽ അധ്യാപകരുടെ പങ്ക്' എന്ന വിഷയത്തിൽ പ്രശസ്ത മോട്ടിവേറ്റർ ശ്രീ. വി.കെ. സുരേഷ് ബാബു ക്ലാസ്സെടുത്തു. കായികമേഖലയിൽ മികവ് തെളിയിച്ചവരെ ചടങ്ങിൽ ആദരിച്ചു. 74 കോർപ്പറേറ്റ് സ്കൂളുകളിൽനിന്നായി 1347 അധ്യാപക-അനധ്യാപക ജീവനക്കാർ ചടങ്ങിൽ പങ്കെടുത്തു.

## അധ്യാപക സെലക്ഷൻ പരീക്ഷ

കോർപ്പറേറ്റ് സ്കൂളുകളിൽ വരും വർഷങ്ങളിൽ ഉണ്ടാകാനിടയുള്ള ഒഴിവുകളിൽ നിയമിക്കുന്നതിനുള്ള അധ്യാപക ഉദ്യോഗാർത്ഥികളുടെ റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതിന്റെ ആദ്യപടിയായ എഴുത്തു പരീക്ഷ കൂടരഞ്ഞി സെന്റ് സെബാസ്റ്റ്യൻസ് ഹയർ സെക്കണ്ടറി സ്കൂളിൽവെച്ച് 2025 ഫെബ്രുവരി 22 ശനിയാഴ്ച നടത്തി. ഗണിതം, ഭൗതികശാസ്ത്രം, ജീവശാസ്ത്രം, സാമൂഹ്യശാസ്ത്രം, മലയാളം, ഹിന്ദി, ഇംഗ്ലീഷ് എന്നീ ഐശ്ചിക വിഷയങ്ങളിലും പ്രൈമറി അധ്യാപക തലത്തിലും നടന്ന പരീക്ഷയിൽ 953 പേർ പങ്കെടുത്തു.

## സ്കൂൾ വാർഷികവും യാത്രയയപ്പും

കണ്ണോത്ത് സെന്റ് ആന്റണീസ് യു.പി. സ്കൂളിന്റെയും കൂടത്തായി സെന്റ് ജോസഫ്സ് എൽ.പി. സ്കൂളിന്റെയും പ്ലാറ്റിനം ജൂബിലി ആഘോഷങ്ങളും കോടഞ്ചേരി സെന്റ് ജോസഫ്സ് എൽ.പി. സ്കൂളിന്റെ സുവർണജൂബിലി ആഘോ

ഷവും വൈവിധ്യമാർന്ന പരിപാടികളോടെ വിപുലമായി ആഘോഷിക്കുകയു ണ്ടായി. അഭിവന്ദ്യ പിതാവും കോർപ്പറേറ്റ് മാനേജരും ജൂബിലി സമാപന സമ്മേ ളനത്തിൽ പങ്കെടുത്തു. കൂടാതെ, മുത്തോറ്റിക്കൽ എൽ.പി. സ്കൂൾ, വിളക്കാം തോട് എൽ.പി. & യു.പി. സ്കൂൾ, പരിയാപുരം യു.പി. സ്കൂൾ, തെയ്യപ്പാറ യു. പി. സ്കൂൾ, തിരുവമ്പാടി യു.പി. സ്കൂൾ, മരഞ്ചാട്ടി ഹൈസ്കൂൾ, കക്കാടംപൊ യിൽ ഹൈസ്കൂൾ, കൂരാച്ചുണ്ട് ഹയർ സെക്കണ്ടറി സ്കൂൾ, കട്ടിപ്പാറ യു.പി. സ്കൂൾ, കല്ലാനോട് ഹൈസ്കൂൾ, തിരുവമ്പാടി ഹയർ സെക്കണ്ടറി സ്കൂൾ, കല്ലാനോട് ഹയർ സെക്കണ്ടറി സ്കൂൾ, ചെമ്പനോട യു.പി. സ്കൂൾ, പുല്ലൂരാം പാറ യു.പി. സ്കൂൾ, പുഷ്പഗിരി എൽ.പി. & യു.പി. സ്കൂൾ, ആനക്കാംപൊ യിൽ യു.പി. സ്കൂൾ, കല്ലുരുട്ടി യു.പി. സ്കൂൾ, കൂടരഞ്ഞി എൽ.പി. സ്കൂൾ, മൈലള്ളാംപാറ യു.പി. സ്കൂൾ, കൂരാച്ചുണ്ട് യു.പി. സ്കൂൾ, ചമലോത്ത് യു. പി. സ്കൂൾ, എന്നീ സ്കൂളുകളിൽ മാതൃകാപരമായി നടന്ന വാർഷികാഘോഷ ത്തിലും യാത്രയയപ്പ് സമ്മേളനത്തിലും കോർപ്പറേറ്റ് മാനേജർ പങ്കെടുക്കുകയു ണ്ടായി.

**ഈ വർഷം സർവ്വീസിൽനിന്നും വിരമിക്കുന്ന കോർപ്പറേറ്റ് സ്കൂൾ ജീവന ക്കാർ**

| ക്രമ. നം. | പേര് | തസ്തിക | സ്കൂൾ |
|---|---|---|---|
| 1 | ലീന വർഗ്ഗീസ് സി. | പ്രിൻസിപ്പാൾ | തിരുവമ്പാടി HSS |
| 2. | ബോബി ജോർജ്ജ് | പ്രിൻസിപ്പാൾ | കൂടരഞ്ഞി HSS |
| 3. | ആന്റണി കെ.ജെ. | പ്രിൻസിപ്പാൾ | പുല്ലൂരാംപാറ HSS |
| 4. | ജേക്കബ് കെ.വി. | പ്രിൻസിപ്പാൾ | മരുതോങ്കര HSS |
| 5. | സജി ജോസഫ് കെ. | ഹെഡ്മാസ്റ്റർ | മരുതോങ്കര HS |
| 6. | ഷാജി പി.ജെ. | ഹെഡ്മാസ്റ്റർ | കക്കാടംപൊയിൽ HS |
| 7. | ജോസ് പി.എ. | ഹെഡ്മാസ്റ്റർ | കണ്ണോത്ത് HS |
| 8. | ഷീല ജോസഫ് | ഹെഡ്മിസ്ട്രസ് | പരിയാപുരം UPS |
| 9. | ജെസി കെ.യു. | ഹെഡ്മിസ്ട്രസ് | പുഷ്പഗിരി UPS |
| 10. | സജി അഗസ്റ്റിൻ എം. | ഹെഡ്മാസ്റ്റർ | കല്ലാനോട് HS |
| 11. | ബാസിലി വടക്കൂറ്റ് | ഹെഡ്മിസ്ട്രസ് | കരിങ്ങാട് LPS |
| 12. | റോജ കാപ്പൻ | ഹെഡ്മിസ്ട്രസ് | വിളക്കാംതോട് LPS |
| 13. | ഫിലോമിന പി.ജെ. | ഹെഡ്മിസ്ട്രസ് | പുഷ്പഗിരി LPS |
| 14. | റോബി തോമസ് | എച്ച്.എസ്.എസ്.ടി. | തിരുവമ്പാടി HSS |
| 15. | ജിബി ജോസ് | എച്ച്.എസ്.ടി. | തിരുവമ്പാടി HS |

| | | | |
|---|---|---|---|
| 16. | പ്രസീത സി. | എച്ച്.എസ്.ടി. | കട്ടിപ്പാറ HS |
| 17. | മിനി ജോസഫ് | എച്ച്.എസ്.ടി. | തിരുവമ്പാടി HS |
| 18. | ബീന ജോർജ് | എച്ച്.എസ്.ടി. | നെല്ലിപ്പൊയിൽ HS |
| 19. | ലാലി ജേക്കബ് | എച്ച്.എസ്.ടി. | തിരുവമ്പാടി HS |
| 20. | സുബി അബ്രാഹം | എച്ച്.എസ്.ടി. | കോടഞ്ചേരി HS |
| 21. | ത്രേസ്യാമ്മ വി. | എച്ച്.എസ്.ടി. | തിരുവമ്പാടി HS |
| 22. | മിനി ജോസഫ് | എച്ച്.എസ്.ടി. | കുണ്ടുതോട് HS |
| 23. | സി. ഫിലോമിന തോമസ് | എച്ച്.എസ്.ടി. | മരുതോങ്കര HS |
| 24. | സി. ഓമന പി.ജെ. | എച്ച്.എസ്.ടി. | കൂരാച്ചുണ്ട് HS |
| 25. | ബീന പോൾ | എച്ച്.എസ്.ടി. | പുല്ലൂരാംപാറ HS |
| 26. | ആൻസി സി. | എച്ച്.എസ്.ടി. | കൂരാച്ചുണ്ട് HS |
| 27. | ജോബിച്ചൻ കെ. മാത്യു | എച്ച്.എസ്.ടി. | പടത്തുകടവ് HS |
| 28. | സൈനബ പി. | എച്ച്.എസ്.ടി. | കട്ടിപ്പാറ HS |
| 29. | ജോളി തോമസ് | പി.ഇ.ടി. | പുല്ലൂരാംപാറ HS |
| 30. | ബീന ജേക്കബ് | മ്യൂസിക് | കണ്ണോത്ത് HS |
| 31. | ജാൻസി വർഗീസ് എൻ. | എൽ.പി.എസ്.ടി. | തിരുവമ്പാടി UPS |
| 32. | എൽസമ്മ അഗസ്റ്റിൻ | എൽ.പി.എസ്.ടി. | പുല്ലൂരാംപാറ UPS |
| 33. | ലിസിമോൾ ഡൊമിനിക് | എൽ.പി.എസ്.ടി. | പരിയാപുരം UPS |
| 34. | സെലിൻ വി.എ. | എൽ.പി.എസ്.ടി. | കണ്ണോത്ത് UPS |
| 35. | ജെയ്മോൾ ജോസഫ് | എൽ.പി.എസ്.ടി. | കൂടരഞ്ഞി LPS |
| 36. | സി. സിസിമോൾ ജോസഫ് | എൽ.പി.എസ്.ടി. | വിളക്കാംതോട് LPS |
| 37. | സിജി ഇ.കെ. | ജെ.എൽ.ടി.ഹിന്ദി | കല്ലുരുട്ടി UPS |
| 38. | ഷീല ബി. | ജെ.എൽ.ടി.സംസ്കൃതം | മൈലള്ളാംപാറ UPS |
| 39. | മാത്യു ജോർജ് | ക്ലർക്ക് | വിലങ്ങാട് HS |
| 40. | ജോൺസൺ ആന്റണി | ക്ലർക്ക് | പടത്തുകടവ് HS |
| 41. | റോയ് ആഗസ്തി | ലാബ് അസിസ്റ്റൻഡ് | തിരുവമ്പാടി HSS |
| 42. | ബെന്നി കെ.കെ. | ഓഫീസ് അറ്റൻഡന്റ് | മരഞ്ചാട്ടി HS |
| 43. | വിൽസൺ ആന്റണി | ഓഫീസ് അറ്റൻഡന്റ് | വിലങ്ങാട് HS |
| 44. | ജോൺസൺ റ്റി.വി. | ഓഫീസ് അറ്റൻഡന്റ് | കുണ്ടുതോട് HS |

**ഫാ. ജോസഫ് വർഗ്ഗീസ്**
കോർപ്പറേറ്റ് മാനേജർ

# സ്റ്റാർട്ട്

## മോൺ. ആന്റണി കൊഴുവനാൽ മെമ്മോറിയൽ ഓഡിറ്റോറിയം ഉദ്ഘാടനം ചെയ്തു

വിദ്യാഭ്യാസ, സാമൂഹിക, കാർഷിക രംഗങ്ങളിൽ നിസ്തുലമായ സംഭാവനകൾ നൽകിയ താമരശ്ശേരി രൂപതാ വൈദികനായിരുന്ന മോൺ. ആൻറണി കൊഴുവനാലച്ചന്റെ സ്മരണയ്ക്കായി താമരശ്ശേരി രൂപതയുടെ ഉന്നത വിദ്യാഭ്യാസ സ്ഥാപനമായ സ്റ്റാർട്ടിൽ (സെൻറ് തോമസ് അക്കാദമി ഫോർ റിസർച്ച് ആൻഡ് ട്രെയിനിങ്) മോൺ. ആന്റണി കൊഴുവനാൽ മെമ്മോറിയൽ ഓഡിറ്റോറിയം ഉദ്ഘാടനം ചെയ്തു.

താമരശ്ശേരി രൂപത ബിഷപ്പ് മാർ റെമിജിയോസ് ഇഞ്ചനാനിയിൽ, തലശ്ശേരി അതിരൂപത മുൻ ആർച്ച് ബിഷപ്പ് മാർ ജോർജ് വലിയമറ്റം എന്നിവർ മുഖ്യാതിഥികളായിരുന്നു. സ്റ്റാർട്ട് ഡയറക്ടർ ഫാ. ഡോ. സുബിൻ കിഴക്കേവീട്ടിൽ, താമരശ്ശേരി രൂപത വികാരി ജനറാൾ മോൺ. എബ്രഹാം വയലിൽ, സ്റ്റാർട്ട് ജനറൽ സെക്രട്ടറി ഫാ. ഡോ. ജോർജ് പൈമ്പിള്ളിൽ എന്നിവർ പ്രസംഗിച്ചു.

താമരശ്ശേരി രൂപത ചാൻസലർ ഫാ. സെബാസ്റ്റ്യൻ കവളക്കാട്ട്, ഫിനാൻസ് ഓഫീസർ ഫാ. കുര്യാക്കോസ് മുകാല, പാറോപ്പടി ഫൊറോന വികാരി ഫാ. സൈമൺ കിഴക്കേകുന്നേൽ, മീഡിയ ഡയറക്ടർ ഫാ. സിബി കുഴിവേലിൽ, രാഷ്ട്രദീപിക റസിഡന്റ് മാനേജർ ഫാ. ഷെറിൻ പുത്തൻപുരയ്ക്കൽ, ബഹു കൊഴുവനാലച്ചന്റെ കുടുംബാംഗങ്ങൾ എന്നിവർ സന്നിഹിതരായിരുന്നു.

## ADMISSION OPEN TO THE FOLLOWING COURSES ACADEMIC YEAR - 2025-2026

താമരശ്ശേരി രൂപതയുടെ ഉന്നത വിദ്യാഭ്യാസ മുന്നേറ്റത്തിന് നേതൃത്വം നൽകുന്ന റിസേർച്ച് & ട്രെയിനിംഗ് സെന്ററായ സ്റ്റാർട്ടിൽ നടത്തപ്പെടുന്ന പ്രധാനപ്പെട്ട കോഴ്സുകളാണ് പ്ലസ്ടൂ പൂർത്തി യാക്കിയ വിദ്യാർത്ഥികൾക്കായി താമസിച്ചു കൊണ്ടുള്ള ഏകവത്സര കോഴ്സായ പ്രൊഫഷണൽ ഫൗണ്ടേഷൻ ട്രെയിനിങ്ങും (PFT), ഇന്റഗ്രേറ്റഡ് റെസിഡൻഷ്യൻ പ്ലസ്ടുവും. അഖിലേന്ത്യാതലത്തിൽ ഉന്നത നിലവാരം പുലർത്തുന്ന കേന്ദ്ര സർവകലാശാലകളിലും മറ്റ് പ്രീമിയർ ഇൻസ്റ്റിറ്റ്യൂട്ടുകളിലും (IITs, NITs, IIMS) അഡ്മിഷൻ നേടി, മികവുറ്റവിധം പഠനം പൂർത്തിയാക്കി, നേതൃപദവികളിൽ എത്തുവാൻ പ്ലസ്ടുവിനോടൊപ്പവും പ്ലസ്ടുവിന് ശേഷവും കുട്ടികളെ പ്രാപ്തരാക്കുന്നു.

## PROFESSIONAL FOUNDATION TRAINING (PFT) പ്ലസ് ടു കഴിഞ്ഞ വിദ്യാർത്ഥികൾക്കായുള്ള ഏകവത്സര കോഴ്സ്

സ്വഭാവ വൈശിഷ്ട്യവും സാമൂഹിക പ്രതിബദ്ധതയും ഉയർന്ന ധാർമിക നിലവാരവുമുള്ള നേതാക്കളെയും ഉദ്യോഗസ്ഥരെയും നിയമപാലകരെയും നമ്മുടെ സമുദായത്തിൽ നിന്ന് ദേശീയ അന്തർദേശീയ തലങ്ങളിൽ വളർത്തിയെടുക്കുക എന്ന ലക്ഷ്യ ത്തോടെ നടത്തുന്ന ഏകവത്സര കോഴ്സായ Professional Foundation Training (PFT)-യുടെ ഇരുപതാമത്തെ ബാച്ചിലേക്കുള്ള അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു.

## SALIENT FEATURES OF START TRAINING

- മാതാപിതാക്കളുടെയോ സഹപാഠികളുടെയോ നിർബന്ധം മൂലമോ, ഉപരിപഠന മേഖലയെ പറ്റിയുള്ള അറിവിന്റെ കുറവു കൊണ്ടോ, സ്വന്തം അഭിരുചിക്ക് ചേരാത്ത വിഷയങ്ങൾ തിരഞ്ഞെ ടുത്ത് ഉപരിപഠനത്തിന് പോകുന്ന വിദ്യാർത്ഥികൾ നമ്മുടെ നാട്ടിൽ ധാരാളമുണ്ട്. ഈ സാഹചര്യത്തിൽ ആപ്റ്റിറ്റ്യൂഡ് ടെസ്റ്റിലൂടെ ഓരോ വിദ്യാർത്ഥികളിലും അന്തർലീനമായ കഴിവുകളും അഭിരുചികളും കണ്ടെത്തുവാനും അതിനു അനുയോജ്യമായി മാത്രം ഉപരിപഠന ത്തിനുള്ള വിഷയങ്ങളും സ്ഥാപനങ്ങളും തിരഞ്ഞെടുക്കുവാനും സ്റ്റാർട്ട് കുട്ടികളെ സഹായിക്കുന്നു.
- ശാസ്ത്രം, കൊമേഴ്സ്, ഹ്യൂമാനിറ്റീസ് വിഷയങ്ങൾ നമുക്ക് മുന്നിൽ തുറക്കുന്നത് അവസരങ്ങളുടെ അനന്തജാലകങ്ങളാ ണെന്ന വസ്തുത കുട്ടികൾക്ക് മനസിലാക്കി കൊടുക്കുവാനും അതുവഴി തങ്ങൾക്ക് അസ്വാദ്യകരമായ വിഷയങ്ങൾ എടുത്ത് പഠിക്കുവാനുമുള്ള ആത്മവിശ്വാസവും സ്റ്റാർട്ട് വിദ്യാർത്ഥികൾക്ക് നൽകുന്നു.
- ഉപരിപഠനം നടത്തുന്ന കുട്ടികൾക്ക് വേണ്ടി ദേശീയ അന്തർ ദേശീയ തലങ്ങളിൽ നിരവധി സ്കോളർഷിപ്പുകൾ ലഭ്യമാണ്. ഈ സാധ്യതകൾ കണ്ടെത്തി തങ്ങളുടെ കഴിവിനും വ്യക്തിത്വ ത്തിനും അനുയോജ്യമായ തൊഴിൽ മേഖലകൾ തിരഞ്ഞെടു ക്കുവാൻ ഈ കോഴ്സ് സഹായിക്കുന്നു
- കേന്ദ്ര സർവകലാശാലകളിൽ നിന്നുള്ള ഉന്നത വിദ്യാഭ്യാസം ഓരോ വിദ്യാർത്ഥിക്കും നൽകുന്നത് അനവധി അവസരങ്ങളാണ്. പ്രഗൽഭരായ അധ്യാപകരും മികച്ച സിലബസും എല്ലാം കേന്ദ്ര സർവകലാശാലകളെ മറ്റു സർവ്വകലാശാലകളിൽ നിന്നും വിഭിന്നമാക്കുന്നു. അതോടൊപ്പം തന്നെ കേരളത്തിലെ മികച്ച എൻജിനീയറിങ് സ്ഥാപനങ്ങളിൽ നിന്ന് പഠനം പൂർത്തിയാക്കുക എന്നത് വിദ്യാർത്ഥികൾക്ക് ഉന്നത തൊഴിലവസരങ്ങൾ പ്രധാനം ചെയ്യുന്നു.
- കേന്ദ്ര സർവകലാശാലകളിൽ അഡ്മിഷൻ നേടുവാനായി നാഷണൽ ടെസ്റ്റിംഗ് ഏജൻസി നടത്തുന്ന (CUET) പരീക്ഷയ് ക്കുള്ള പരിശീലനം,

കേരളത്തിലെ വിവിധങ്ങളായ എൻജിനീയ റിംങ് സ്ഥാപനങ്ങളിലേക്കുള്ള പ്രവേശന പരീക്ഷയായ (KEAM)നു നൽകുന്ന പരിശീലനം അതോടൊപ്പം ലക്ഷ്യമിടുന്ന പ്രധാന എൻട്രൻസ് പരീക്ഷകൾ താഴെപറയുന്നവയാണ്.

- CUET-COMMON UNIVERSITY ENTRANCE TEST (EFLU, PONDICHERRY UNIVERSITY, HYDERABAD UNIVERSITY AND OTHER CENTRAL UNIVERSITIES IN INDIA)
- KEAM-KERALA ENGINEERING AGRICULTURE AND MEDICAL ADMISSION EXAM
- IPM-INTEGRATED PROGRAM IN MANAGEMENT
- CLAT-COMMON LAW ADMISSION TEST
- NDA-NATIONAL DEFENCE ACADEMY EXAMINATION
- UCEED- UNDERGRADUATE COMMON ENTRANCE EXAMINATION FOR DESIGN
- CUSAT CAT-COCHIN UNIVERSITY OF SCIENCE AND TECHNOLOGY, COMMON ADMISSION TEST
- NIMHANS-INSTITUTE LEVEL NURSING ENTRANCE EXAM
- NID-NATIONAL INSTITUTE OF DESIGN
- NIFT-NATIONAL INSTITUTE OF FASHION TECHNOLOGY
- NCHMCT-NATIONAL COUNCIL FOR HOTEL MANAGEMENT AND CATERING TECHNOLOGY
- IFTK-INSTITUTE OF FASHION TECHNOLOGY KOLLAM

## Residential PLUS TWO

കുട്ടികളിൽ അടുത്തകാലത്ത് വന്നിട്ടുള്ള വിദേശ പഠനം, ജോലി എന്ന പുതിയ ആവശ്യങ്ങൾക്ക് ശരിയായ ഉത്തരം നൽകാൻ ശ്രമിക്കുന്നതോടൊപ്പം നമ്മുടെ നാട്ടിലെ മികച്ച യുണിവേഴ്സിറ്റികളിലേക്കും, പ്രീമിയർ ഇൻസ്റ്റിറ്റ്യൂട്ടുകളിലേക്കും പ്രവേശനം ലഭിക്കുന്നതിനും നമ്മുടെ കുട്ടികളെ കാലോചിതമായി ഒരുക്കുക എന്ന ലക്ഷ്യത്തോടെ കേരള സിലബസിൽ സ്റ്റാർട്ടിൽ താമസിച്ച് പ്ലസ്ടു പഠിക്കാം.

RESIDENTIAL PLUS TWO BATCHES-COMMERCE & HUMANITIES

FOR GIRLS AND BOYS FROM JUNE 2025

LANGUAGES (For both Humanities and Commerce)

English Malayalam/ Hindi

COMMERCE STREAM: 30 SEATS ONLY

Accountancy - Business studies - Economics - Political Science

HUMANITIES STREAM: 30 SEATS ONLY

History - Sociology - Economics - Political science

MEDIUM OF INSTRUCTION ENGLISH

## AI & PYTHON Course

ആധുനിക സാങ്കേതിക വിദ്യകളെക്കുറിച്ചുള്ള സമഗ്രമായ അറിവ് നേടുന്നതിനും പ്രത്യേകിച്ച് Machine Learning, Data Science എന്നിവയിൽ python ഉപയോഗിച്ച പ്രോഗ്രാമിംഗ് ചെയ്യുന്നതിനുമുള്ള പരിശീലനം നൽകുന്നതിനായി AI & Computer Programming with Python എന്ന കോഴ്സിന്റെ പുതിയ ബാച്ചിലേക്കുള്ള അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു. പ്ലസ് ടു കഴിഞ്ഞവർക്കും കമ്പ്യൂട്ടറിൽ അടിസ്ഥാ നപരമായ അറിവുള്ളവർക്കും അപേക്ഷിക്കാം. സ്വന്തമായി ലാപ്ടോപ് ഉണ്ടായിരിക്കണം. സമയക്രമം : ശനിയാഴ്ചകളിൽ ഉച്ചകഴിഞ്ഞ് 1 മണി മുതൽ 4 മണി വരെ.

## START HEALTH CARE CERTIFICATE COURSE

ഹെൽത്ത് സെക്ടർ മേഖലയിലെ ജോലി സാധ്യതകളെ മുൻനിർത്തി കൊണ്ട് സ്റ്റാർട്ട് ആരംഭിച്ച മൂന്നുമാസത്തെ പരിശീലന കോഴ്സായ Start - Healthcare Certificate course ന്റെ അടുത്ത ബാച്ചിലേക്കുള്ള അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു. elderly, disability and mental health care മേഖലകളിലേക്ക് യോഗ്യരായ ഉദ്യോഗാർത്ഥി കളെ രൂപപ്പെടുത്തുക എന്നതാണ് ഈ കോഴ്സ് ലക്ഷ്യം വെയ്ക്കുന്നത്. കൂടുതൽ വിവരങ്ങൾക്ക് startcare.net എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

കൂടുതൽ വിവരങ്ങൾക്ക്:

Tel: 0495 - 2357843, 9037107843, 97444458111 (ഡയറക്ടർ)
Sites: www.startindia.org and startcare.net
Mail: startcalicut22@gmail.com

**ഫാ. സുബിൻ കിഴക്കേവീട്ടിൽ**
ഡയറക്ടർ, സ്റ്റാർട്ട്

# അൽഫോൻസ കോളേജ് തിരുവമ്പാടി

## വിമൻ ഡെവലപ്മെൻറ് സെല്ല്

10.02.2025 അൽഫോൻസ കോളേജിൽ വിമൻ ഡെവലപ്മെൻറ് സെല്ലിന്റെ നേതൃത്വത്തിൽ ലൈഫ് സ്കിൽ, കരിയർ ഗൈഡൻസ് വിഷയങ്ങളിൽ സെമിനാർ സംഘടിപ്പിച്ചു.

'ഡിസൈൻ ലൈഫ് വിത്ത് ബ്യൂട്ടി ആൻഡ് വിഷൻ' 'യുവർ കരിയർ ഈസ് യുവർ സിഗ്നേച്ചർ' എന്നീ വിഷയങ്ങളിൽ ഡോക്ടർകൊച്ചി റാണി ജോസഫ്, അജയ് ടൊണാറ്റസ് പ്രേം എന്നിവർ ക്ലാസുകൾ എടുത്തു. കോളേജ് പ്രിൻസിപ്പൽ ഡോക്ടർ കെ.വി ചാക്കോ, മാധ്യമ വിഭാഗം മേധാവി ജ്യോതിസ് ജോസഫ്, ശ്രേഷ, വർഷ എന്നിവർ സംസാരിച്ചു.

## വിശുദ്ധ വാലെന്റിയൻ ദിനാചരണം

14.2.25-2025 ഫെബ്രുവരി പതിനാലാം തീയതി വിശുദ്ധ വാലെന്റിയൻ ദിനത്തോടനുബന്ധിച്ച് അൽഫോൻസാ കോളേജിലെ ജീസസ് യൂത്ത് മ്യൂസിക്കൽ ഡ്രാമ സംഘടിപ്പിച്ചു. പ്രിൻസിപ്പൽ ഇൻ ചാർജ് സാനി തോമസ്, അധ്യാപകർ, അനധ്യാപകർ, വിദ്യാർത്ഥി സുഹൃത്തുക്കൾ തുടങ്ങിയവരുടെ മഹനീയ സാന്നിധ്യം പരിപാടിയെ വർണ്ണാഭമാക്കി.

## ഫിസിയോതെറാപ്പി - workshop

19.02.2025 അൽഫോൺസ കോളേജും തിരുവമ്പാടി ലിസഹോസ്പിറ്റലും സംയുക്തമായി ഫിസിയോ തെറാപ്പി ബോധവൽക്കരണ ക്ലാസും രോഗനിർണയവും ഉൾപ്പെടുത്തി ഫിസിയോതെറാപ്പി ചികിത്സയുടെ പൊതുവായ രീതികൾ പ്രാക്ടീസ് ചെയ്യിക്കുന്ന ഒരു workshop മാറുന്ന ജീവിത ശൈലിയും മരുന്നില്ലാതെ മാറ്റാവുന്ന അസുഖങ്ങളും എന്ന വിഷയത്തിൽ ഒരു workshop സംഘടിപ്പിച്ചു.

**ഫാ. മാത്യു കൊല്ലംപറമ്പിൽ**
അഡ്മിനിസ്ട്രേറ്റർ

# പോപ്പ് ജോൺ പോൾ II ഇൻസ്റ്റിറ്റ്യൂട്ട്

ജോൺപോൾ ഇൻസ്റ്റ്യൂട്ട് ഓഫ് കൗൺസിലിംഗ് തെറാപ്പി താമരശ്ശേരി രൂപതയുടെ മേല്നോട്ടത്തിൽ കൗൺസിലിംഗ്, കൗൺസിലിംഗ് സൈക്കോളജി എന്നീ മേഖലകളിലെ ഗവേഷണത്തിനും പരിശീലനത്തിനുള്ള സ്ഥാപനമാണ്. അതിവേഗം മാറിക്കൊണ്ടിരിക്കുന്ന നമ്മുടെ സമൂഹത്തിന്റെ വളർന്നുവരുന്ന ആവശ്യങ്ങളോട് ക്രിയാത്മകമായി പ്രതികരിക്കുക എന്നതിൽ ജെ പി ഐ ഊന്നൽ നല്കുന്നു

ഒരു രൂപീകരണം നൽകുക എന്ന ലക്ഷ്യത്തോടെയാണ് ജെ പി യെ പ്രോഗ്രാമുകൾ ക്രമീകരിച്ചിരിക്കുന്നത്. മനഃശാസ്ത്രപരവും മാനുഷികവുമായ സംഭവവികാസങ്ങൾ പരിശീലന അതിർത്തികളെ പരിചയപ്പെടുത്താൻ പങ്കെടുക്കുന്നവരിൽ വൈജ്ഞാനികവും സ്വാധീനവും പെരുമാറ്റ പരവുമായ മാറ്റങ്ങൾക്ക് കാരണമാകുന്ന ചിട്ടയായ ചികിത്സാ രീതികൾ പരിചയപ്പെടുത്താനും പ്രോഗ്രാം ശ്രമിക്കുന്നു. അടിസ്ഥാന കൗൺസിൽ കഴിവുകളെ, സിദ്ധാന്തങ്ങളെ, പരിശീലനങ്ങളെ സമന്വയിപ്പിക്കാൻ രൂപകൽപ്പന ചെയ്ത ഒരു പദ്ധതിയിലൂടെയാണ് ഈ ലക്ഷ്യം കൈവരിക്കുന്നത്.

ഇരുപത്തിയൊന്നാം നൂറ്റാണ്ടിലെ ലോകത്തിലെ വ്യക്തികളുടെയും സാമൂഹിക സംവിധാനങ്ങളുടെയും ആവശ്യങ്ങൾ തിരിച്ചറിയുന്നതിനും കാര്യക്ഷമമായ പ്രതികരിക്കുന്നതിനും ഉള്ള ആശയപരമായ വിദഗ്ധ പരിശീലനം നൽകി വിദ്യാർഥികളെ സഹായിക്കുന്നതിനും സജ്ജരാക്കുന്നതിനും ജി പി ഐ പരിശ്രമിക്കുന്നു.

അറിവും നൈപുണ്യവും നേടുന്നത് മാത്രമല്ല നല്ല യോഗ്യതയുള്ള പരിചയസമ്പന്നനായ വ്യക്തിഗത ഇടപെടലുകളിലൂടെയും സമപ്രായക്കാരുടെ ഇടപെടലുകളുടെയും അവരുടെ അന്തർലീനമായ പിന്തുണയിൽ സാധ്യതകളെ പരിവേഷണം ചെയ്യുവാനും ഓരോ വിദ്യാർത്ഥികളെയും പ്രോത്സാഹിപ്പിക്കുന്നു.

കോഴിക്കോട് മേരിക്കുന്നിലെ പോസ്റ്റ് ജോൺപോൾ ഇൻസ്റ്റ്യൂട്ട് ഓഫ് കൗൺസിലിംഗ് ആൻഡ് സൈക്കോതെറാപ്പി നേതൃത്വത്തിൽ ദിവസേന കൗൺസിലിംഗ്, കൗൺസിലിംഗ് ക്ലാസുകൾ ഓഫ് ലൈനായും ഓൺലൈനായും നടക്കുന്നു. വർദ്ധിച്ചുവരുന്ന മാനസിക സംഘർഷങ്ങളെ ക്രിയാത്മകമായി സമീപിക്കാനും മാനസിക പിരിമുറുക്കത്തിൽ നിന്ന് ആനന്ദകരമായ ഒരു ജീവിതത്തിലേക്ക് നടക്കുവാനും വളരെ സഹായകമാകുന്ന ഈ കൗൺസിലിംഗ് സേവനം ജാതിമതഭേദമന്യേ കുട്ടികൾ മുതൽ മുതിർന്നവർ വരെ

ഉള്ളവർക്ക് ഇവിടെ ലഭ്യമാണ്. കൗൺസിലിങ്ങിനായി കപ്പുച്ചിൻ സഭാംഗമായ ഫാ. ജോജി പെരുമാട്ടികുന്നേൽ (അസി. പ്രൊഫസർ ആൻഡ് സൈക്കോതെറാപ്പിസ്റ്റ്) ന്റെ സേവനം ജെപിഐ ലഭ്യമാണ്.

### കോഴ്സുകൾ

എല്ലാ രണ്ടാം ശനിയാഴ്ചകളിലും എല്ലാ ഞായറാഴ്ചകളിലും എം എസ് സി ഇൻ കൗൺസിൽ സൈക്കോളജിയുടെ ക്ലാസുകൾ നടക്കുന്നു.

**ഫാ. കുര്യൻ പുരമഠം**

ഡയറക്ടർ

## കെ.സി.വൈ.എം. എസ്.എം.വൈ.എം

### LEAD 4.0

2025 പ്രവർത്തന വർഷത്തിൽ കെ.സി.വൈ.എം എസ്.എം.വൈ.എം താമരശ്ശേരി രൂപതയെ നയിക്കാനായി തിരഞ്ഞെടുക്കപ്പെട്ട രൂപതാ സമിതി അംഗങ്ങളുടെ പഠന ശിബിരവും ആദ്യത്തെ എക്സിക്യൂട്ടീവ് യോഗവും 'LEAD 4.O' എന്ന പേരിൽ, 2025 ജനുവരി 31 ഫെബ്രുവരി 01 തിയ്യതികളിലായി താമരശ്ശേരി സാന്തോം മൈനർ സെമിനാരിയിൽ വെച്ച് നടത്തപ്പെട്ടു. സെക്രട്ടറി ബിൽഹ മാത്യു സ്വാഗതമാശംസിച്ച യോഗം രൂപതാ അദ്ധ്യക്ഷൻ അഭിവന്ദ്യ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ ക്യാമ്പ് ഉദ്ഘാടനം ചെയ്തു സംസാരിച്ചു. രൂപത പ്രസിഡന്റ് ശ്രീ. റിച്ചാൾഡ് ജോൺ അധ്യക്ഷനായിരുന്നു. ഡയറക്ടർ ഫാ. ജോബിൻ തെക്കേക്കരമറ്റത്തിൽ മുഖ്യപ്രഭാഷണം നടത്തി.

അസിസ്റ്റന്റ് ഡയറക്ടർ ഫാ. സബിൻ തൂമുള്ളിൽ ആശംസകൾ അറിയിച്ചു സംസാരിക്കുകയും ചെയ്തു. തുടർന്ന് ഈ ഒരു വർഷക്കാലം താമരശ്ശേരി യുവജന പ്രസ്ഥാനത്തെ നയിക്കുവാനുള്ള അനുഗ്രഹങ്ങൾക്ക് വേണ്ടി വിശ്വാസ പരിശീലന കേന്ദ്രം ഡയറക്ടർ ഫാ. രാജേഷ് പള്ളിക്കാവയലിലിന്റെ നേതൃത്വത്തിൽ ദിവ്യകാരുണ്യ ആരാധനക്കും, വചന വിചിന്തനത്തിനും തുടർന്ന് എല്ലാ അംഗങ്ങൾക്കും കുമ്പസാരത്തിനും ഉള്ള അവസരം ഒരുക്കപ്പെട്ടു.

ശേഷം 2025 പ്രവർത്തന വർഷത്തെ കർമ്മ പദ്ധതി തയ്യാറാക്കുന്നതിനും നേതൃത്വങ്ങൾ നൽകുന്നതിനുമായി എക്സിക്യൂട്ടീവ് മീറ്റിംഗ് നടത്തി. രണ്ടാം ദിവസം വി. കുർബാനയ്ക്ക് ശേഷം എക്സിക്യൂട്ടീവ് അംഗങ്ങൾക്കായി ഫാ. മനോജ്

കൊല്ലംപറമ്പിലിന്റെ നേതൃത്വത്തിൽ ഉച്ചവരെ ഫോർമേഷൻ പരിപാടി നടത്തി. ഉച്ചഭക്ഷണത്തിന് ശേഷം രൂപത വൈസ് പ്രസിഡന്റ് ട്രീസ പതാക താഴ്ത്തികൊണ്ട് പഠന ശിബിരം അവസാനിപ്പിച്ചു.

### സംസ്ഥാന വാർഷിക സെനറ്റ്

പാലക്കാട് രൂപതയുടെ ആതിഥേയത്വത്തിൽ മുണ്ടൂർ യുവക്ഷേത്ര കോളേജിൽ വെച്ച് നടത്തപ്പെട്ട 47-ാമത് കെ.സി.വൈ.എം. സംസ്ഥാന സെനറ്റ് സമ്മേളനത്തിൽ കെ.സി.വൈ.എം. എസ്.എം.വൈ.എം. താമരശ്ശേരി രൂപതയെ പ്രതിനിധീകരിച്ച് രൂപതാ ഡയറക്ടർ ഫാ. ജോബിൻതെക്കേക്കരമറ്റത്തിൽ, പ്രസിഡന്റ് റിച്ചാൾഡ് ജോൺ പന്തപ്ലാക്കൽ, ആനിമേറ്റർ സി. റൊസീൻ എസ്.എ.ബി.എസ്. ജനറൽ സെക്രട്ടറി ആൽബിൻ ജോസ് കാക്കനാട്ട്, സംസ്ഥാന സിൻഡിക്കേറ്റ് അംഗങ്ങളായ അഭിലാഷ് കുടിപ്പാറ, ചെൽസിയ മേരി മാത്യു മഞ്ചാടിയിൽ, സംസ്ഥാന സെനറ്റ് അംഗങ്ങളായ ആഗി മരിയ ജോസഫ് കാനക്കാട്ട്, അലൻ ബിജു മാലശ്ശേരിൽ എന്നിവർ പങ്കെടുത്തു. രൂപത ജനറൽ സെക്രട്ടറി ആൽബിൻ ജോസ് കാക്കനാട്ട് റിപ്പോർട്ട് അവതരണം നടത്തി.

**ഫാ. മാത്യു തെക്കേക്കരമറ്റത്തിൽ**
ഡയറക്ടർ

## കത്തോലിക്കാ കോൺഗ്രസ്

### മുനമ്പം ഐക്യദാർഢ്യദിനാചരണം

മുനമ്പം ചെറായി പ്രദേശത്ത് ക്രയവിക്രയാവകാശത്തോടുകൂടി കരമടച്ച് മുനമ്പം ജനതയുടെ കൈവശം ഇരിക്കുന്ന റവന്യൂ ഭൂമി വഖഫ് ഭൂമിയാണെന്ന് പ്രഖ്യാപിച്ച് 610 ലധികം കുടുംബങ്ങളുടെ സ്വകാര്യ സ്വത്ത് കയ്യേറാനുള്ള വഖഫ് ബോർഡിന്റെ ശ്രമത്തിനെതിരെ നടക്കുന്ന സമരത്തോട് ഐക്യദാർഢ്യം പ്രഖ്യാപിക്കാനായി രൂപത പ്രസിഡന്റ് ഡോക്ടർ ചാക്കോ കളംപറമ്പിലും ഡയറക്ടർ ഫാ. സബിൻ തൂമുള്ളിൽ എന്നിവർ മുനമ്പം സന്ദർശിക്കുകയും, നവംബർ 10 ന്ഗ്ലോബൽ സമിതിയുടെ ആഹ്വാനപ്രകാരം താമരശ്ശേരി രൂപതയിലെ 65 യൂണിറ്റുകളിൽ ഐക്യദാർഢ്യ പ്രതിജ്ഞയും പൊതുസമ്മേളനങ്ങളും റാലികളും നടത്തുകയും ചെയ്തു.

2024 നവംബർ ഒന്നിന് കോട്ടയത്ത് നടന്നു റബ്ബർ വിലയിടിവിനെതിരെയുള്ള ഗ്ലോബൽ സമിതിയുടെ സമരത്തിൽ താമരശ്ശേരി രൂപതയിൽ നിന്നും കത്തോലിക്കാ കോൺഗ്രസ്നേതാക്കൾ പങ്കെടുത്തു.

കേരള മൈനോരിറ്റി കമ്മീഷനും കേരള നോളഡ്ജ് ഇക്കണോമിയും ചേർന്ന് സംയുക്തമായികോഴിക്കോട് മലപ്പുറം ജില്ലകളിൽ നടന്ന ജില്ലാതല വിജ്ഞാന തൊഴിൽ ശില്പശാലയിൽ കത്തോലിക്കാ കോൺഗ്രസ് പ്രതിനിധികൾ പങ്കെടുത്തു നിവേദനം നൽകി.

യൂണിറ്റ് ശാക്തീകരണം ലക്ഷ്യം വെച്ചുകൊണ്ട് താമരശ്ശേരി രൂപതയിൽ യൂണിറ്റ് സമ്മേളനങ്ങൾ ആരംഭിച്ചു. യൂണിറ്റ് സമ്മേളനങ്ങളുടെ രൂപതാതല ഉദ്ഘാടനം ഡിസംബർ 15 ന മാലാപറമ്പ് യൂണിറ്റിൽ നടന്നു. 175 ഓളം പേർ പങ്കെടുത്തു. രൂപത പ്രസിഡണ്ട്ഡോ. ചാക്കോ കാളംപറമ്പിൽ ജനറൽ സെക്രട്ടറി ഷാജി കണ്ടത്തിൽ, യൂണിറ്റ് ഡയറക്ടർ ഫാ. സണ്ണി മുകളേപറമ്പിൽ രൂപത, ഫൊറോന ഭാരവാഹികളായ സാബു വടക്കേപടവിൽ വൈസ് പ്രസിഡണ്ട് ഷാന്റോ തകടിയേൽ ഫൊറോന പ്രസിഡന്റ് വർഗീസ് ലോന കണ്ണാത്ത് എന്നിവർ നേതൃത്വം കൊടുത്തു.

വെട്ടത്തൂർ, കോനൂർകണ്ടി, ചെമ്പനോട, ദേവഗിരി, കുന്നമംഗലം, തോട്ടുമുക്കം, കുണ്ടുതോട്, മരഞ്ചാട്ടി, മുക്കം, മരിയാപുരം, പെരിന്തൽമണ്ണ, കോടഞ്ചേരി, അശോകപുരം, ചേവായൂർ, പടത്തുകടവ്, പൊന്യാകുറിശ്ശി, മരുതോങ്കര, നെല്ലിപ്പൊയിൽ, തിരുവാമ്പാടി, ചക്കിട്ടപാറ എന്നീ യൂണിറ്റുകളിലും യൂണിറ്റ് സമ്മേളനങ്ങൾ നടന്നു.

സംസ്ഥാന സർക്കാരിന്റെ വന നിയമഭേദഗതിക്കെതിരെ കത്തോലിക്ക കോൺഗ്രസ് ഡയറക്ടർ ഫാ. സബിൻ തൂമുള്ളിൽ, പ്രസിഡന്റ് ഡോ. ചാക്കോ കാളംപറമ്പിൽ എന്നിവർ വനം വകുപ്പ് മന്ത്രി ശശീന്ദ്രനെ കണ്ട് നേരിട്ട് പരാതി സമർപ്പിക്കുകയും കത്തോലിക്കാ കോൺഗ്രസ് അംഗങ്ങൾ ആയിര കണക്കിന് പരാതികൾ ഈമെയിൽ ആയിട്ട് അയക്കുകയും ചെയ്തു. ഇ എസ് എ വിഷയത്തിൽ സംസ്ഥാന സർക്കാർ കാണിക്കുന്ന കർഷക വെല്ലുവിളിയിലും അലംഭാവത്തിലും സുതാര്യമില്ലായ്മയിലും കത്തോലിക്ക കോൺഗ്രസ് ശക്തമായ പ്രതിഷേധ പരിപാടികൾ സംഘടിപ്പിച്ചു. ആയിരക്കണക്കിന് പരാതികൾ കത്തോലിക്കകോൺഗ്രസ് അംഗങ്ങൾ തപാൽ വഴിയും ഈമെയിൽ വഴിയും കേന്ദ്രമന്ത്രാലയത്തിന അയച്ചു. തിരുവനന്തപുരത്ത് എംഎൽഎമാരുടെ പ്രത്യേക യോഗം ചേർന്നു ഈ വിഷയതിന്റെ ഗൗരവംബോധ്യപ്പെടുത്തി.

ജനുവരി 17, 18 തീയതികളിൽ POC യിൽ വെച്ച് നടന്ന ഗ്ലോബൽ വർക്കിംഗ് കമ്മിറ്റി മീറ്റിങ്ങിൽ താമരശ്ശേരി രൂപതയിൽ നിന്ന് 10 പ്രതിനിധികളും തലശ്ശേരിയിൽ നടന്ന യുവജന സംഗമത്തിൽ രൂപതയിലെ 10 യൂത്ത് കോർഡിനേറ്റർമാരും പങ്കെടുത്തു. ഗ്ലോബൽ വർക്കിംഗ് കമ്മിറ്റി യോഗത്തിൽ വച്ച് ഡോ. ചാക്കോ കാളംപറമ്പിലിനെ കത്തോലിക്ക കോൺഗ്രസ് ഗ്ലോബൽ സമിതി രാഷ്ട്രീയകാര്യ സമിതിയുടെ കോഡിനേറ്റർ ആയി തെരഞ്ഞെടുത്തു.

വയനാട്ടിലെ സഹോദരിയുടെ കടുവ ആക്രമണം വഴിയുള്ളകൊലപാതകത്തിൽ ശക്തമായ പ്രതിഷേധം രേഖപ്പെടുത്തിക്കൊണ്ട് ഗ്ലോബൽ സമിതിയുടെ ആഹ്വാനം അനുസരിച്ച് വനം, വന്യജീവി വകുപ്പിനെതിരെയും സർക്കാരിനെതിരെയും കത്തോലിക്കാ കോൺഗ്രസ് യൂണിറ്റുകളുടെ നേതൃത്വത്തിൽ ജനുവരി 24ന് വൈകുന്നേരം പന്തം കൊളുത്തി പ്രതിഷേധം പ്രകടനങ്ങൾ നടന്നു.

എകെസിസി പ്രവർത്തന ഫണ്ട്സമാഹരണത്തിന്റെ ഭാഗമായി 530 അംഗങ്ങൾ ടാഫ്കോസ് ചിട്ടിയിൽ അംഗങ്ങളായി ചേർന്നു. രൂപത നിർവാഹക സമിതിയുടെ നേതൃത്വത്തിൽയൂണിറ്റ് പ്രസി ഡണ്ടുമാരുടെയും സെക്രട്ടറിമാരുടെയും ഫൊറോന ഭാരവാഹികളുടെയും സംയുക്ത യോഗം നടത്തി.

ക്രൈസ്തവരുടെ പിന്നാക്കാവസ്ഥയെപ്പറ്റി പഠിച്ച ജെ ബികോശി കമ്മീഷൻ റിപ്പോർട്ട് പുറത്തുവിട്ട് നടപ്പാക്കാത്തതിൽ പ്രതിഷേധംരേഖപ്പെടുത്തി, ഫെബ്രുവരി 23 ഞായർ എല്ലാ യൂണിറ്റുകളിലും വഞ്ചനപ്രതിക്ഷേധദിനം ആചരിച്ച് പ്രകടനവും വിശദീകരണപൊതു യോഗവും സംഘടിപ്പിച്ചു. സൺഡേ സ്കൂൾ വിദ്യാർത്ഥികളെ കേന്ദ്രീകരിച്ച് ലഹരിക്കെ തിരെ ബോധവൽക്കരണ പരിപാടികളും പ്രതിജ്ഞയും നടത്താൻ തീരുമാനിച്ചു.

ഫെബ്രുവരി പതിനഞ്ചാം തീയതി യൂണിറ്റുകളിൽ നിന്നുള്ള വനിതാ കോഡിനേറ്റർമാരുടെ സംഗമവും പരിശീലന കളരിയും നടന്നു. വനിതാ സൊസൈറ്റികളെ കുറിച്ച് ശ്രീ. എം പി ജോസഫ്, വനിതാ സംരംഭകത്വത്തെക്കുറിച്ച് ശ്രീ. മെൽബിൻ സിറിയക് കത്തോലിക്ക കോൺഗ്രസിന്റെ ശക്തികരണത്തിൽ വനിതകൾക്കുള്ള പങ്കിനെ കുറിച്ച് ഡോക്ടർ ചാക്കോ കാളംപറമ്പിൽ, സംഘടനാ പ്രവർത്തനത്തെ കുറിച്ച് ശ്രീമതി ട്രീസലിസ് സെബാസ്റ്റ്യൻ എന്നിവർ ക്ലാസുകൾ നയിച്ചു. അഭിവന്ദ്യ മാർ റെമിജിയോസ് പിതാവ് വനിതാ സംഗമത്തിന്റെയും നിർവാഹക സമിതിയുടെയും സംയുക്ത യോഗം ഉദ്ഘാടനം ചെയ്തു സംസാരിച്ചു. ജനറൽ സെക്രട്ടറി ഷാജി കണ്ടത്തിൽ സ്വാഗതം പറഞ്ഞു. ശ്രീമതി ദീപാ റെജിയെ വനിതാ കൗൺസിലിന്റെ രൂപത കോഡിനേറ്റർ ആയി തിരഞ്ഞെടുത്തു. യോഗത്തിന് രൂപത ട്രഷറർ സജി കരോട്ട് നന്ദി പറഞ്ഞു.

കത്തോലിക്ക കോൺഗ്രസിന്റെ രൂപതാ തലത്തിലുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാനും സുഗമമാക്കുവാനും വേണ്ടി വിവിധ കൗൺസിലുകൾ രൂപീകരിച്ചു. നിലവിലുണ്ടായിരുന്ന യൂത്ത് കൗൺസിലിനും, മീഡിയ കൗൺസിലിനും പുറമേ വിമൻസ് കൗൺസിൽ, ബിസിനസ് ഫോറം, ഫാർമേഴ്സ് ക്ലബ്ബ്, മൈനോറിറ്റി ആൻഡ് ഹെൽപ്പ് ഡെസ്ക്, ലീഗൽ സെൽ, കൾച്ചറൽ ഫോറം, ടാസ്ക് ഫോഴ്സ് എന്നിവക്ക് രൂപം നൽകി.

**ഫാ. മാത്യു തൂമുള്ളിൽ**
ഡയറക്ടർ, എ.കെ.സി.സി

# കരുണാഭവൻ

അഭിവന്ദ്യ പിതാവ് കരുണാഭവൻ സന്ദർശിക്കുകയും അന്തേവാ സികളുമായി സംസാരിക്കുകയും ചെയ്തു. ഈ സ്ഥാപനത്തിൽ റീജൻസി ചെയ്തിരുന്ന അഞ്ജലിയുടെ സന്യാസസഭാവസ്ത്ര സ്വീകരണത്തിലും പ്രഥമവ്രതവാഗ്ദാനത്തിലും ഡയറക്ടറും മദർസുപ്പീരിയറും കോതമംഗലത്ത് പ്രൊവിൻഷ്യൽ ഹൗസിൽ എത്തി പങ്കെടുത്തു. ഡയറക്ടറച്ചന്റെ ജന്മദിനം കരുണാഭവനിൽ ആഘോഷിച്ചു. ബഹു. തോമസ് ചുവപ്പുങ്കൽ അച്ചൻ കരുണാഭവനിലെ അനുദിന ദിവ്യബലിയർപ്പണത്തിന് സഹായിച്ചു വരുന്നു.

**ഫാ. സൈമൺ കിഴക്കേക്കുന്നേൽ**
ഡയറക്ടർ, കരുണാഭവൻ

# മരിയൻ പ്രോ-ലൈഫ് മൂവ്മെന്റ്

## മരുതോങ്കര മേഖല പ്രോ-ലൈഫ് സംഗമം

മരുതോങ്കര സെന്റ് മേരിസ് ഫൊറോന ദേവാലയത്തിന്റെ പാരീഷ് ഹാളിൽ വച്ച്, 21.02.2025 ന് നടത്തപ്പെട്ട മേഖല സംഗമത്തിൽ 35 കുടുംബങ്ങളിൽ നിന്നായി ഇരുന്നൂറോളം ആളുകൾ പങ്കെടുത്തു. ജപമാലയ്ക്ക് ശേഷം ഫൊറോനാ വികാരി ഫാ. ആന്റോ മൂലയിൽ വചന സന്ദേശം നൽകി. തുടർന്ന് നടന്ന മീറ്റിങ്ങിൽ പ്രസിഡണ്ട് ശ്രീ. സജീവ് പുരയിടത്തിൽ അധ്യക്ഷത വഹിച്ചു. താമരശ്ശേരി മരിയൻ പ്രോ-ലൈഫ് രൂപതാ ഡയറക്ടർ ഫാ. ജോസ് പെണ്ണാപറമ്പിൽ അനുഗ്രഹപ്രഭാഷണം നടത്തുകയും, പ്രോ-ലൈഫിന്റെ പ്രാധാന്യത്തെ പറ്റി സംസാരിക്കുകയും ചെയ്തു. മരുതോങ്കര പള്ളി അസിസ്റ്റന്റ് വികാരി ഫാ. എമ്മാനുവേൽ തന്റെ ജീവിത അനുഭവങ്ങൾ പങ്കുവെച്ചുകൊണ്ട് മരിയൻ പ്രോ-ലൈഫ് അംഗങ്ങൾക്ക്ആശംസകൾ അറിയിക്കുകയും അവരുടെ ജീവിതത്തിന് പുത്തൻ ഉണർവ് പകർന്നു നൽകുകയും ചെയ്തു. കെ സി ബി സി സംസ്ഥാന ട്രഷറർ ശ്രീ. ടോമി പ്ലാത്തോട്ടത്തിൽ, രൂപത ആനിമേറ്റർ സിസ്റ്റർ മെറിൻ ജോസ് S H, കെ സി ബി സി പ്രൊ-ലൈഫ് സംസ്ഥാന സെക്രട്ടറി ശ്രീമതി സെമിലി സുനിൽ, മരുതോങ്കര മേഖല പ്രസിഡണ്ട് ശ്രീ. എമ്മാനുവേൽ പുതുപ്പള്ളി തകിടിയേൽ, സുബിൻ വെള്ളാപ്പാക്കൽ എന്നിവർ മീറ്റിങ്ങിന് നേതൃത്വം നൽകുകയും ആശംസകൾ അർപ്പിച്ച് സംസാരിക്കുകയും ചെയ്തു. മീറ്റിങ്ങിൽ പങ്കെടുത്ത എല്ലാ കുടുംബങ്ങൾക്കും സമ്മാനങ്ങൾ വിതരണം ചെയ്തു. 2025 നടത്തിപ്പ് വർഷത്തേക്കുള്ള യൂണിറ്റ്, മേഖലാതല ഭാരവാഹികളെ തിരഞ്ഞെടുത്തു.

പ്രസിഡന്റ് ശ്രീ. സ്മൈൽ മംഗലശ്ശേരിയിൽ മരുതോങ്കര. വൈസ് പ്രസിഡന്റ് റീന ജോർജ് വെട്ടിക്കൽ മരുതോങ്കര സെക്രട്ടറി ശ്രീ.റോയി കടയ്ക്കൽ ചെമ്പനോട. ജോയിൻ സെക്രട്ടറി അഞ്ചു അറക്കപ്പറമ്പിൽ പശുക്കടവ്. ട്രഷറർ മരിയ ടോം ജോസഫ് ഇലവുങ്കൽ പടത്തുകടവ്.

ഇടവകകളിൽ ചാർജ് വഹിക്കുന്നവർ റോബിൻസ് മൂക്കൻതോട്ടം പൊയിലോംചാൽ, ജോബിൻ പുളിന്താനത്ത് ചാപ്പൻതോട്ടം, റിജോ ജോസഫ് അന്തിനാട് കരിങ്ങാട്, ജോജി ജോർജ് പ്ലാത്തോട്ടം ചാത്തങ്കോട്ടുനട, നിഷ മാത്യുവിനാൽ പൂതംപാറ, സ്വപ്ന കുമ്പളംമൂട്ടിൽ പൂഴിത്തോട്, മീറ്റിങ്ങിനു ശേഷം കുട്ടികൾക്ക് വിവിധ മത്സരങ്ങൾ നടത്തി വിജയിച്ചവർക്ക് സമ്മാനങ്ങൾ വിതരണം ചെയ്തു. ചായ സൽക്കാരത്തിന് ശേഷം എല്ലാവരും വീടുകളിലേക്ക് മടങ്ങി.

## യൂദിത്ത് ഫോറം

### യൂദിത്ത് ഫോറം മരിയാപുരം യൂണിറ്റ്

മരിയാപുരം യൂദിത്ത് ഫോറത്തിന്റെ മീറ്റിംഗ് ദേവാലയ ഓഡിറ്റോറിയത്തിൽ വച്ച് 8-ാം തിയതി ഉച്ചകഴിഞ്ഞ് നടത്തി. യൂണിറ്റ് പ്രസിഡൻറ് എലിയാമ്മ അദ്ധ്യക്ഷയായിരുന്നു. സെക്രട്ടറി റിപ്പോർട്ടും ട്രഷറർ വരവു ചിലവുകണക്കും അവതരിപ്പിച്ചു.

ഇടവക തിരുനാളിന് യൂണിറ്റ് അംഗങ്ങൾ വളരെ മനോഹരമായി ക്രിസ്ത്യൻ തിരുവാതിര അവതരിപ്പിച്ചു. മുഴുവൻ അംഗങ്ങളും യൂണിഫോറം സാരി ധരിച്ച് മുത്തുക്കുടകൈകളിൽ ഏന്തി പ്രദിക്ഷണത്തിൽ പങ്കുകൊണ്ടു.

**ജോസ് പെണ്ണാപറമ്പിൽ**
ഡയറക്ടർ, മരിയൻ പ്രോ-ലൈഫ്, യൂദിത്ത്ഫോറം

## ഇൻഫാം

### താമരശ്ശേരി ഇൻഫാമിന് പുതിയ നേതൃത്വം

താമരശ്ശേരി താമരശ്ശേരിയിൽ ചേർന്ന ഇൻഫാം താമരശ്ശേരി കാർഷിക ജില്ല ജനറൽബോഡിയിൽ വച്ച് ഇൻഫാം ദേശീയ രക്ഷാധികാരി അഭിവന്ദ്യ മാർ റെമിജിയോസ് പിതാവിന്റെ നേതൃത്വത്തിൽ 2025-27 വർഷത്തേക്കുള്ള പുതിയ ജില്ല ഭാരവാഹികളെ തിരഞ്ഞെടുത്തു.

ബ്രോണി നമ്പ്യാപറമ്പിൽ (പ്രസിഡൻറ്), മാർട്ടിൻ തെങ്ങുംതോട്ടത്തിൽ (സെക്രട്ടറി), രാജു ചോള്ളാമടത്തിൽ (ട്രഷറർ), ജോബി ഇലഞ്ഞിക്കൽ (വൈസ് പ്രസിഡൻറ്), ബോണി ജേക്കബ് (ജോയിന്റ് സെക്രട്ടറി) എക്സിക്യൂട്ടീവ് അംഗങ്ങൾ: അഗസ്റ്റിൻ പുളിക്കകണ്ടത്തിൽ, ജോൺ കുന്നത്തേട്ട്, ജോണി കളപ്പുര, റെജി പേഴത്തിങ്കൽ, മാത്യു തെരകം, ബേബി വട്ടുകുന്നേൽ, ജോണി മലപ്രവനാൽ, ലൈജു അരിപറമ്പിൽ, സെബാസ്റ്റ്യൻ പേഴത്തിങ്കൽ. വർദ്ധിച്ചുവരുന്ന വന്യ മൃഗ ആക്രമണങ്ങൾക്ക് എതിരെ ഗവൺമെന്റിന്റെ ഭാഗത്തു നിന്നുള്ള നിസ്സംഗതക്കെതിരെ യോഗം ശക്തമായ ഭാഷയിൽ പ്രതിഷേധംരേഖപ്പെടുത്തി . യോഗത്തിൽ താമരശ്ശേരി കാർഷിക ജില്ല ഡയറക്ടർ ഫാ. ജോസ് പെണ്ണാപറമ്പിൽ ഏവർക്കും സ്വാഗതം ആശംസിച്ചു. സെക്രട്ടറി ജോൺ കുന്നത്തേട്ട് 2024 -25 വർഷത്തെ വാർഷിക റിപ്പോർട്ട് അവതരിപ്പിച്ചു. അഗസ്റ്റിൻ പുളിക്കകണ്ടത്തിൽ അധ്യക്ഷനായിരുന്നു. നിയുക്ത പ്രസിഡൻറ് ബ്രോണി നമ്പ്യാപറമ്പിൽ നയപ്രഖ്യാപനം നടത്തി. യോഗത്തിൽ ഇൻഫാമിന്റെ കഴിഞ്ഞകാല പ്രവർത്തനങ്ങൾ വിലയിരുത്തുകയും ഭാവി പരിപാടികൾ ആസൂത്രണം ചെയ്യുകയും ചെയ്തു.

**ഇൻഫാം അംഗത്വ കാർഡ് വിതരണവും മെമ്പർഷിപ്പ് ക്യാമ്പയിനും**

ഇൻഫാം താമരശ്ശേരി കാർഷിക ജില്ലയുടെ അംഗത്വ കാർഡ് വിതരണവും മെമ്പർഷിപ്പ് ക്യാമ്പയിനും മാർച്ച് ഒന്നാം തീയതി രാവിലെ 10 മണിക്ക് താമരശ്ശേരി ബിഷപ്പ് ഹൗസിന് സമീപമുള്ള മാർ സെബാസ്റ്റ്യൻ മങ്കുഴിക്കരി ഓഡിറ്റോറിയത്തിൽ വച്ച് താമരശ്ശേരി രൂപതാ അധ്യക്ഷൻ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ ഉദ്ഘാടനം ചെയ്യുന്നു.

**ഫാ. ജോസ് പെണ്ണാപറമ്പിൽ**
ഡയറക്ടർ

## ബഥാനിയ ധ്യാനകേന്ദ്രം

*അവന്റെ മുറിവിനാൽ നിങ്ങൾ സൗഖ്യമുള്ളവരാക്കപ്പെട്ടിരിക്കുന്നു.* (1 പത്രോസ് 2:24)

### ധ്യാനങ്ങൾ

ഈ മാസം 14 മുതൽ 17 വരെയായിരുന്നു ബഥാനിയായിലെ താമസിച്ചുള്ള ധ്യാനം. തിരുനാളുകളുടെയും വിവാഹാഘോഷങ്ങളുടെയും തിരക്കിൽ നിന്നും മാറി ഈശോയുടെ പാദത്തിങ്കൽ ഇരുന്ന് ജീവിതത്തെ പരിശോധിച്ച് നോക്കുന്നതിനായി സമയം കണ്ടെത്തിയ നൂറിലധികം പേർ ഈ ധ്യാനത്തിനുണ്ടായി

രുന്നു. സഭയുടെ ഔദ്യോഗിക വിടുതൽ ശുശ്രൂഷ അധികാരത്തോടെയും അഭിഷേകത്തോടെയും നടത്തപ്പെടുന്ന ഈ ധ്യാനത്തിന്റെ പ്രത്യേകത മനസ്സിലാക്കി അനേകർ കുടുംബസമേതം ധ്യാനത്തിൽ പങ്കെടുക്കുകയുണ്ടായി. വെള്ളിയാഴ്ച വൈകുന്നേരം ആരംഭിച്ച ധ്യാനം തിങ്കളാഴ്ച ഉച്ചയ്ക്കാണ് സമാപിച്ചത്. ബഥാനിയ ഡയറക്ടർ ബഹുമാനപ്പെട്ട ഫാ. സെബാസ്റ്റ്യൻ പുളിക്കലാണ് ധ്യാനം നയിച്ചത്.

### ഏകദിന കൺവെൻഷൻ

ഫെബ്രുവരി മാസം എല്ലാ വെള്ളിയാഴ്ചകളിലും കൺവെൻഷനുകൾ നടന്നു. ദിവ്യകാരുണ്യമായി എഴുന്നള്ളിയിരിക്കുന്ന ഈശോയുടെ മുമ്പിൽ പ്രാർത്ഥനകൾ സമർപ്പിക്കുന്നവരേയും എല്ലാം മറന്ന് അവിടുത്തെ സുതിക്കുകയും ആരാധിക്കുകയും ചെയ്യുന്നവരേയും അന്നേദിവസം ബഥാനിയായിൽ കാണുകയുണ്ടായി. അനേകർ തങ്ങളുടെ ആത്മീയ ജീവിതം ശക്തിപ്പെടുത്തുന്നതിനായി ഒരുക്കത്തോടെ കുമ്പസാരിക്കുന്നതിനായും തീഷ്ണതയോടെ വി. കുർബാനയിൽ പങ്കെടുക്കുന്നതിനായും കടന്നുവരുന്നു.

ഫെബ്രുവരി 7-ാം തീയതി ആദ്യവെള്ളിയാഴ്ച ആവേമരിയ ഹാളിൽ നടന്ന ഏകദിന ശുശ്രൂഷയിൽ ആയിരങ്ങളാണ് പങ്കെടുത്തത്. ദിവ്യകാരുണ്യ ആരാധനയുടെ അവസാനം നടന്ന ദിവ്യകാരുണ്യ പ്രദക്ഷിണത്തിൽ ഈശോയുടെ ജറുസലേം പ്രവേശനത്തെ ഓർമ്മിപ്പിക്കുന്ന രീതിയിലാണ് ദൈവജനം ഓശാന വിളികളോടെ ഈശോയെ സ്വീകരിച്ചത്.

രാവിലെ 9 മണിക്ക് ആരംഭിക്കുന്ന കൺവെൻഷനിൽ വി. കുരിശിന്റെ വഴി, ജപമാല, സ്തുതി ആരാധന, ദിവ്യകാരുണ്യ പ്രദക്ഷിണം, ഡെലിവറൻസ് ശുശ്രൂഷ, വി. കുർബാന, വി. കുമ്പസാരം, വചനസന്ദേശം, സ്പിരിച്വൽ ഷെയറിങ്ങ് തുടങ്ങിയവ ഉണ്ടായിരുന്നു.

### വി. കുർബാനയും കുമ്പസാരവും

ഞായർ ഒഴികെ എല്ലാദിവസവും രാവിലെ 6 മണിക്കും ഉച്ചയ്ക്ക് 12 മണിക്കും വി. കുർബാനയുണ്ടായിരുന്നു. വി. കുമ്പസാരത്തിന് എല്ലാ ദിവസവും സൗകര്യമുണ്ടായിരുന്നു.

### സ്പിരിച്വൽ ഷെയറിങ്ങ്

ഞായർ ഒഴികെ എല്ലാദിവസവും മദ്ധ്യസ്ഥപ്രാർത്ഥന ഉണ്ടായിരുന്നു. ബഥാനിയായിലെ വിവിധ ചാപ്പലുകളിൽ നടക്കുന്ന ഈ പ്രാർത്ഥന നയിക്കുന്നത് പ്രത്യേകം തെരഞ്ഞെടുക്കപ്പെട്ട ശുശ്രൂഷകരാണ്.

### മാർച്ച് മാസത്തിലെ ശുശ്രൂഷകൾ

2 ഞായർ - വലിയ നോമ്പാരംഭം

7 ആദ്യവെള്ളി - ഏകദിന കൺവെൻഷൻ

14 വെള്ളി - ഏകദിന കൺവെൻഷൻ
ജീവിത വിശുദ്ധീകരണ ധ്യാനം

21 വെള്ളി - ഏകദിന കൺവെൻഷൻ

28 വെള്ളി - ഏകദിന കൺവെൻഷൻ

**ഫാ. സെബാസ്റ്റ്യൻ പുളിക്കൽ**
ഡയറക്ടർ, ബഥാനിയ ധ്യാനകേന്ദ്രം

# ലീഡർഷിപ്പ് ഡെവലപ്പിംഗ് സൊസൈറ്റി

പുതിയ അധ്യായന വർഷത്തേക്കുള്ള കോഴ്സുകളുടെ അഡ്മിഷന്റെ ഭാഗമായി സ്റ്റാഫുകൾക്കായി ട്രെയിനിങ് പ്രോഗ്രാം നടത്തി. എൽഡിഎസിന്റെ നേതൃത്വത്തിൽ കർണാടകയിൽ അഡ്മിഷൻ എടുത്ത വിദ്യാർത്ഥികളെ ഡയറക്ടർ ഫാ. സായി പാറൻകുളങ്ങര, മാനേജർ ഷിനോജ് പി സി, കൗൺസിലേഴ്സായ പ്രിൻസ് തോമസ്, സിൽജോ മാനുവൽ തുടങ്ങിയവർ സന്ദർശിച്ച് അക്കാദമിക് കാര്യങ്ങൾ വിലയിരുത്തി. ഷിമോഗ, ഉഡുപ്പി, വെളുത്തങ്ങാടി, മംഗലാപുരം , മൈസൂർ, മാണ്ട്യ, ബാംഗ്ലൂർ, ഹസൻ തുടങ്ങിയ നഴ്സിംഗ് കോളേജുകളിലാണ് സന്ദർശനം നടത്തിയത്. ഉഡുപ്പി ധന്വന്തരി കോളേജ് ഗ്രാജുവേഷൻ പ്രോഗ്രാമിലും, ഹസൻ രാജീവ് കോളേജ് ലാംലൈറ്റിംഗ് പ്രോഗ്രാമിലും ഡയറക്ടർ മുഖ്യാതിഥിയായി പങ്കെടുത്തു. കർണാടക നഴ്സിംഗ് എൻട്രൻസ് എക്സാമിനായി വിദ്യാർത്ഥികളെ സഹായിക്കുക എന്ന ലക്ഷ്യത്തോടെ കരിയർ കൗൺസിലിംഗ് പ്രോഗ്രാമുകളും നടത്തിവരുന്നു.

**പുതിയ അധ്യായന വർഷത്തേക്കുള്ള കോഴ്സുകളുടെ അഡ്മിഷന്റെ ഭാഗമായി സ്റ്റാഫുകൾക്കായി ട്രെയിനിങ് പ്രോഗ്രാം നടത്തി.**

എൽഡിഎസിന്റെ നേതൃത്വത്തിൽ കർണാടകയിൽ അഡ്മിഷൻ എടുത്ത വിദ്യാർത്ഥികളെ ഡയറക്ടർ ഫാ. തോമസ് പാറൻകുളങ്ങര, മാനേജർ ഷിനോജ് പി സി, കൗൺസിലേഴ്സായ പ്രിൻസ് തോമസ്, സിൽജോ മാനുവൽ തുടങ്ങിയവർ സന്ദർശിച്ച് അക്കാദമിക് കാര്യങ്ങൾ വിലയിരുത്തി. ഷിമോഗ, ഉഡുപ്പി, ബെൽത്തങ്ങടി, മംഗലാപുരം, മൈസൂർ, മാണ്ഡ്യ, ബാംഗ്ലൂർ, ഹസൻ എന്നിവിടങ്ങളിലെ നഴ്സിംഗ് കോളേജുകളിലാണ് സന്ദർശനം നടത്തിയത്.

ഉഡുപ്പി ധന്വന്തരി കോളേജ് ഗ്രാജുവേഷൻ പ്രോഗ്രാമിലും, ഹസൻ രാജീവ് കോളേജ് ലാം ലൈറ്റിംഗ് പ്രോഗ്രാമിലും ഡയറക്ടർ മുഖ്യാതിഥിയായി പങ്കെടുത്തു.

കർണാടക നഴ്സിംഗ് എൻട്രൻസ് എക്സാമിനായി വിദ്യാർത്ഥികളെ സഹായിക്കുകയെന്ന ലക്ഷ്യത്തോടെ കരിയർ കൗൺസിലിംഗ് പ്രോഗ്രാമുകളും നടത്തിവരുന്നു.

## മദർ തെരേസ ട്രെയിനിങ് സെന്റർ

സിഡിയുടെ സംരംഭമാണ് മദർ തെരേസ ട്രെയിനിങ് സെന്റർ. നൂറുകണക്കിന് വിദ്യാർത്ഥികൾക്ക് പരിശീലനം നൽകി വിദേശരാജ്യങ്ങളിൽ ജോലിയും ഉന്നത പഠനവും സാധ്യമാക്കി കൊണ്ടിരിക്കുന്നു.

OET, IELTS, GERMAN, PTE, CBT, MOH, HAAD, DHA, PROMATRIC തുടങ്ങിയവയുടെ ഓഫ്ലൈൻ ഓൺലൈൻ ക്ലാസുകൾ മിതമായ ഫീസ് നിരക്കിൽ നടത്തിവരുന്നു.

മികച്ച പഠനാന്തരീക്ഷം, പരിചയസമ്പന്നതയും ഉന്നത യോഗ്യതയുമുള്ള അധ്യാപകരുടെ നിസ്വാർത്ഥ സേവനം, വിദ്യാർത്ഥികൾക്ക് നൽകുന്ന വ്യക്തിഗത പരിശീലനം, നിലവാരമുള്ള പഠന സാമഗ്രികൾ, ലാംഗ്വേജ് ലാബ്, ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും സുരക്ഷിതമായ താമസസൗകര്യം, മികച്ച ഭക്ഷണം എന്നിവ ഈ സ്ഥാപനത്തെ മറ്റ് സ്ഥാപനങ്ങളിൽ നിന്ന് വേറിട്ട് നിർത്തുന്നു.

ബാംഗ്ലൂർ, മൈസൂർ, ഉഡുപ്പി, മംഗലാപുരം, ഹസ്സൻ, തുങ്കൂർ, എന്നിവിടങ്ങളിലെ 50ലേറെ കോളേജുകൾ സന്ദർശിച്ച് അവസാന വർഷ വിദ്യാർത്ഥികൾക്കായി വിദേശ ജോലി സാധ്യതകളെന്ന വിഷയത്തെ ആസ്പദമാക്കി സെമിനാർ സംഘടിപ്പിച്ചു. COD ഡയറക്ടർ ഫാ. തോമസ് പാറൻകുളങ്ങര, പി .സി ഷിനോജ്, സന്ദീപ് കളപ്പുരക്കൽ, പ്രിൻസ് തോമസ് എന്നിവർ നേതൃത്വം നൽകി.

ദീപിക ബാലസഖ്യം കോഴിക്കോട് പ്രവിശ്യയുമായി ചേർന്ന് റിപ്പബ്ലിക് ദിനത്തോട് അനുബന്ധിച്ച് ഹൈസ്കൂൾ വിദ്യാർഥികൾക്കായി ഇംഗ്ലീഷ്, മലയാളം പ്രസംഗ മത്സരം നടത്തി. 33 വിദ്യാർത്ഥികൾ പങ്കെടുത്തു. ഫാ. തോമസ് പാറൻകുളങ്ങര ഉദ്ഘാടനം ചെയ്തു. പുതുപ്പാടി പഞ്ചായത്ത് വൈസ് പ്രസിഡന്റ് ഷിജു ഐസക് സമ്മാനങ്ങൾ വിതരണം ചെയ്തു. അഡ്മിനിസ്ട്രേറ്റർ മാത്യു മേൽവെട്ടം, സന്ദീപ് കളപ്പുരക്കൽ, പ്രിൻസ് തോമസ്, ഷാനി ജോസഫ് എന്നിവർ നേതൃത്വം നൽകി.

**ഫാ. തോമസ് പാറൻകുളങ്ങര**
ഡയറക്ടർ

# വികസന വേദി

## Institute of Food and Agricultural Ethics (IFAE)

ധാർമിക മൂല്യങ്ങൾക്കനുസൃതമായി ഭക്ഷ്യ, കാർഷിക മേഖലകളിലെ പഠനങ്ങളും ഗവേഷണങ്ങളും പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടി താമരശ്ശേരി രൂപത തുടങ്ങിയ സംരംഭമാണ് IFAE.

www.ifaeindia.com, Mb: 9946646205, Kisan Bharath

IFAE യുടെ നേതൃത്വത്തിൽ തുടങ്ങിയ ഏറ്റവും പുതിയ സംവിധാനമാണ് കിസാൻഭാരത് എന്ന ഓൺലൈൻ മാർക്കറ്റിംഗ് പ്ലാറ്റ്ഫോം. കർഷകർക്ക് അവരുടെ ഉൽപ്പന്നങ്ങൾ ഇടനിലക്കാരില്ലാതെ വാങ്ങാനും വിൽക്കാനും ഈ വെബ് പോർട്ടലിലൂടെ സാധിക്കുന്നു. കൂടാതെ കാർഷിക പണിയായുധങ്ങൾ വാടകയ്ക്ക് എടുക്കാനും നൽകാനും കാർഷിക കാർഷികേതര ജോലികൾ കണ്ടെത്താനും നൽകാനും ഇതിലൂടെ സാധിക്കുന്നു. അതുപോലെതന്നെ ഭവന, ഭൂമി വസ്തുവകകളുടെ വാങ്ങൽ വിൽക്കൽ വാടക സംബന്ധമായ ഏതൊരു ആവശ്യങ്ങൾക്ക് വേണ്ടിയും ഈ പോർട്ടൽ പ്രയോജനപ്പെടുത്താവുന്നതാണ്. www.kisanbharath.com, Helpline- 9946646205

## Kisan Line

കർഷകർക്ക് ഏതൊരാവശ്യത്തിനും ബന്ധപ്പെടാവുന്ന ഹെൽപ്പ് ലൈൻ ടോൾഫ്രീ നമ്പർ സമ്പ്രദായമാണ് കിസാൻലൈൻ. ടോൾഫ്രീ നമ്പർ: 1800425377, www.kisanline.com

## Biodiversity Agricultural Nursery

IFAE യുടെ നേതൃത്വത്തിൽ ആരംഭിക്കുന്ന ഒരു സംരംഭമാണ് കാർഷിക നഴ്സറി. താമരശ്ശേരി ബിഷപ്പ് ഹൗസിനോട് ചേർന്നാണ് ഇത് സ്ഥിതി ചെയ്യുന്നത്. ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ അന്തിമ ഘട്ടത്തിലാണ്. ഇതിന്റെ ഭാഗമായി കർണാടകയിൽ വിവിധ നഴ്സറികൾ സന്ദർശിക്കുക ഉണ്ടായി.

## Post Graduate Diploma in Nutritional Counselling and Diet Therapy (PDNCDT):

IFAE യുടെ നേതൃത്വത്തിൽ ഒരു വർഷത്തെ ഓൺലൈൻ Post Graduate Diploma Course നടന്നുകൊണ്ടിരിക്കുന്നു. 95 കുട്ടികൾ ഇതിൽ സംബന്ധിച്ചു കൊണ്ടിരിക്കുന്നു.

# TAFCOS

സൊസൈറ്റിയിൽ SHG, ഗ്രൂപ്പ് വായ്പ, ഗോൾഡ് ലോൺ, ഗ്രൂപ്പ് ഡെപ്പോസിറ്റ് പദ്ധതികൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ വിവിധ ഇൻഷുറൻസ് കമ്പനികളുടെ കോർപ്പറേറ്റ് ഏജൻസിയായി പ്രവർത്തിക്കുന്നതിന് കേന്ദ്രസർക്കാർ സംവിധാനമായ IRDAI യിൽനിന്നും രജിസ്ട്രേഷൻ ലഭിക്കുന്നതിന് നടപടികൾ പൂർത്തിയായി വരുന്നു.

കർഷകരിൽ നിന്നും കാർഷിക ഉൽപ്പന്നങ്ങൾ ശേഖരിച്ച് മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കി വിദേശ കയറ്റുമതിക്കുള്ള പദ്ധതികൾ തയ്യാറാക്കി സഹകരണ സംഘം രജിസ്ട്രാറുടെ അംഗീകാരത്തിന് സമർപ്പിക്കാനുള്ള പ്രവർത്തനവും നടത്തിവരുന്നു.

ബാങ്കിങ് സേവനങ്ങൾക്കായി ICICI ബാങ്കുമായി ചേർന്ന് ടാഫ്കോസിന്റെ മൊബൈൽ ആപ്പും ഇടപാടുകാർക്ക് ലഭ്യമാക്കിയിട്ടുണ്ട്. ഇടപാടുകാരുടെ സൗകര്യാർത്ഥം സൊസൈറ്റിയിൽ സേഫ് ഡെപ്പോസിറ്റ് ലോക്കർ സംവിധാനം ആരംഭിച്ചിട്ടുണ്ട്.

കർഷകരെ സഹായിക്കുന്നതിനുള്ള സംവിധാനമായ ഫാർമേഴ്സ് പ്രൊഡ്യൂസേഴ്സ് ഓർഗനൈസേഷന് പദ്ധതി ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട ഇടപെടലുകൾ നടത്തിവരുന്നു. ഓഫീസ് ഫോൺ: 62829 14112.

# PILGRIMAGE

താമരശ്ശേരി രൂപതയുടെ നേതൃത്വത്തിലുള്ള തീർത്ഥയാത്രകൾ വിജയകരമായി നടത്തിവരുന്നു. വൈദികരുടെ ആത്മീയ നേതൃത്വം, യാത്രയ്ക്ക് ഒരുക്കമായുള്ള മീറ്റിംഗുകൾ, പരിചയസമ്പന്നരായ ടൂർ ഗൈഡുകളുടെ സേവനം എന്നിവ ഉറപ്പുവരുത്തുന്നു.

സെപ്റ്റംബർ മാസത്തിൽ യേശു ജനിച്ചു ജീവിച്ച നാട്ടിലേക്ക് തീർത്ഥയാത്ര നടത്തി. ഒക്ടോബർ മാസത്തിൽ യൂറോപ്പ് യാത്ര സംഘടിപ്പിച്ചു. മാർപാപ്പയെ നേരിൽ കാണുവാനുള്ള സുവർണ്ണാവസരം ലഭിച്ചു. നവംബർ, ഡിസംബർ മാസങ്ങളിൽ ഗോവയാത്ര നടത്തി. വിശുദ്ധ ഫ്രാൻസിസ് സേവ്യറുടെ പൂജ്യശരീരം ദർശിക്കുവാൻ സാധിച്ചു.

2025 വർഷത്തെ വിശുദ്ധനാട് തീർത്ഥയാത്ര (ഏപ്രിൽ 22), ജൂബിലി വർഷത്തിൽ റോം സന്ദർശിക്കുവാനും മാർപാപ്പയെ കാണുവാനും സുവർണ്ണ അവസരം ഒരുക്കുന്ന യൂറോപ്പ് തീർത്ഥയാത്ര (മെയ്19), ഡൽഹി ആഗ്ര അമൃതസർ

യാത്ര (ഏപ്രിൽ 24), ഗോവയാത്ര (ഏപ്രിൽ 25) എന്നിവയ്ക്കുള്ള ഒരുക്കങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. ഗോവയാത്ര ബുക്കിംഗ് അവസാനിച്ചു. മറ്റ് യാത്രകൾക്ക് ഏതാനും സീറ്റുകൾ ബാക്കിയുണ്ട്.

യാത്രകളിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ യാത്രയുടെ പേര്, വ്യക്തികളുടെ പേര്, വീട്ടുപേര്, സ്ഥലം, വാട്സ്ആപ്പ് നമ്പർ എന്നിവ താഴെ കൊടുത്തിരിക്കുന്ന നമ്പറിലേക്ക് അയച്ച് ബുക്ക് ചെയ്യുക, Ph: 9544285018.

**ഫാ. തോമസ് പാറൻകുളങ്ങര**
ഡയറക്ടർ, വികസനവേദി



# യേശുനിധി

2025 ജനുവരി മാസത്തിൽ യേശുനിധിയിൽ നിന്ന് വിവിധ ആവശ്യങ്ങൾക്കായി നല്കിയ ഇടവകയും താഴെ ചേർക്കുന്നു.

**Education**

| | | |
|---|---|---|
| 1 | Engapuzha | 10,000.00 |
| 2 | Kattipara | 8,000.00 |
| 3 | Koorachundu | 15,000.00 |
| 4 | Kuppayakode | 10,000.00 |
| 5 | Pushpagiri | 10,000.00 |
| 6 | Thottumukkam | 10,000.00 |

**Home**

| | | |
|---|---|---|
| 7 | Koorachundu | 10,000.00 |
| 8 | Padathukadave | 15,000.00 |
| 9 | Pushpagiri | 15,000.00 |

**Marriage**

| | | |
|---|---|---|
| 10 | Abhayagiri | 20,000.00 |
| 11 | Manjuvayal | 20,000.00 |

**Medical**

| | | |
|---|---|---|
| 12 | Kakkavayal | 10,000.00 |
| 13 | Kakkayam | 10,000.00 |
| 14 | Kallanode | 15,000.00 |
| 15 | Kannoth | 10,000.00 |
| 16 | Mailellampara | 7,000.00 |
| 17 | Mailellampara | 5,000.00 |
| 18 | Manjakunnu | 8,000.00 |
| 19 | Manjumala | 8,000.00 |
| 20 | Muthukad | 10,000.00 |
| 21 | Nooramthode | 15,000.00 |
| 22 | Panamplave | 8,000.00 |
| 23 | Pulloorampara | 40,000.00 |
| 24 | Thiruvambady | 5,000.00 |
| 25 | Thiruvambady | 15,000.00 |
| 26 | Thottumukkam | 15,000.00 |
| 27 | Thottumukkam | 15,000.00 |
| 28 | Vettilappara | 12,000.00 |
| | **Total** | **3,51,000.00** |

**ഫാ. കുര്യാക്കോസ് മുകാല**
ഫിനാൻസ് ഓഫീസർ

# അജപാലനക്കുറിപ്പുകൾ

## ഫെബ്രുവരി

01 രാവിലെ, തൃശ്ശൂർ അതിരൂപതയിൽ വടക്കഞ്ചേരി ഇടവകയിൽ ഒരു വിവാഹം ആശീർവദിച്ചു.

ഉച്ചകഴിഞ്ഞ്, കുന്ദമംഗലം ഇടവകയിലെ ഒരു കുടുംബത്തിലെ നാലാമത്തെ കുഞ്ഞിന് പ്രാരംഭ കൂദാശകൾ നല്കി.

വൈകുന്നേരം, കുന്ദമംഗലം ഇടവകയിൽ അജപാലന സന്ദർശനത്തോടനുബന്ധിച്ച് രോഗികളായവരെ അവരുടെ ഭവനങ്ങളിൽ സന്ദർശിച്ചു.

01 – 02 കുന്ദമംഗലം ഇടവകയിൽ അജപാലന സന്ദർശനം നടത്തി.

02 വൈകുന്നേരം, അമലാപുരി ഇടവകയിൽ ഇടവക തിരുന്നാളിനോടനുബന്ധിച്ച് വി. കുർബ്ബാന അർപ്പിച്ചു.

03 രാവിലെ, കടലുണ്ടി ഇടവകയിൽ, ഹോളി ഫാമിലി സന്യാസിനി ഭവനസ്ഥാപനത്തിന്റെ സുവർണ്ണ ജൂബിലിയോടനുബന്ധിച്ച് വി. കുർബ്ബാന അർപ്പിച്ചു.

വൈകുന്നേരം, തിരൂർ ഫാത്തിമ മാതാ ഹയർസെക്കണ്ടറി സ്കൂൾ സ്ഥാപനത്തിന്റെ സുവർണ്ണ ജൂബിലിയോടനുബന്ധിച്ച് വാർഷികാഘോഷങ്ങളിൽ പങ്കെടുത്തു.

04 രാവിലെ, കോരങ്ങാട് എസ്.എം.എം.ഐ. സന്യാസിനി ഭവന കപ്പേളയിൽ ദിവ്യബലിയർപ്പിക്കുകയും, സുപ്പീരിയർ ജനറൽ സി. മാർട്ടിന ഫ്രാൻസിസുമായി കൂടിക്കാഴ്ച നടത്തുകയും ചെയ്തു.

രൂപതാഭവനിൽ കൂടിയ രൂപതാ ഉപദേശക സമിതി സമ്മേളന ത്തിൽ ആദ്ധ്യക്ഷം വഹിച്ചു.

ഉച്ചകഴിഞ്ഞ്, രൂപതാഭവനിൽ, രൂപതയിലെ സന്യാസിനി സമൂഹ ങ്ങളുടെ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്ന എഫ്.എസ്.റ്റി. നിർവ്വാഹക സമ്മേളനത്തിൽ സംബന്ധിച്ചു.

വൈകുന്നേരം കൂടത്തായിയിൽ ഫാ. ജോർജ്ജ് പടന്നമാക്കൽ സി.എം.ഐ. അച്ചന്റെ പൗരോഹിത്യ സ്വീകരണത്തിന്റെ സുവർണ്ണ ജൂബിലി ആഘോഷങ്ങളിൽ പങ്കെടുത്തു.

05 രാവിലെ, പുന്നയ്ക്കൽ ഇടവകയിൽ ബഹുമാനപ്പെട്ട സി. ജോസഫിൻ എസ്.എസ്.എം.ന്റെയും സി. മേഴ്സി എസ്.എ.ബി. എസ്സിന്റെയും

വ്രതവാഗ്ദാനത്തിന്റെ സുവർണ്ണ ജൂബിലിയോടനു ബന്ധിച്ച് വി. കുർബ്ബാന അർപ്പിക്കുകയും ജൂബിലി ആഘോഷ ങ്ങളിൽ പങ്കെടുക്കുകയും ചെയ്തു.

വൈകുന്നേരം, രൂപതാഭവനിൽ വെച്ച് ചേർന്ന ആൽഫ ട്രസ്റ്റ് ഭരണസമിതി യോഗത്തിൽ പങ്കെടുത്തു.

06 രാവിലെ, ചക്കിട്ടപാറ ഇടവകയിലെ ഒരു കുടുംബത്തിലെ നാലാമത്തെ കുഞ്ഞിന് പ്രാരംഭ കൂദാശകൾ നല്കി.

വൈകുന്നേരം, അൽഫോൻസ എഡ്യുക്കേഷണൽ ട്രസ്റ്റ് ഭരണസമിതി യോഗത്തിൽ പങ്കെടുത്തു.

07 പി.എം.ഒ.സി.യിൽ പ്രീ കാന കോഴ്സിൽ സംബന്ധിക്കുന്ന വർക്കുവേണ്ടി വി. കുർബ്ബാന അർപ്പിക്കുകയും ക്ലാസ്സെടുക്കുകയും ചെയ്തു.

വൈകുന്നേരം, ഈസ്റ്റ് ഹിൽ ഇടവകയിൽ ദൈവാലയത്തോട് ചേർന്ന് വാങ്ങിയ സ്ഥലം സന്ദർശിച്ച് ആശീർവദിച്ചു.

തിരൂർ ഇടവകയിൽ ഇടവകസ്ഥാപനത്തിന്റെ സുവർണ്ണ ജൂബിലി യോടനുബന്ധിച്ച് വി. കുർബ്ബാന അർപ്പിക്കുകയും ജൂബിലി ആഘോഷങ്ങളിൽ പങ്കെടുക്കുകയും ചെയ്തു.

08 രാവിലെ, ബഥാനിയായിൽ, താമരശ്ശേരി രൂപത കോർപ്പറേറ്റ് എഡ്യുക്കേഷൻ ഏജൻസി സ്കൂളുകളിൽ നിന്ന് വിരമിക്കുന്ന അദ്ധ്യാപക – അനദ്ധ്യാപകർക്ക് നല്കുന്ന യാത്രയയപ്പ് സമ്മേള നവും അദ്ധ്യാപക സംഗമവും ഉദ്ഘാടനം ചെയ്തു.

ഉച്ചകഴിഞ്ഞ്, ചേവായൂർ ഇടവകയിൽ ഒരു വിവാഹം ആശീർ വദിച്ചു.

09 രാവിലെ, പോപ്പ് ജോൺ പോൾ ഇൻസ്റ്റിറ്റ്യൂട്ട് കെട്ടിടത്തിന്റെ മുകളിൽ തയ്യാറാക്കിയ സമ്മേളനശാല വെഞ്ചരിക്കുകയും പുതിയ സൗരോർജ്ജ സംവിധാനത്തിന്റെ ഉദ്ഘാടനം നിർവ്വഹിക്കുകയും ചെയ്തു.

വൈകുന്നേരം, ബാലുശ്ശേരി ഇടവക നടത്തിയ ഫുഡ് ഫെസ്റ്റ് ഉദ്ഘാടനം ചെയ്തു.

10 രാവിലെ, കുപ്പായക്കോട് ഇടവകയിൽ എം.എസ്.എം.ഐ. സന്യാസിനി ഭവന കപ്പേളയുടെ പുതുതായി തയ്യാറാക്കിയ അൾത്താര കൂദാശ ചെയ്തു.

12 രാവിലെ, കാഞ്ഞിരപ്പള്ളി പാറത്തോട് മലനാട് ഓഡിറ്റോറിയ ത്തിൽ നടന്ന ഇൻഫാം കേരള സംസ്ഥാന അസംബ്ളി ഉദ്ഘാട നം ചെയ്തു.

13 രാവിലെ, രൂപതാഭവനിൽ ഒയാസിസ് ഭരണ സമിതി യോഗ ത്തിൽ സംബന്ധിച്ചു.

വൈകുന്നേരം, മുക്കം തൊണ്ടിമ്മൽ സി.എം.സി. സന്യാസിനി സഹോദരിമാരുടെ നേതൃത്വത്തിൽ നടത്തുന്ന സാൻജോ പ്രതീക്ഷാഭവൻ സ്കൂളിന്റെ രജത ജൂബിലി വാർഷികാഘോ ഷങ്ങൾ ഉദ്ഘാടനം ചെയ്തു.

14 വൈകുന്നേരം, കണ്ണോത്ത് സെന്റ് ആന്റണീസ് എൽ.പി. സ്കൂളിന്റെ പ്ലാറ്റിനം ജൂബിലി ആഘോഷങ്ങൾക്ക് ആദ്ധ്യക്ഷം വഹിച്ചു.

15 രാവിലെ, എം.എം.പി.സി. യിൽ സമ്മേളിച്ച എ.കെ.സി.സി. രൂപതാ സമിതിയുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച 'Deborah Meet 2k25 – Womens' Council' സമ്മേളനം ഉദ്ഘാടനം ചെയ്തു.

വൈകുന്നേരം, പള്ളിക്കുന്ന് ലൂർദ്ദ് മാതാവിന്റെ നാമത്തിലുള്ള ഇടവകയിൽ തിരുന്നാളിനോടനുബന്ധിച്ച് വി. കുർബ്ബാന അർപ്പിച്ചു.

16 കുളത്തുവയൽ ഇടവകയിൽ അജപാലന സന്ദർശനം നടത്തി.

17 മരുതോങ്കര ഇടവകയിലെ ഒരു കുടുംബത്തിലെ അഞ്ചാമത്തെ കുഞ്ഞിന് പ്രാരംഭ കൂദാശകൾ നല്കി.

ഉച്ചയ്ക്ക്, കോടഞ്ചേരിയിൽ സി.ഒ.ഡി. യുടെ പുതിയ ഏരിയ ഓഫീസ് വെഞ്ചരിച്ചു.

വൈകുന്നേരം, നൂറാംതോട് ഇടവകയിൽ പുതുതായി നിർമ്മിച്ച, പരി. കന്യകാമറിയത്തിന്റെ നാമത്തിലുള്ള കപ്പേള വെഞ്ചരിച്ചു.

ആനിക്കാംപൊയിൽ ഇടവകയിൽ ബഹു. കുര്യാക്കോസ് ചേംബ്ലാനി അച്ചന്റെ സഹോദരൻ പരേതനായ ശ്രീ. അപ്പച്ചൻ ചേംബ്ലാനിയുടെ ഭവനത്തിൽ ചെന്ന് ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

18 രാവിലെ, മാവൂർ ഇടവകയിൽ ഐ.എം.എ. സന്യാസി സമൂഹ ത്തിന്റെ പുതിയ കപ്പേള കൂദാശ ചെയ്ത് ഭവനം വെഞ്ചരിച്ചു.

വൈകുന്നേരം, സനാതന എം.സി.ബി.എസ്. മേജർ സെമിനാ രിയിൽ ബഹു. റെക്ടർ ഡെന്നീസ് പട്ടേരുപറമ്പിൽ അച്ചന്റെ രജത ജൂബിലി ആഘോഷ ങ്ങളിൽ പങ്കെടുത്തു.

19 രാവിലെ, ചേവരമ്പലം ക്രിസ്തുദാസി ജനറലേറ്റിൽ ഏതാനും സന്യാസിനികളുടെ വ്രതവാഗ്ദാന രജത ജൂബിലിയോടനു ബന്ധിച്ച് വി. കുർബ്ബാന അർപ്പിക്കുകയും തുടർന്നുള്ള ജൂബിലി ആഘോഷങ്ങളിൽ പങ്കെടുക്കുകയും ചെയ്തു.

20 വൈകുന്നേരം, പി.എം.ഒ.സി.യിൽ മലബാർ വിഷൻ ഭരണസമിതി യോഗത്തിൽ സംബന്ധിച്ചു.

പോപ്പ് ജോൺ പോൾ ഇൻസ്റ്റിറ്റ്യൂട്ടിൽ ഭരണസമിതി യോഗത്തിൽ സംബന്ധിച്ചു.

21 വൈകുന്നേരം, പുതുപ്പാടി ഫിലിപ്പ് നേരി ജനറലേറ്റിൽ സന്യാസിനികൾക്ക് ക്ലാസ്സെടുത്തു.

22 രാവിലെ, ചക്കിട്ടപാറ ഇടവകയിലെ ഒരു കുടുംബത്തിലെ നാലാമത്തെ കുഞ്ഞിന് പ്രാരംഭ കൂദാശകൾ നല്കി.

മരുതോങ്കര ഇടവകയിൽ, പരേതനായ കട്ടക്കയം ജോർജ്ജിന്റെ ഒന്നാം ചരമ വാർഷികത്തോടനുബന്ധിച്ച് വി. കുർബ്ബാന അർപ്പിച്ചു.

വൈകുന്നേരം, പുല്ലൂരാംപാറയിൽ ഒന്നാമത് അഖിലകേരള വോളിബോൾ ടൂർണമെന്റ് ഉദ്ഘാടനം ചെയ്തു.

23 വേനപ്പാറ ഇടവകയിൽ അജപാലന സന്ദർശനം നടത്തി.

വൈകുന്നേരം, ഊരകം ഇടവകയിൽ പുതുതായി നിർമ്മിച്ച ഫാത്തിമ മാതാവിന്റെ നാമത്തിലുള്ള ഗ്രോട്ടോ വെഞ്ചരിച്ചു.

ഊരകം അൽഫോൻസ സ്കൂൾ വാർഷികാഘോഷങ്ങളിൽ ആദ്ധ്യക്ഷം വഹിച്ചു.

24 രാവിലെ, വെറ്റിലപ്പാറ ഇടവകയിൽ, പരേതനായ പിതാവ് സി. എ. പോൾ ഇഞ്ചനാനിയിലിന്റെ ഓർമ്മദിനത്തിൽ വി. കുർബ്ബാന അർപ്പിച്ചു.

ഊരകം അൽഫോൻസ സ്കൂളിൽ പുതിയ പ്ലസ് ടു കെട്ടിട ത്തിന്റെ ഉദ്ഘാടനത്തിൽ, സീറോ മലബാർ സഭ മേജർ ആർച്ച് ബിഷപ് റാഫേൽ തട്ടിൽ പിതാവിനോടൊപ്പം ഉദ്ഘാടന പരിപാടികളിൽ പങ്കെടുത്തു.

വൈകുന്നേരം, പശുക്കടവ് ഇടവകയിൽ, മരുതോങ്കര ഫൊറോന ബൈബിൾ കൺവെൻഷൻ ഉദ്ഘാടനം ചെയ്ത് വി. കുർബ്ബാന അർപ്പിച്ചു.

25 വൈകുന്നേരം, കോടഞ്ചേരിയിൽ സെന്റ് ജോസഫ് എൽ.പി. സ്കൂളിന്റെ പ്ലാറ്റിനം ജൂബിലി വാർഷികാഘോഷങ്ങൾ ഉദ്ഘാ ടനം ചെയ്തു.


26 രാവിലെ, ബത്തേരിയിൽ സെന്റ് തോമസ് കത്തീഡ്രൽ ദൈവാല യത്തിൽ, സിസ്റ്റേഴ്സ് ഓഫ് ഇമിറ്റേഷൻ ഓഫ് ക്രൈസ്റ്റ് സന്യാസിനി സമൂഹ സ്ഥാപനത്തിന്റെ നൂറാം വാർഷികത്തോട നുബന്ധിച്ച് അഭിവന്ദ്യ പിതാക്കന്മാരോടൊപ്പം വി. കുർബ്ബാന അർപ്പിക്കുകയും തുടർന്നു നടന്ന സമ്മേളനത്തിൽ സന്ദേശം നൽകുകയും ചെയ്തു.

വൈകുന്നേരം, കരുവാരക്കുണ്ട് ഇടവകയിൽ ഒരു കുട്ടിക്ക് വി. കുർബ്ബാന നല്കി.

27 രാവിലെ, ചേവായൂർ ഇടവകയിലെ ഒരു കുടുംബത്തിലെ നാലാമത്തെ കുഞ്ഞിന് പ്രാരംഭ കൂദാശകൾ നല്കി.

കുന്ദമംഗലം, സേക്രഡ് ഹാർട്ട് നാഷണൽ സ്കൂൾ പന്ത്രണ്ടാം വാർഷിക സമ്മേളനം ഉദ്ഘാടനം ചെയ്തു.

28 വൈകുന്നേരം, രൂപതാ ഭവനിൽ കൂടിയ ഫൈനാൻസ് കൗൺ സിൽ മീറ്റിങ്ങിൽ സംബന്ധിച്ചു.





## POPE FRANCIS

### ENCYCLICAL LETTER

### *DILEXIT NOS,* No. 10



“The issues raised by today’s liquid society are much discussed, but this depreciation of the deep core of our humanity – the heart – has a much longer history. We find it already present in Hellenic and pre-Christian rationalism, in post-Christian idealism and in materialism in its various guises. The heart has been ignored in anthropology, and the great philosophical tradition finds it a foreign notion, preferring other concepts such as reason, will or freedom. The very meaning of the term is imprecise and hard to situate within our human experience. Perhaps this is due to the difficulty of treating it as a “clear and distinct idea”, or because it entails the question of self-understanding, where the deepest part of us is also that which is least known. Even encountering others does not necessarily prove to be a way of encountering ourselves, inasmuch as our thought patterns are dominated by an unhealthy individualism. Many people feel safer constructing their systems of thought in the more readily controllable domain of intelligence and will. The failure to make room for the heart, as distinct from our human powers and passions viewed in isolation from one another, has resulted in a stunting of the idea of a personal centre, in which love, in the end, is the one reality that can unify all the others.”

# THAMARAMOTTUKAL

Registered with Registrar of Newspapers of India.
| RNI NO. 71212/99 | Date of Publication : 28-02-2025 |



Printed & Published by Fr. Abraham Kavilpurayidathil, on behalf of Chancellor, Diocese of Thamarassery, Bishop's House, P.B. No. 1, Thamarassery P.O., Kozhikode - 673 573. Printed at Alphonsa Offset Press, Near Cathedral Thamarassery P.O., Kozhikode - 673 573 and published at Thamarassery. Editor : Fr. Abraham Kavilpurayidathil, Thamaramottukal Monthly, Volume 27, issue 03, March 2025, Pages 83.